

# സത്യദൂതൻ

2021 ജൂൺ – ആഗസ്റ്റ്
ലക്കം 06 – 08
വില ₹ 30

## ദൈവാസ്തിക്യം: അനുഭവ യഥാർത്ഥ്യങ്ങൾ

## അഫ്ഘാനിസ്ഥാൻ താലീബാൻ തിരിച്ചു പിടിക്കുമ്പോൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages




**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2021 ജൂൺ - ആഗസ്റ്റ്
ഹി.ശ.1401- എഹ്സാൻ- സുഹൂർ
1442 ദുൽഹജ്ജ് - 1443 മുഹറം
പുസ്തകം 93 ലക്കം 6-8
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
അഭിമുഖം
**ദൈവാസ്തിക്യം: അനുഭവ യഥാർത്ഥ്യങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നായകൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദുമായി (അയ്യദഹു..) റിവ്യൂ ഓഫ് റിലീജ്യൻസ് പ്രതിനിധി അമർ സഫീർ സാഹിബ് നടത്തിയ അഭിമുഖം.

**13**
**വെളിപാടുകൾ നിഷേധിക്കുന്ന കാലം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**16**
**സ്വർഗ്ഗത്തിൽ കർമ്മം ചെയ്യണമോ?**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**18**
**പർദ്ദയും വിമർശകന്മാരും**
ബി ബി അഹമദ് കബീർ

**20**
സമുദ്രശാസ്ത്രം - 2
**ജലത്തിന്റെ അതുല്യ വിശേഷങ്ങൾ**
എ.എം. മുഹമ്മദ് സലീം

**24**
ഭാഗം - 18
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**29**
ജോർദാൻ ഒരു ചരിത്ര ഭൂമി - 6
**ജോർദ്ദാനോട് വിട**
എ. ക്യു. മഹ്ദി

**32**
നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു - 7
**മഹാവിസ്ഫോടനവും വിശുദ്ധ ഖുർആനും**
സബാഹത്ത് അലി രജ്പുത്

**36**
കുറിപ്പുകൾ
**അഫ്ഘാനിസ്ഥാൻ താലീബാൻ തിരിച്ചു പിടിക്കുമ്പോൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതരേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ. (7:70)



## നബിവചനം

അനസ് (റ) നിവേദനം: ഉഹ്ദ് യുദ്ധ ദിവസം തിരുമേനി(സ)യുടെ ശിരസിൽ മുറിവേൽക്കുക യുണ്ടായി. അവിടുന്ന് അരുളി. തങ്ങളുടെ നബിയെ മുറിവേൽപ്പിച്ച ഒരു ജനത എങ്ങനെ വിജയം പ്രാപിക്കാനാണ്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



**ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ**

(സാഹിബ് സാദാ അബ്ദുൾ ലത്വീഫിന്റെ(റ) വധത്തോടുള്ള വാഗ്ദത്ത മസീഹിന്റെ പ്രതി കരണം)

ഈ കൊല വലുതായ കരുണയില്ലായ്മയോടെയാണ് നടത്തപ്പെട്ടത്. ആകാശത്തിന്ന് കീഴിൽ ഇക്കാലത്ത് ഇത്തരം ഒരു കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ കഷ്ടം അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്. ഒരു പരമ നിരപരാധിയായ ഒരാളെ അസാധാരണമായ നിർഭയത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായിരിക്കുക യാണ്! ഓ കാബൂൾ ഭൂവേ, നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടുംപാതകം നടത്തപ്പെട്ടത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ ദൈവ ദൃഷ്ടിയിൽ നീ തരംതാണു പോയിരിക്കുന്നു. ഈ മഹാ പാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമാണല്ലോ. ( റൂഹാനി ഖസായിൻ 20 ഭാ. 74)

എഡിറ്റോറിയൽ

# തീവ്രവാദം ഒരു സാമൂഹിക വിപത്ത്

ധാർമികമായും ആത്മീയമായും പോഷിപ്പിക്കപ്പെടാത്ത മനുഷ്യരും സമൂഹങ്ങളും എളുപ്പത്തിൽ വികാരങ്ങൾക്കടിമപ്പെടുന്നു. സ്ഥിതപ്രജ്ഞമായ മധ്യമ മാർഗ്ഗം വിട്ട് തീവ്രതയുടെ ധ്രുവങ്ങളിലേക്ക് ഇത് മനുഷ്യനെ ആന്ദോളനം ചെയ്യിക്കുന്നു. ഇസ്‌ലാം മതം ജനാധിപത്യത്തിന്ന് ഏറ്റവും അഭികാമ്യമായ മിതത്വത്തിന്റെ മതമാണ്. അടക്കത്തിലും അനക്കത്തിലുമെല്ലാം മിതത്വം പാലിക്കാനാണ് ഖുർആന്റെ ആഹ്വാനം. തീവ്ര നിലപാടുകൾ ഇസ്‌ലാമിന്റെ മാർഗ്ഗമല്ല.

**നിന്റെ നടപ്പിൽ മിതത്വം കൈകൊള്ളുക. നിന്റെ ശബ്ദം അൽപ്പം താഴ്ത്തുക (31:2)**

ഇന്ന് നമ്മുടെ സമൂഹം പ്രക്ഷുബ്ദവും സംഘർഷാത്മകവുമാണ്. മൂല്യങ്ങളോടും വിവേകത്തോടുമുള്ള പ്രതിബദ്ധതയേക്കാൾ മനുഷ്യരുടെ പ്രതികരണങ്ങളിൽ നിഴലിക്കുന്നത് വികാര ശമനത്തിന്റെ ക്ഷോഭ പ്രകടനങ്ങളാണ്. മത സംഘടനകളും രാഷ്ട്രീയ പാർട്ടികളുടെയുമെല്ലാം ശൈലി തീവ്രമായ പ്രവർത്തികളും മൂർച്ചയേറിയ വാക്കുകളുമാണ്. ബുദ്ധിക്കും യുക്തിക്കും വിവേക പൂർണ്ണമായ ചിന്തകൾക്കും മനുഷ്യനെ ചലനം കൊള്ളിക്കാൻ സാദ്ധ്യമല്ല എന്ന് ഈ വികാര ജീവികൾ കരുതുന്നു. മാതൃകാപരമായ കർമ്മം കൊണ്ടോ വിവേകപൂർണ്ണമായ വാക്കുകൾ കൊണ്ടോ ധൈഷണികമായ സംവാദങ്ങൾ കൊണ്ടോ മനുഷ്യനെ ആകർഷിക്കാനുള്ള യാതൊരു വിഭവവുമില്ലാത്ത ശൂന്യപാത്രങ്ങളാണ് ഒച്ചവെച്ച് സാന്നിദ്ധ്യമറിയിക്കുകയും ഭീഷണിയും അക്രമണവും തീവ്രവാദവും കൊണ്ട് ലക്ഷ്യം നേടാൻ ശ്രമിക്കുകയും ചെയ്യുന്നത്. മിതത്വവും യുക്തിപൂർണ്ണമായ സമീപനങ്ങളും ബലഹീനതയായി അവർ ഗണിക്കുന്നു. നമ്മുടെ പൊതു സമൂഹം ഇത്തരം പ്രവണതകൾക്ക് അതിശീഘ്രം വിധേയപ്പെട്ടു കൊണ്ടിരിക്കുകയാണ്. മിതത്വവും മധ്യവർത്തിത്വവുമാണ് മത സംസ്കാരത്തിന് നിദാനമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു;


**ഗ്രന്ഥാനുസാരികളെ നിങ്ങൾ നിങ്ങളുടെ മതകാര്യങ്ങളിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. (4:172)**

മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ചൈതന്യവും പകരുന്ന വികാരം എന്ന ഗുണം നൈസർഗ്ഗികവും അതേസമയം സർഗ്ഗാത്മകവുമായ ഒരു സ്വഭാവ ഗുണമാണ്. നന്മയിലേക്ക് ചായ്‌വുള്ളതായിട്ടാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. അത് കൊണ്ടാണ് മതവിശ്വാസിയാകട്ടെ മതവിശ്വാസമില്ലാത്തവനാകട്ടെ എല്ലാ മനുഷ്യരും മനസ്സാക്ഷിയിൽ നന്മയെ ഉപാസിക്കുന്നത്. വിവേചന ബുദ്ധിയാണ് അതിനെ ധാർമിക ഗുണമാക്കി മാറ്റുന്നത് അഥവാ നന്മയും തിന്മയുമാക്കി മാറ്റുന്നത്. അത് കൊണ്ടാണ് എല്ലാ മതങ്ങളും വികാരങ്ങളെ മെരുക്കിയെടുക്കാനും ആത്മനിയന്ത്രണത്തിനുമുള്ള നിരവധി അദ്ധ്യാപനങ്ങളും കർമ്മപദ്ധതികളും മനുഷ്യനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്. ഭൗതിക പ്രസ്ഥാനങ്ങൾക്ക് ഒരു പക്ഷേ ഇത്തരത്തിലുള്ള ശക്തമായ ധാർമിക ശിക്ഷണ കേന്ദ്രങ്ങളൊന്നുമില്ല. എങ്കിലും മത വിശ്വാസികളുടെ വികാരം വ്രണപ്പെട്ടാൽ മറ്റെല്ലാവരെക്കാളും അവൻ ഏറ്റവും സംഹാരാത്മകമായി പ്രതികരിക്കുന്നു എന്നത് ഒരു വിരോധാഭാസമാണ്. അക്രമവും ഹിംസയും സ്വന്തം പ്രത്യയ ശാസ്ത്രത്തിന്റെ ഭാഗമായിക്കാണുന്ന ഭൗതിക പ്രസ്ഥാനങ്ങൾക്ക് തീവ്രവാദവും വിപ്ലവ പ്രവർത്തനവും അനുവദനീയവും ചിലപ്പോൾ അനുപേക്ഷണീയവുമാണ്. മനസ്സാക്ഷിയുടെ ബലമല്ലാതെ ഈ പ്രസ്ഥാനങ്ങൾക്ക് മനുഷ്യന്റെ ആത്മ സംസ്ക്കരണത്തിന്ന് വേണ്ടി യാതൊന്നും സമർപ്പിക്കാനില്ല.

എന്നാൽ മതവിശ്വാസികൾ മതം അനുശാസിച്ച ഈ മദ്ധ്യമ നിലപാട് കൈവിട്ടതിന്റെ ഫലമായി മതതീവ്രവാദം സമൂഹത്തിൽ വലിയ വിപത്തായി മാറിയിരിക്കുന്നു. തീർച്ചയായും മതങ്ങൾ അനുവർത്തിക്കേണ്ട നിലപാട് അതല്ല. ശാന്തിക്കും സമാധാനത്തിന്നും വേണ്ടി നിലകൊള്ളാനല്ലാതെ ജനങ്ങളിൽ സ്പർദ്ധയുണ്ടാക്കാനും അക്രമം പ്രവർത്തിക്കാനും ഒരിക്കലും ദൈവത്തേയും മതത്തേയും കരുവാക്കരുതെന്ന് ഖുർആൻ പറയുന്നു:

**നന്മചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്നു ഒഴിഞ്ഞു നിൽക്കുന്നതിന്നായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന്ന് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്. (2:225)**

വികാരങ്ങളെ അനുശീലനം ചെയ്ത് സമൂഹത്തിൽ നന്മ പരത്താനും ഖുർആന്റെ അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കാനും എല്ലാവർക്കും കഴിയുമാറാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# ജിഹാദ്: മനുഷ്യനെ മൃഗസമാനനാക്കുന്നു

ഈ രാജ്യത്തെ മുസ്‌ലിം ജനസാമാന്യത്തിന്റെ ധാർമിക ജീവിതത്തിൽ, ഏറെക്കാലമായി അനഭിലഷണീയവും വിഷമയവുമായ ദുഃസ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതായും കാണപ്പെടുന്നു. സന്മാർഗ്ഗത്തിന്റെ അഭാവം, ദുഷ്ടവിചാരങ്ങൾ, ഹൃദയകാഠിന്യം, അനുകമ്പയില്ലായ്മ എന്നിങ്ങനെയുള്ള ആത്മീയരോഗങ്ങൾ ഇത്തരം അടിസ്ഥാനരഹിതങ്ങളായ കഥകളിലും വിവരണങ്ങളിലും വിശ്വസിച്ചതിന്റെ ഫലമായി മിക്ക മുസ്‌ലിം കക്ഷികളിലും വ്യാപരിച്ചിരിക്കുകയാണ്. മാനുഷികമായ അനുകമ്പ, സഹതാപം, നീതിപ്രേമം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സൽഗുണങ്ങളും ഈ സമുദായത്തോടു എന്നെന്നേക്കുമായി വിടചോദിച്ചു പിരിയുമെന്ന മട്ടിൽ, ദിവസംതോറും അപ്രത്യക്ഷമായി. മാനുഷികമായ അനുകമ്പ, സഹതാപം, നീതിപ്രേമം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സൽഗുണങ്ങളും ഈ സമുദായത്തോടു എന്നെന്നേക്കുമായി വിടചോദിച്ചു പിരിയുമെന്ന മട്ടിൽ, ദിവസംതോറും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ ഹൃദയകാഠിന്യവും ഈ അധാർമ്മികതയും അനേകം മുസ്‌ലിംകളെ കാട്ടുമൃഗങ്ങളെപ്പോലെയാക്കിമാറ്റിയിരിക്കുന്നു. ഒരു ജൈനനോ ഒരു ബുദ്ധമതക്കാരനോ ഒരു കൊതുകിനെയോ ഒരു ഈച്ചയെയോ പോലും കൊല്ലാൻ പേടിക്കുമ്പോൾ, അന്യായമായ കൊലപാതകം നടത്തുന്നതിൽ സർവ്വശക്തനായ അല്ലാഹുവിനെപോലും- എല്ലാജീവജന്തുക്കളെക്കാളും മനുഷ്യജീവനു അവനാണ് ഏറ്റവും ഉയർന്ന വില കല്പിച്ചിട്ടുള്ളതെങ്കിലും ഇവർ ഭയപ്പെടുന്നില്ല. ഈ ഹൃദയകാഠിന്യവും ക്രൂരതയും അനുകമ്പാദാരിദ്ര്യവും എങ്ങനെയാണുണ്ടായിത്തീർന്നത്? അതിനു കാരണം ഇതാണ്: ചെറുപ്പത്തിൽത്തന്നെ ജിഹാദിനെ സംബന്ധിച്ച തെറ്റായ ധാരണകളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും അങ്ങനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാവുകയും ചെയ്യുകയാൽ സാവധാനത്തിൽ അവർ ധാർമ്മികമായി ശവപ്രായക്കാരായിത്തീരുകയും തങ്ങളുടെ നിഷ്ഠൂര ചെയ്തികളുടെ കൊടും ക്രൂരതയെക്കുറിച്ചു ബോധമറ്റവരായിത്തീരുകയും ചെയ്തു. നിരപരാധിയായ മറ്റൊരാളെ കൊലചെയ്യുന്ന ഒരാൾ കൊല്ലപ്പെടുന്ന ആളുടെ കുടുംബത്തിൽ നാശം വിതറിവെക്കുന്നുവെങ്കിലും അയാൾ താനൊരു നന്മ പ്രവർത്തിച്ചവനെപ്പോലെയാണ് സ്വയം കരുതുന്നത്; അഥവാ, സ്വസമുദായത്തിൽ പ്രിയങ്കരനായിത്തീരാനുള്ള ഒരവസരമുണ്ടാക്കിയെന്നു ധരിക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള ഉപദേശപ്രസംഗങ്ങളോ ഖുത്ബകളോ നമ്മുടെ നാട്ടിലെവിടെയും നിർവ്വഹിക്കപ്പെടുന്നില്ലാത്തതിനാൽ- അഥവാ അങ്ങനെ പ്രസംഗിക്കുന്നുവെങ്കിൽത്തന്നെ അല്പമൊരു കപടഭാവത്തോടെയാവാനേ തരമുള്ളൂ- സാധാരണക്കാർ ഇത്തരം ദുഷ്കൃത്യങ്ങൾക്ക് അംഗീകാരമുള്ളതായി കരുതും. ആകയാൽ, എന്റെ സ്വന്തം സമുദായക്കാരോടുള്ള അനുകമ്പ നിമിത്തം മുസ്‌ലിംകൾക്കിടയിൽ ജിഹാദിനെ സംബന്ധിച്ച് നിലനില്ക്കുന്ന വിശ്വാസങ്ങൾ-ഇതര സമുദായക്കാരുടെ നേരെ കടുത്ത വിരോധവും ശത്രുത്വവും പുലർത്തുന്ന രക്തക്കൊതിയനായ ഒരു ഇമാം വെളിപ്പെടുമെന്നുള്ള, ദീർഘദൃഷ്ടിയില്ലാത്ത ഉലമാക്കൾ പഠിപ്പിച്ചുപോന്ന തെറ്റായ വിശ്വാസങ്ങളാണെന്ന് വിവരിച്ചു കൊണ്ടുള്ള ഒട്ടേറെ പുസ്തകങ്ങൾ ഞാൻ അറബിയിലും ഉർദുവിലും പേർസ്യനിലും രചിച്ചിരിക്കുന്നു. മതവിശ്വാസകാര്യത്തിൽ വാളുപയോഗിക്കാൻ ഇസ്‌ലാം അനുവദിക്കുന്നേയില്ല; പ്രതിരോധയുദ്ധങ്ങളിലോ, ഒരു ഭീകരവാഴ്ചക്കാരനെ ശിക്ഷിക്കാനും സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനുമുള്ള യുദ്ധങ്ങളിലോ മാത്രമേ വാളുപയോഗിച്ചുകൂടു. ഒരു എതിരാളി ജീവനുനേരെ ഭീഷണി ഉയർത്തുന്ന തരത്തിൽ ആക്രമണം നടത്തുമ്പോഴാണ് പ്രതിരോധയുദ്ധത്തിന്റെ ആവശ്യം നേരിടുന്നത്. ഇതാണ് ശരീഅത്ത്- ധർമ്മശാസ്ത്രമനുവദിച്ചിട്ടുള്ള മൂന്നുതരം യുദ്ധങ്ങൾ. ഇതല്ലാതെ മതം പരത്താൻവേണ്ടി മറ്റൊരുതരത്തിലുള്ള യുദ്ധത്തിനും ഇസ്‌ലാം അനുമതി നല്കുന്നേയില്ല. ഞാൻ ഈ ഗ്രന്ഥങ്ങൾക്ക് ഒട്ടേറെ തുക ചെലവാക്കുകയും ഈ രാജ്യത്തും അറേബ്യ, സിറിയ, ഖുറാസാൻ തുടങ്ങിയ സ്ഥലങ്ങളിലും അവ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. എന്നാൽ, ദൈവാനുഗ്രഹത്താൽ ജനഹൃദയങ്ങളിൽനിന്ന് ഇത്തരം വിശ്വാസങ്ങളിൽ അത്ഭുതകരമായ മാറ്റം വരുത്തുവാൻ സഹായകമായിട്ടുള്ള വ്യക്തമായ സാഹചര്യത്തെളിവുകളും ചരിത്രരേഖകളും എന്റെ പക്കലുണ്ട്. സത്യങ്ങൾ മനസ്സിലാക്കിത്തുടങ്ങുന്നതോടെ ഇസ്‌ലാമിലെ സദൃത്തന്മാരുടെ ഹൃദയങ്ങളിൽ വിനയത്തിന്റെയും വണക്കത്തിന്റെയും ദയാദാക്ഷിണ്യത്തിന്റെയും മധുരമനോഹരമായ നീരുറവകൾ ഒഴുകിത്തുടങ്ങുകയും രാജ്യത്താകെ ഗുണകരവും അനുഗ്രഹ പൂർണ്ണവുമായ സ്വാധീനം ഉണ്ടാക്കുന്ന ആത്മീയ പരിവർത്തനം സംജാതമാകുകയും ചെയ്യും. ക്രിസ്തീയ ഗവേഷകന്മാരും സത്യത്തെ ഉറ്റു നോക്കുന്നവരും അതിനായി ദാഹിക്കുന്നവരും എന്റെ ഗ്രന്ഥത്തിൽനിന്ന് ഫലമെടുക്കുമെന്നും എനിക്ക് ദൃഢവിശ്വാസമുണ്ട്. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും വിശ്വാസസംഹിതയുടെ ഭാഗമായിക്കഴിഞ്ഞിട്ടുള്ള അബദ്ധധാരണകൾ തിരുത്തുകയെന്നതാണ് ഈ പുസ്തകനിർമ്മിതിയുടെ പ്രധാന ഉദ്ദേശ്യം (മസീഹ് ഹിന്ദുസ്ഥാൻ മെ)


# ദൈവാസ്തിക്യം: അനുഭവ യഥാർത്ഥ്യങ്ങൾ

ഇസ്ലാം മതത്തിന്റെ യഥാർത്ഥ ആശയങ്ങൾ പ്രചരിപ്പിക്കാൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) സ്ഥാപിച്ച ഇംഗ്ലീഷ് മാസികയാണ് ***The Review of Religions***. വാഗ്ദത്ത മസീഹിന്റെ അവതരണോദ്ദേശ്യം അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണത്തിൽ നടപ്പാക്കുന്ന ഒരു ആശയസംവാദ പദ്ധതിക്ക് റിവ്യൂ ഓഫ് റിലീജ്യൻസ് ആരംഭം കുറിച്ചിരിക്കുന്നു. ദൈവാസ്തിത്വത്തെ സംബന്ധിച്ച് വിവിധ വീക്ഷണ കോണുകളിൽ വിഷയങ്ങൾ അവതരിപ്പിക്കുന്ന ആ പദ്ധതിയാണ് 'അസ്തിത്വ പദ്ധതി' *(The Existence Project)* എന്നറിയപ്പെടുന്നത്. അതിന്റെ ഭാഗമായി അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നായകൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദുമായി (അയ്യദഹു..) റിവ്യൂ ഓഫ് റിലീജ്യൻസ് പ്രതിനിധി അമർ സഫീർ സാഹിബ് നടത്തിയ അഭിമുഖമാണ് താഴെ കൊടുക്കുന്നത്.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

**അമർ സഫീർ**: യുവാക്കൾ ഇടക്കിടെ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, ഇസ്ലാമിന്റെ വീക്ഷണ പ്രകാരം ദൈവം, വിശ്വാസികൾക്ക് പ്രയാസങ്ങളും പരീക്ഷണങ്ങളും അപ്രകാരം അവിശ്വാസികൾക്ക് യാതനകളും ശിക്ഷകളും നൽകുന്നുവല്ലോ. എന്റെ ചോദ്യം ഇതായിരുന്നു. വിശ്വാസിയുടെയും അവിശ്വാസിയുടെയും സാഹചര്യങ്ങൾക്കിടയിൽ ദൈവം വ്യക്തമായ ഒരു വിഭജനം ഉണ്ടാക്കുന്നില്ലെങ്കിൽ ഇവ രണ്ടും എങ്ങനെയാണ് തിരിച്ചറിയുക? എങ്ങനെയാണ് അവ സഹവർത്തിച്ചു നിൽക്കുന്നത്?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V (അയ്യദുഹു..)**: നാം മനസ്സിലാക്കേണ്ട ഒരു കാര്യം ഇസ്ലാമിൽ പ്രതിഫലവും ശിക്ഷയുമുണ്ട്. റസൂൽ തിരുമേനി(സ)ക്ക് മുമ്പുള്ള പ്രവാചകന്മാരുടെ കാലത്ത് ശിക്ഷകൾ ഭൂമി കുലുക്കം, കൊടുങ്കാറ്റ് അഗ്നി, എന്നീ രൂപത്തിലായിരുന്നു ഇറങ്ങിയിരുന്നതെന്ന് നാം



നിരീക്ഷിക്കുന്നു. ഈ ശിക്ഷകളൊന്നും തന്നെ റസൂൽ തിരുമേനി(സ) യുടെ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. വാഗ്ദത്ത മസീഹ് വിശദീകരിക്കുന്നതെന്തന്നാൽ റസൂൽ തിരുമേനി (സ) യുടെ കാലത്ത് യുദ്ധം തന്നെ ഒരു തരത്തിലുള്ള ശിക്ഷയായിരുന്നു എന്നാണ്. ഉദാഹരണത്തിന്ന് ബദർ, ഉഹദ്, ഹുനൈൻ എന്നീ യുദ്ധങ്ങൾ. എന്തുതന്നെയായാലും ഈ യുദ്ധങ്ങളിൽ ഒരു പാട് മുസ്‌ലിംകൾ രക്തസാക്ഷികളാകുകയുണ്ടായി. ബദ്റിലും അതുപോലെ മുസ്‌ലിംകൾ കൊല്ലപ്പെട്ടു. എന്നാലും അവിശ്വാസികൾക്ക് ഇതൊരു ശിക്ഷതന്നെയായിരുന്നു. മുസ്‌ലിംകൾക്കും യുദ്ധത്തിന്റെ നഷ്ടം സഹിക്കേണ്ടിവന്നു. അവിശ്വാസികൾക്ക് മാത്രം ഒരു ആഘാതമായിരുന്നുവെങ്കിൽ മുസ്‌ലിംകൾ എല്ലാവരും അതിനെ അതിജീവിക്കുമായിരുന്നു. അവിടെ മുസ്‌ലിംകളും രക്തസാക്ഷികളായിട്ടുണ്ട്.

ഇത് നമ്മോട് പറയുന്നത് സർവ്വശക്തനായ അല്ലാഹു പ്രകൃതിയിൽ ഒരു നിയമം സ്ഥാപിച്ചിട്ടുണ്ട് എന്നാണ്. അതിന്റെ ഫലമായി ഒരു യുദ്ധമുണ്ടാകുമ്പോൾ ആളുകൾ ഇരുവശത്തും മരിക്കും. യുദ്ധത്തിന് പോകുന്നതിന് മുമ്പായി അല്ലാഹു മുസ്‌ലിംകളെ അറിയിച്ചിരിക്കുന്നത് നിങ്ങൾ മറ്റുള്ളവർക്ക് ജീവഹാനി വരുത്തുന്നുവെങ്കിൽ നിങ്ങൾക്കും ജീവഹാനി സംഭവിക്കുമെന്നാണ്. എന്തുതന്നെയായാലും അന്തിമവിജയമായി വിശ്വാസികൾക്ക് സ്വർഗ്ഗം പ്രതിഫലമായി നൽകപ്പെടും. അവിശ്വാസികൾക്കാകട്ടെ പരലോകത്ത് നരകവും നൽകപ്പെടും. യഥാർത്ഥ ജീവിതം ഒരിക്കലും ഈ ജീവിതമല്ല. വരാനിരിക്കുന്ന ജീവിതമാണ്. നമുക്ക് അത് സംബന്ധിച്ച സങ്കൽപ്പം വ്യക്തമായും നൽകപ്പെട്ടിട്ടുണ്ട്. അത്കൊണ്ട് ഇഹലോക ജീവിതത്തെക്കാൾ മരണാനന്തരജീവിതമാണ് നമുക്ക് പ്രധാനപ്പെട്ടത്.

അത്കൊണ്ട് രക്തസാക്ഷിയായവർക്ക് സർവ്വ ശക്തനായ അല്ലാഹു ഉന്നതമായ സ്ഥാനവും നിലകളും നൽകപ്പെടുന്നതാണ്. അല്ലാഹു പറയുന്നു രക്തസാക്ഷികൾ മരിച്ച വരാണെന്ന് പറയരുത് അവർ ജീവിച്ചിരിക്കുന്നവരാണ്. ബദറിലും വിവിധ യുദ്ധങ്ങളിലും രക്തസാക്ഷികളായ സഹാബികൾ സ്വർഗ്ഗസ്ഥരാണ്. അവരുടെ കർമ്മങ്ങളിലൂടെ നാം അവരെ അനുസ്മരിക്കുമ്പോൾ അവരുടെ നാമങ്ങൾ ഇന്നും സജീവമാകുന്നു. തിന്മനിറഞ്ഞ ആളുകളുടെ നാമങ്ങൾ ആ യുദ്ധത്തോടെ വിസ്മൃതമാവുകയും ചെയ്യുന്നു. ആരും തന്നെ അവരെ പിന്നീട് ഓർക്കുന്നില്ല. ആരെങ്കിലും അവരെ ഓർക്കുന്നുവെങ്കിൽ അവരുടെ കുപ്രസിദ്ധിയിലും ദുഷ്കീർത്തിയിലുമായിരിക്കും. എങ്കിലും അവരുടെ സ്മരണകൾ ബഹുഭൂരിഭാഗവും മാഞ്ഞുപോകുന്നതായിരിക്കും.

അബൂജഹലിന്റെ മകൻ ഇക്രിമ, ഇസ്‌ലാമിന്റെ ശത്രുവായിരുന്ന തന്റെ പിതാവിന്റെ പേര് ചേർത്ത് ആളുകൾ ഇപ്പോഴും തന്നെ വിളിക്കുന്നു എന്ന് റസൂൽ തിരുമേനി(സ)യോട് പരാതി പറഞ്ഞത് സംബന്ധിച്ച് ഞാൻ അടുത്തിടെ പരാമർശിക്കുകയുണ്ടായി. അതായത് ഇത്തരം ആളുകൾ മരിച്ചതിന് ശേഷം പോലും അവരുടെ സന്താനങ്ങൾ പിതാക്കളുടെ തിന്മകൾ മൂലം അവരുടെ പേരിൽ നിന്നും വേർപെടുത്തി തങ്ങളെ അറിയാനാണ് ആഗ്രഹിക്കുന്നത്. ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്ന പിതാക്കളുടെ പേരിനോടൊപ്പം അറിയാൻ അവർ ആഗ്രഹിക്കുന്നില്ല. മറിച്ച് ഇസ്‌ലാമിലെ രക്തസാക്ഷികളുടെ നാമങ്ങൾ സ്മരിച്ചുകൊണ്ടിരിക്കുമ്പോൾ അവർ സജീവരായിത്തീരും. അവർ തമ്മിലുള്ള വ്യത്യാസം ഇതാണ്.

ചുരുക്കത്തിൽ, ഇതുകൊണ്ടാണ് സർവ്വശക്തനായ അല്ലാഹു പറഞ്ഞത് രക്തസാക്ഷികൾ മരിച്ചവരാണെന്ന് പറയരുത് എന്ന്. അവരുടെ ജീവിതങ്ങൾ തുടർച്ചയായി സ്മരിക്കപ്പെടുന്നതായിരിക്കും. അതിനാൽ വസ്തുതയുടെ കാതൽ ഇതാണ്. സർവ്വശക്തനായ അല്ലാഹുവാണ് പ്രതിഫലവും ശിക്ഷയും നൽകുന്നത്.

വിശ്വാസികളും യാതനകൾ സഹിക്കുന്നത് എന്തുകൊണ്ട് എന്നത് വിശദീകരിക്കാം. പരിശുദ്ധ പ്രവാചകൻ ഒരവസരത്തിൽ പറയുകയുണ്ടായി, അവിടുന്ന് അനുഭവിച്ച പനിയുടെ കാഠിന്യം മറ്റുള്ളവർക്ക് ബാധിക്കുകയാണെങ്കിൽ അവർക്കത് അതിജീവിക്കാൻ സാദ്ധ്യമല്ല എന്ന്. ഇതിന് കാരണം സർവ്വ ശക്തനായ അല്ലാഹു അവിടുത്തെ ജീവിതത്തെ കഠിനമായ പ്രയാസങ്ങളുടെ നടുവിലാണ് പ്രതിഷ്ഠിച്ചത്. റസൂൽ തിരുമേനി (സ) സുഖകരമായ ഒരു ജീവിതമാണ് നയിച്ചിരുന്നതെങ്കിൽ മറ്റുള്ളവർ യാതനകളെ പറ്റി എന്ത് അനുഭവമാണ് അദ്ദേഹത്തിനുള്ളതെന്ന് ചോദിക്കുമായിരുന്നു. ആയതിനാൽ യഥാർത്ഥ സത്യവിശ്വാസിയെ പരീക്ഷണങ്ങളും യാതനകളും അനുഭവിപ്പിക്കുന്നത് ഇതുകൊണ്ടാണ്. .

അതിൽ കൂടുതലായി അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. വിശ്വാസികൾ കരുതുന്നുവോ അവർ വിശ്വസിച്ചത് കൊണ്ട് മാത്രം പരീക്ഷണത്തിന്ന് വിധേയമാവില്ല എന്ന്. വാഗ്ദത്ത മസീഹ്(അ) പ്രാർത്ഥനയുടെ തത്വം വിശദീകരിക്കുമ്പോൾ പറയുന്നു, ഒരു വശത്ത് ആളുകൾ ഇപ്രകാരം വിശ്വാസം പ്രചരിപ്പിക്കുന്നു. അതായത് **'എന്നോട് പ്രാർത്ഥിക്കൂ, ഞാൻ ഉത്തരം നൽകാം'** എന്ന്. എന്നാൽ മറ്റൊരു വശത്ത് അല്ലാഹു **'താൻ ഇഛിക്കുന്നത് പ്രവർത്തിക്കും'** എന്നും പറയുന്നു. അതായത് വിശ്വാസികൾ അഭ്യർത്ഥിക്കുന്നത് മുഴുവനും ലഭിക്കണമെന്നില്ല. ഈ ജീവിതമാണ് എല്ലാം എന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ നിങ്ങൾക്ക് ഈ തത്വം മനസ്സിലാവില്ല. മറിച്ച് വരാനിക്കുന്ന ജീവിതമാണ് യഥാർത്ഥ ജീവിതമെന്ന് ഗണിക്കു

ന്നുവെങ്കിൽ നിങ്ങൾക്കത് മനസ്സിലാക്കാൻ കഴിയും.

**അമർ സഫീർ**: ഹുസൂർ, തിരുമനസ്സ്, ആളുകൾക്ക് ദൈവാസ്തിക്യം ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്ന ചിലർ എന്നോട് ചോദിക്കുന്നു. യഥാർത്ഥത്തിൽ യാതനകൾ സഹിച്ചു കൊണ്ടിരിക്കുന്ന ഒരാളോട് ദൈവാസ്തിക്യവുമായി ബന്ധപ്പെട്ട വിഷയം എങ്ങനെയാണ് സംസാരിക്കുക? ഉദാഹരണത്തിന്ന് ഒരാൾ ഒരു വിപത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. അത് ഒരു പ്രകൃതി ദുരന്തമാകട്ടെ അല്ലെങ്കിൽ ഇപ്പോഴത്തെ കോവിഡ് 19 ബാധയാകട്ടെ. അവർ അത്തരം യാതനകളിലൂടെ കടന്നു പോകുമ്പോൾ ദൈവത്തെയും പകർച്ച വ്യാധിമൂലമുണ്ടാകുന്ന യാതനയെ കുറിച്ചും അവരോട് പറയുമ്പോൾ ആ വിഷയം ചർച്ച ചെയ്യാൻ വളരെ ബുദ്ധിമുട്ടുന്നു. അവർക്ക് ചിലപ്പോൾ ഒരു നിഷേധാത്മകമായ പ്രതികരണമാണ് ലഭിക്കുന്നത്.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: വസ്തുത എന്താണെന്ന് വെച്ചാൽ രോഗം വന്ന് മരിക്കുന്നത് 30 ൽ 1 , 60 ൽ 1, 100 ൽ 1 എന്നീ വിധത്തിലാണ് എന്നുള്ളതല്ല. അതൊരു പകർച്ച വ്യാധിയാണ്. എണ്ണം ഒരു പ്രശ്നമല്ല രോഗത്തിന് വശംവദരാവാൻ സാദ്ധ്യതയുള്ളവർക്കാണ് അത് പകരുന്നത്. ഇത് പ്രകൃതിയുടെ നിയമമാണ്.

ഈ പ്രകൃതി നിയമപ്രകാരം രോഗപകർച്ചാ സാദ്ധ്യതയുള്ള ചില ജനതകളിൽ രോഗം പകരാനുള്ള സാദ്ധ്യതയുണ്ട്. ഈ പ്രകൃതി നിയമത്തിന് കീഴിൽ രോഗാണു പകർന്നാൽ അയാൾ രോഗിയായി മാറുന്നു. ദുർബലർ ആരാണെന്ന് ഈ പ്രകൃതി നിയമം തിരിച്ചറിയുന്നില്ല. ആർക്കാണോ പ്രതിരോധ ശേഷിയുള്ളത് അയാൾ രോഗത്തെ അതിജീവിച്ചേക്കാം. അതാണ് പ്രകൃതി നിയമം. ചില കേസുകളിൽ പ്രായമായവർ രോഗത്തെ അതിജീവിക്കുന്നു. ചില കേസുകളിൽ യുവാക്കൾ രോഗത്തിന്ന് കീഴടങ്ങി മരിക്കുന്നു. ഈയടുത്ത് കാലത്ത് രോഗം ബാധിക്കുന്ന യുവാക്കളുടെ എണ്ണം കൂടി വരികയാണ്. അതായത് പ്രകൃതിയിൽ പ്രവർത്തനനിരതമായ ഒരു നിയമമുണ്ട്. ഒരു വ്യക്തിക്ക് അത് പകരുനുണ്ടോ എന്നത് മാത്രമല്ല കാര്യം.

യാതനയുടെ അടിസ്ഥാനത്തിൽ ഒരു ഹദീസിൽ റസൂൽ തിരുമേനി (സ)പറയുന്നു: സർവ്വശക്തനായ അല്ലാഹു ഒരാൾ ഈ ലോകത്ത് രോഗമോ പകർച്ച വ്യാധിയോ വന്നാൽ സർവ്വശക്തനായ അല്ലാഹു അയാൾ ചെയ്ത പാപങ്ങൾക്ക് പരലോകത്ത് ശിക്ഷയിൽ ഇളവ് നൽകുന്നതാണ്. ഈ ജീവിതം താൽക്കാലികമാണെന്നും വരാനിക്കുന്നത് ശാശ്വത ജീവിതമാണെന്നും നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ ഈ ലോകത്ത് അനുഭവിക്കുന്ന യാതനകൾക്ക് അല്ലാഹു അയാൾക്ക് നന്മ വരുത്തുന്നതാണ്.

നിങ്ങൾ അഭിമുഖീകരിക്കുന്ന ആളിന്റെ മനശ്ശാസ്ത്രം മനസ്സിലാക്കേണ്ടത് ആവശ്യമാണ്. എന്ത് കൊണ്ട് ഈ വിഷയത്തോടെ ചർച്ച ആരംഭിക്കുന്നു? നാം ഒരാളുമായി ചർച്ച ആരംഭിക്കുമ്പോൾ ആലോചനശൂന്യമായതും അയുക്തികമായതും അന്ധവുമായ ചർച്ചകൾ ഒഴിവാക്കണം. ഒരാൾ വേദനയും വിഷമവും അനുഭവിക്കുന്നത് അയാൾ അല്ലാഹുവിനോടുള്ള കടമകൾ നിർവ്വഹിക്കാത്തത് കൊണ്ടാണ് എന്ന രീതിയിൽ പറഞ്ഞുകൊണ്ട് നിങ്ങൾ ചർച്ച ആരംഭിക്കരുത്. നിങ്ങൾ സംസാരിക്കുന്ന ആൾ അല്ലാഹുവിനോട് ചെയ്യേണ്ട കടമകൾ ചെയ്ത ആളായിരിക്കാനുള്ള സാദ്ധ്യതയുണ്ട്. നിങ്ങൾ എല്ലാ സാഹചര്യവും കണക്കിലെടുത്ത് സംസാരം മുന്നോട്ടുപോകണം. ചിലപ്പോൾ ആളുകൾ വികാരഭരിതരാവാറുണ്ട്. ഇത്തരം ആളുകളെ എങ്ങനെ സമീപിക്കണം എന്ന കാര്യത്തിൽ അവരോട് ബുദ്ധിപൂർവ്വം സംസാരിക്കുന്നതിൽ ചിലർ പരാജയപ്പെടുകയും ചെയ്യാറുണ്ട്.

ഒന്നാമതായി യാതനകളെ കുറിച്ച് സംസാരിക്കുന്നതിന് പകരം അവരെ ദൈവ വിശ്വാസത്തിലേക്ക് കൊണ്ടുവരണം. അതാണ് ഒന്നാമത്തെ ചുവട്വെപ്പ്. എന്നിട്ട് അവരോട് ദൈവത്തിന്റെ കാരുണ്യത്തെ പറ്റിയും ദയയെപറ്റിയും സംസാരിക്കണം. യാതന എന്നത് അവസാനം സംസാരിക്കേണ്ട വിഷയമാണ്. ചിലപ്പോൾ നാം സംസാരം ആരംഭിക്കുന്നത് യാതനകളിൽ നിന്നായിരിക്കും. ഇത് അവരെ അകറ്റിക്കളയും അതിനാൽ എല്ലാറ്റിനും ഒരു ക്രമമുണ്ടായിരിക്കണം. ആളുകളോട് സംസാരിക്കുമ്പോൾ നിങ്ങൾ ശരിയായ ക്രമത്തിലായിരിക്കണം. നിങ്ങൾ ശരിയായ ഒരു ക്രമവും ആസൂത്രണവും പാലിച്ചുകൊണ്ടായിരിക്കണം മുന്നോട്ടു പോകേണ്ടത്.

**അമർ സഫീർ**: ഹുസൂർ, ചില ആളുകൾ ഈ പകർച്ച വ്യാധിയുടെ കാലത്ത് കൂടുതൽ ദൈവത്തോട് അടുക്കുന്നതായി ഞങ്ങൾ കേൾക്കുന്നു. ഹുസൂറും ഇക്കാര്യം ഖുത്ബകളിൽ നന്നായി പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ആളുകളിൽ അധികവും 'മതപരം എന്നതിനേക്കാൾ ആത്മീയം എന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. അവർ എന്തെങ്കിലും രീതിയിലുള്ള ഒരു ആത്മീയതയാണ് ആഗ്രഹിക്കുന്നത്. ഒരു മതത്തിൽ ചേരാൻ ആഗ്രഹിക്കുന്നില്ല. ഹുസൂർ ഇത് സംബന്ധമായി അങ്ങേക്ക് എന്തെങ്കിലും വെളിച്ചം പകരുവാൻ സാധിക്കുമോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ആദ്യമായി താങ്കൾ കാണേണ്ടത് എത്ര ആളുകളാണ് യഥാർത്ഥത്തിൽ മതത്തിൽ ഉറച്ചു നിൽക്കുന്ന വിശ്വാസികളായുള്ളത്? 80% ആളുകളും മതത്തിൽ നിന്നും അകന്നു കഴിയുന്നവരാണ്. അതിൽ ഏറ്റവും

കൂടുതൽ ആളുകൾ ക്രിസ്തു മതത്തിൽ നിന്നാണ്.

ആളുകൾ ആത്മീയതയിലേക്ക് തിരിയുന്നുവെങ്കിൽ അത് നല്ലത് തന്നെ. പക്ഷേ ഒരു വിപ്ലവം നടക്കണമെങ്കിൽ ഒരു ശാസ്ത്രീയ സമീപനം നിങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ആത്മീയതയെ സംബന്ധിച്ച് സർവ്വശക്തനായ അല്ലാഹു അവന്റേതായ ഒരു നിയമം സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു ആത്മീയ വിപ്ലവത്തിനാണ് ദൈവം പ്രവാചകന്മാരെ അയക്കുന്നത്. ഈ പ്രവാചകന്മാരാണ് നമുക്ക് ധാർമികത കൊണ്ടുവന്നിട്ടുള്ളത്. ആത്മീയതയുടെ നിലവാരം പ്രവാചകന്മാർ ഉയർത്തിക്കൊണ്ടിരിക്കുന്നു. അവരാണ് ദൈവത്തിൽ നിന്നും യഥാർത്ഥത്തിലുള്ള മതം കൊണ്ടുവരുന്നത്. ആയതിനാൽ മതം ആവശ്യമാണ്. അനിവാര്യവുമാണ്. അന്തിമമായി ഒരാൾ മതത്തിലേക്ക് തിരിയേണ്ടതുണ്ട്. അതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കുകയും വേണം.

ഹഖീക്കത്തുൽ വഹ്യ് (ദിവ്യവെളിപാടിന്റെ തത്വശാസ്ത്രം) എന്ന പുസ്തകത്തിൽ വാഗ്ദത്ത മസീഹ് (അ) അബ്ദുൾ ഹകീം ഖാൻ എന്നയാളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അദ്ദേഹവും ആത്മീയതയിൽ എത്തിച്ചേരാൻ മതത്തിന്റെ ആവശ്യമില്ല എന്ന് വിശ്വസിച്ചയാളാണ്. എല്ലാവർക്കും, ഒരു ദൈവത്തിലുള്ള വിശ്വാസം മാത്രം മതി എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. എന്തുതന്നെയായാലും ഈ വാദം എങ്ങനെ ശരിയാവും? കാരണം പരിശുദ്ധ പ്രവാചക (സ)ന്റെ തന്നെ ആവശ്യമില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അദ്ദേഹം തെറ്റിലാണെന്നും മതം ആവശ്യമാണെന്നും വാഗ്ദത്ത മസീഹ് വിശദീകരിക്കുന്നു. ജനങ്ങൾക്ക് ദൈവത്തിന്റെ അസ്തിത്വം ദിവ്യാത്ഭുതങ്ങളിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും ബോദ്ധ്യപ്പെടുത്തി കൊടുക്കുന്നത് പ്രവാചകന്മാരാണ്. പ്രവാചകന്മാർ ഇല്ലാതെ ജനങ്ങൾക്ക് ദൈവത്തെ സംബന്ധിച്ച് സമ്പൂർണ്ണ ജ്ഞാനത്തിൽ എത്താൻ സാധിക്കില്ല.

**അമർ സഫീർ**: ചില നാസ്തികർ മുന്നോട്ടു വെക്കുന്ന ഒരു വാദം എന്തെന്നാൽ, ദൈവം ഉണ്ട് എന്നത് ഒരു വലിയ ജനസമൂഹം തങ്ങൾക്ക് ദൈവാനുഭവമുണ്ടായിട്ടുണ്ടെന്നും ദൈവത്തെ തങ്ങൾ ദർശിച്ചിട്ടുണ്ടെന്നും വെറുതെ പറയുക മാത്രമാണ് ചെയ്യുന്നത്. അത് സത്യമാണെന്ന് തെളിയിക്കാൻ തെളിവുകളുമില്ല. അവർ പറയുന്നത് പല ആളുകളും യു ഫോ (UFO)യെ അഥവാ പറക്കും തളികകളെ കണ്ടുവെന്ന് പറയാറുണ്ട്. അല്ലെങ്കിൽ അന്യഗ്രഹ ജീവികളെ കണ്ടുവെന്ന് പറയാറുണ്ട്. അത്പോലെ അവയൊന്നും ഇത്വരെ തെളിയിക്കാൻ സാധിച്ചിട്ടില്ല. ഹുസൂർ, നമുക്ക് എങ്ങനെയാണ് ഇതിനോട് പ്രതികരിക്കാൻ കഴിയുക?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: വിശുദ്ധ ഖുർആൻ ബിഗ്ബാംങ്ങ്, ബ്ലാക്ക് ഹോൾ എന്നിവയെപറ്റി വിവരിക്കുന്നുണ്ട്. ഖുർആനിൽ പലവിധത്തിലുള്ള പ്രവചനങ്ങളുമുണ്ട്. കടലുകൾ യോജിക്കുന്നതിനെപറ്റിയും മറ്റു പല കാര്യങ്ങളും പറയുന്നു. അത്പോലെ വാഗ്ദത്ത മസീഹും (അ) പല പ്രവചനങ്ങളും നടത്തിയിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മഊദ് (റ) ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) രണ്ടാം ഖലീഫയും അഹ്മദിയ്യത്തിന്റെ പുരോഗതിയെക്കുറിച്ച് പ്രവചനങ്ങൾ പറഞ്ഞിട്ടുണ്ട്. The Invitation to Ahmadiyyat എന്ന പുസ്തകത്തിൽ അഹ്മദിയ്യത്തിന്റെ പുരോഗതിയെ സംബന്ധിച്ച് പറഞ്ഞത് പോലെ. ആ പ്രവചനങ്ങൽ നടത്തിയ കാലത്ത് ആർക്കും തന്നെ ഈ പ്രവചനത്തെ പറ്റി മനസ്സിലായിട്ടില്ലായിരുന്നു. എന്നാലും ആ പ്രവചനങ്ങളുടെ പുലർച്ച ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. ഈ പ്രവചനങ്ങളെല്ലാം സത്യമായിരുന്നുവെന്ന് ലോകം സാക്ഷ്യം വഹിക്കുന്നു. ഇന്ന് നാം അത്തരം പ്രവചനങ്ങളെല്ലാം സത്യമായി പുലരുന്നത് കാണുകയാണ്. ഇതെല്ലാം നമ്മോട് പറയുന്നത് ഇതിന് പിന്നിൽ ഒരു ശക്തി ഉണ്ടെന്നാണ്. ഒരാൾ കൃസ്ത്യാനിയായിക്കൊള്ളട്ടെ മുസ്ലിമായിക്കൊള്ളട്ടെ മറ്റാരെങ്കിലുമായിക്കൊള്ളട്ടെ ഈ വസ്തുതകൾ നമ്മോട് പറയുന്നത് ദൈവമുണ്ടെന്നാണ്. ഒരു കാര്യം നടക്കുന്നതിന് മുമ്പേ ദൈവം പ്രവാചകന്മാരെ അറിയിക്കുന്നു. ഉദാഹരണത്തിന് വാഗ്ദത്ത മസീഹ് A അല്ലെങ്കിൽ B വരുമെന്ന് പറയുന്നു. ആ കാര്യം അത് പോലെ സംഭവിക്കുകയും ചെയ്യുന്നു. അപ്രകാരം വാഗ്ദത്ത മസീഹ് പ്ലേഗും യുദ്ധവും സംഭവിക്കുമെന്ന് പറഞ്ഞു. അത്പോലെ അത് സംഭവിക്കുകയും ചെയ്തു. അവിടുന്ന് ചെയ്ത പല പ്രവചനങ്ങളും പുലർന്നുകൊണ്ടിരിക്കുന്നു. ജ്യോതിഷക്കാർ പോലും നക്ഷത്രങ്ങളെ നോക്കി പ്രവചിക്കാറുണ്ട്. ഇത് തെളിയിക്കുന്നത് ജനങ്ങളിൽ ഇത് സംബന്ധിച്ച് ചില സങ്കൽപ്പങ്ങൾ ഉണ്ടെന്നാണ്. ചോദ്യം ഇതാണ്. അവർക്ക് ഈ ജ്ഞാനം എവിടെ നിന്നാണ് ലഭിച്ചത്? ആ പ്രവചനങ്ങളിൽ എത്ര ശതമാനം പുലർന്നതായി നിങ്ങൾക്ക് കാണാൻ സാധിക്കും? പ്രവാചകന്മാരുടെ പ്രവചനങ്ങൾ എത്ര പുലർന്നുവെന്നും നമുക്ക് കാണാൻ സാധിക്കും. ജ്യോതിഷക്കാരുടെയും പ്രവാചകന്മാരുടെയും പ്രവചനങ്ങളുടെ എണ്ണം നിങ്ങൾ താരതമ്യം ചെയ്തു നോക്കൂ.

**അമർ സഫീർ**: ദൈവവുമായി വിനിമയം നടത്തൽ, ദൈവികാനുഭവമുണ്ടാകൽ, ഇത് മനുഷ്യനിൽ മാത്രം പരിമിതമാണോ? മൃഗങ്ങൾക്ക് ദൈവവുമായി വിനിമയം നടത്താൻ സാധിക്കുമോ?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ജീവികൾക്ക് അവയുടെ ആവശ്യമനുസരിച്ചും പ്രവർത്തനമനുസരിച്ചും

സഹജാവബോധമാണ് നൽകപ്പെട്ടിരിക്കുന്നത്. ചിലപ്പോൾ മൃഗങ്ങൾക്ക് ചില പ്രത്യേക കഴിവുകൾ കൂടുതലായി നൽകപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് നായകൾക്ക് ഏറ്റവും കൂർമ്മതയുള്ള ഘ്രാണശക്തിയാണ് നൽകപ്പെട്ടത്. അതുകൊണ്ട് അവക്ക് ഇരയെ ഫലപ്രദമായി വേട്ടയാടി പിടിക്കാൻ സാധിക്കുന്നു. മണം പിടിക്കുന്ന നായയുടെ (Sniffer Dogs) ഈ കഴിവ് ഉപയോഗിച്ചാണ് ലഹരി വസ്തുക്കൾ കണ്ടെത്തുന്നത്. മറ്റു ജീവികൾക്ക് അവക്ക് അനുയോജ്യമായ രീതിയിലുള്ള കഴിവുകളാണ് നൽകപ്പെട്ടിരിക്കുന്നത്. സർവ്വശക്തനായ അല്ലാഹു അവക്ക് നൽകപ്പെട്ട കഴിവുകൾക്കപ്പുറത്ത് പോകാനോ അതിന്റെ പരിധിക്ക് കീഴെ വരാനോ ആ ജീവികൾക്ക് പറ്റില്ല. തീർച്ചയായും ഒരാൾക്ക് മൃഗങ്ങളെ അവയുടെ ജന്മവാസനകളെ പരിശീലനത്തിലൂടെ മെച്ചപ്പെടുത്താൻ സാധിക്കും. അവക്ക് നൽകപ്പെട്ട കഴിവുകൾ കുറക്കാനോ അധികരിപ്പിക്കാനോ സാധ്യമല്ല. പരിശീലനങ്ങൾക്ക് ശേഷവും അവയുടെ ജന്മവാസനകളെ അധികരിപ്പിക്കാൻ സാദ്ധ്യമല്ല. ജീവികൾക്കെല്ലാം അതിന്റേതായ കഴിവുകൾ നൽകപ്പെട്ടിട്ടുണ്ട്. ചില പരിസ്ഥിതികളിൽ വന്യമൃഗങ്ങൾ സ്വയം രക്ഷക്കായി സമൂഹമായി സംഘടിക്കാറുണ്ട്. ഈ ഒരു കഴിവ് ജന്മവാസനയായി ദൈവം അവക്ക് നൽകപ്പെട്ടതാണ്.

എന്തായാലും മനുഷ്യന് ധിഷണാശേഷിയാണ് നൽകപ്പെട്ടത്. മനുഷ്യനടക്കം എല്ലാ ജീവികൾക്കും ഏതെങ്കിലും തരത്തിലുള്ള ഒരു കഴിവ് നൽകപ്പെട്ടിട്ടുണ്ട്. അത് പ്രകാരം മനുഷ്യന് നൽകപ്പെട്ടത് പ്രാർത്ഥിക്കാനുള്ള കഴിവും ബുദ്ധിശക്തിയുമാണ്. മൃഗങ്ങൾക്ക് അവയുടെ ശരീരത്തിന്റെ പ്രവർത്തന ലക്ഷ്യത്തിനനുസരിച്ച് പരിമിതമായ കഴിവുകളാണ് നൽകപ്പെട്ടത്. മനുഷ്യനാകട്ടെ അവന്റെ അടിസ്ഥാന ലക്ഷ്യങ്ങളെ കൂടാതെ അനുബന്ധ കഴിവുകളും നൽകപ്പെട്ടിട്ടുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു:

**ജിന്നിനേയും മനുഷ്യനെയും സൃഷ്ടിക്കപ്പെട്ടത് എന്നെ ആരാധിക്കുവാനായിട്ടല്ലാതെയല്ല. (വിശുദ്ധ ഖുർആൻ)**

അതായത് മനുഷ്യനാകട്ടെ ജിന്നിനാകട്ടെ സൃഷ്ടിപ്പിൽ ഒരു ഉദ്ദേശമുണ്ട്. മറ്റുജീവികളിൽ ഉന്നതമായ ഈ ഉദ്ദേശം കാണാൻ സാദ്ധ്യമല്ല. മനുഷ്യന് ഉയർന്ന ലക്ഷ്യങ്ങളാണുള്ളത്. ആയതിനാൽ ആത്മാവുള്ള മനുഷ്യൻ ദൈവവുമായി കൂടുതൽ വിനിമയത്തിന് കൂടുതലായി കണ്ടുമുട്ടേണ്ടി വരുന്നു.

ആത്മീയ പുരോഗതിയും സ്വർഗ്ഗനരകങ്ങളെപ്പറ്റിയുള്ള സങ്കൽപ്പങ്ങളും മനുഷ്യന്റെ ആത്മാവുമായി ബന്ധപ്പെട്ട സംഗതികളാണ്. കാരണം അവക്ക് ജീവിതത്തിന് ഒരു ലക്ഷ്യം നിർണ്ണയിച്ചിട്ടിട്ടുണ്ട്. മൃഗങ്ങൾക്ക് അതിന്റെ പ്രകൃതിക്കനുസരിച്ച് ഒരു പ്രത്യേക പ്രവർത്തനവും നൽകപ്പെട്ടിട്ടുണ്ട്. അവയുടെ ജീവിതത്തിൽ നിർവ്വഹിക്കാനായി ഒരു പങ്കും നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ജീവികൾക്ക് അതിന്റെ മേഖലക്കപ്പുറം യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

**അമർ സഫീർ**: ഹുസൂർ എനിക്ക് ദൈവവുമായുള്ള വിനിമയത്തിന്റെ കാര്യത്തിൽ, ഒരു ചോദ്യമുണ്ട്. ഒരു പ്രവാചകനോ ഖലീഫയോ (പ്രവാചകന്റെ പിൻഗാമി) അവരുടെ ചിന്തക്ക് വിരുദ്ധമായി ദൈവത്തിൽ നിന്ന് നേരിട്ട് എന്തെങ്കിലും ഒരു കാര്യം അറിയിക്കപ്പെടുമ്പോൾ എങ്ങനെ അവർക്ക് അത് തിരിച്ചറിയാൻ സാധിക്കും?

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ഒന്നാമതായി പ്രവാചകന്മാരുടെയും ഖലീഫമാരുടെയും യോഗ്യതയും പദവിയിലും വ്യത്യാസങ്ങളുണ്ട്. നാം യോഗ്യതയുടെ മാനങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒരു ഖലീഫക്ക് ഒരു പ്രവാചകന്റെ എല്ലാ ഗുണങ്ങളും സ്വായത്തമാക്കാൻ സാദ്ധ്യമല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അക്കാര്യം വിശദമായി

പ്രവാചകന്മാരുടെയും ഖലീഫമാരുടെയും യോഗ്യതയും പദവിയിലും വ്യത്യാസങ്ങളുണ്ട്. നാം യോഗ്യതയുടെ മാനങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒരു ഖലീഫക്ക് ഒരു പ്രവാചകന്റെ എല്ലാ ഗുണങ്ങളും സ്വായത്തമാക്കാൻ സാദ്ധ്യമല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അക്കാര്യം വിശദമായി വിശദീകരിച്ചിട്ടുണ്ട്. ഞാൻവരെ യുള്ള വാഗ്ദത്ത മസീഹിന്റെ ഖലീഫമാരിലെല്ലാം വാഗ്ദത്ത മസീഹി(അ)ന്റെ ചില വർണ്ണങ്ങളും ഗുണങ്ങളും പ്രതിഫലിക്കുന്നുണ്ട്. ചിലരിൽ ചില അദ്ധ്യാപനങ്ങളും ഗുണങ്ങൾ കൂടുതൽ പ്രകടിതമാവും. ഖലീഫമാരായ ഞങ്ങളിലാരിലും തന്നെ വാഗ്ദത്ത മസീഹി(അ) ന്റെ എല്ലാ ഗുണങ്ങളും പൂർണ്ണമായും പ്രകാശികതമാവില്ല. ഹദ്റത്ത് മുസ്‌ലീഹ് മൗഊദ്(റ) തന്റെ പ്രത്യേക ഗുണങ്ങൾ കാരണം ആവുന്നത്ര പ്രവാചകഗുണങ്ങളോട് അടുത്ത് നിൽക്കുന്നു. എങ്കിൽ പോലും വാഗ്ദത്ത മസീഹി(അ)ന്റെ എല്ലാ ഗുണങ്ങളും അദ്ദേഹത്തിലും പരിവൃതമായിട്ടില്ല.

വിശദീകരിച്ചിട്ടുണ്ട്. ഞാൻവരെയുള്ള വാഗ്ദത്ത മസീഹിന്റെ ഖലീഫമാരിലെല്ലാം വാഗ്ദത്ത മസീഹി(അ)ന്റെ ചില വർണ്ണങ്ങളും ഗുണങ്ങളും പ്രതിഫലിക്കുന്നുണ്ട്. ചിലരിൽ ചില അദ്ധ്യാപനങ്ങളും ഗുണങ്ങൾ കൂടുതൽ പ്രകടിതമാവും. ഖലീഫമാരായ ഞങ്ങളിലാരിലും തന്നെ വാഗ്ദത്ത മസീഹി(അ)ന്റെ എല്ലാ ഗുണങ്ങളും പൂർണ്ണമായും പ്രകാശികതമാവില്ല. ഹദ്റത്ത് മുസ്‌ലീഹ് മൗഊദ്(റ) തന്റെ പ്രത്യേക ഗുണങ്ങൾ കാരണം ആവുന്നത്ര പ്രവാചകഗുണങ്ങളോട് അടുത്ത് നിൽക്കുന്നു. എങ്കിൽ പോലും വാഗ്ദത്ത മസീഹി(അ)ന്റെ എല്ലാ ഗുണങ്ങളും അദ്ദേഹത്തിലും പരിവൃതമായിട്ടില്ല. അദ്ദേഹത്തിന് ശേഷമുണ്ടായ ഒരു ഖലീഫമാരിലും അത്പോലെ ഉണ്ടായിട്ടില്ല. അതുകൊണ്ട് ആദ്യമായി പ്രവാചകനും ഖലീഫയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കൽ പ്രധാനപ്പെട്ടതാണ്.

ഖലീഫമാരെ സംബന്ധിച്ചേടത്തോളം പ്രത്യേകമായുള്ള പ്രാർത്ഥനയുടെ ഫലമായി ഓരോ സംഭവങ്ങൾ ഉണ്ടാവുമ്പോഴും ഇന്നയിന്നകാര്യങ്ങളെ സംബന്ധിച്ച് ഹൃദയത്തിൽ അഗാതമായ ഒരു സംതൃപ്തിയുണ്ടാവും. ഇങ്ങനെയാണ് നാം അത് നല്ലതാണെന്നും ശരിയായ ദിശയിലാണെന്നും തിരിച്ചറിയുന്നത്. ഒരു ഖലീഫ ഒരു കാര്യം സ്വയം തീരുമാനിക്കുകയാണെങ്കിൽ (അത് അല്ലാഹുവിൽ നിന്നും നേരിട്ട് അറിയിക്കപ്പെടുന്നതല്ല.) അതായത് ഒരു ഖലീഫക്ക് തെറ്റ് പറ്റില്ല എന്ന് നാം ഒരിക്കലും പറയാറില്ല. ജമാഅത്തുമായി (അഹ്മദിയ്യാ ജമാഅത്ത്) ബന്ധപ്പെട്ട ഖലീഫയുടെ തീരുമാനങ്ങൾ ജമാഅത്തിന്ന് ഗുണകരമാവാൻ സർവ്വ ശക്തനായ അല്ലാഹു ആ തീരുമാനത്തിന്റെ എല്ലാ നിഷേധാത്മകമായ സ്വാധീനങ്ങളിൽ നിന്നും സംരക്ഷണം നൽകും. അതായത് ഖലീഫക്ക് പിഴവ് പറ്റിയാൽപോലും അല്ലാഹു സംരക്ഷണം നൽകും. ഇക്കാര്യം നാം ഇതിന് മുമ്പ് നല്ലത് പോലെ വിശദീകരിച്ചിട്ടുണ്ട്.

**അമർ സഫീർ**: ഹുസൂർ ഞാൻ അങ്ങയോട് ഒന്ന് ചോദിക്കട്ടെ അങ്ങ് എങ്ങനെയാണ് ദൈവവുമായി സംവദിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: പ്രാർത്ഥനയിലൂടെയോ സ്വപ്നത്തിലൂടെയോ ഏതെങ്കിലുമൊരു വഴിയിലൂടെ സംഭവിക്കുന്ന കാര്യങ്ങൾ അല്ലാഹു എന്റെ ഹൃദയത്തിൽ ഇട്ടുതരുന്നു. ഇത് നല്ല പ്രവർത്തനവുമായി മുന്നോട്ടു പോകാൻ സർവ്വശക്തനായ അല്ലാഹുവിന്റെ പക്കലിൽ നിന്നുള്ളതാണെന്ന് ഞാനറിയുന്നു. ചിലപ്പോൾ അത് പ്രാർത്ഥനയിലായിരിക്കും മറ്റുചിലപ്പോൾ അല്ലാഹുവിൽ നിന്നും അത് എന്റെ ഹൃദയത്തിൽ വളരെ ആഴത്തിൽ കോറിയിടപ്പെടുന്നു. ചിലപ്പോൾ പ്രാർത്ഥനാ സമയത്ത് അത് ഹൃദയത്തിൽ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നു. ഇത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന് എനിക്ക് ദൃഢബോദ്ധ്യം വരുന്നു. എനിക്ക് വെളിപാടുകൾ ലഭിക്കുന്നു എന്ന് ഞാൻ പറയുന്നില്ല. പക്ഷേ ചിലപ്പോൾ ഖുർആനിക വചനങ്ങളിലൂടെ അല്ലാഹു എനിക്ക് കാര്യങ്ങൾ അറിയിക്കാറുണ്ട്. അതിന്റെ അർത്ഥത്തിലൂടെയും വ്യഖ്യാനത്തിലൂടെയും അത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന് ഞാനറിയുന്നു.

**അമർ സഫീർ**: ഹുസൂർ അങ്ങേക്ക് കശ്ഫിന്റെ അനുഭവമുണ്ടായിട്ടുണ്ടോ?

**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ചിലപ്പോൾ ഞാൻ ഒരാൾക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ അയാളുടെ മുഖം എന്റെ മുമ്പിൽ പ്രത്യക്ഷമാകാറുണ്ട്. അത് കശ്ഫ് ആയിരിക്കുമെന്ന് എനിക്ക് പറയാൻ സാദ്ധ്യമല്ല. അല്ലെങ്കിൽ ഞാൻ ഒരു കശ്ഫ് ദർശിക്കുന്നതുമായിരിക്കാം. അപ്പോൾ എന്നിൽ ഒരു പ്രത്യേകമായ അവസ്ഥ സംജാതമാകാറുണ്ട്.

**അമർ സഫീർ**: ഹുസൂർ അങ്ങ് ഒരിക്കൽ ഖുത്ബയിൽ പറയുകയുണ്ടായി വാഗ്ദത്ത മസീഹിനെ സന്ദർശിക്കാൻ ആളുകൾ വരുമ്പോൾ അയാളുടെ നിലയെ പറ്റി അല്ലാഹു ദർശനത്തിൽ കാണിച്ചുകൊടുക്കുമായിരുന്നുവെന്ന്. ഇക്കാര്യം ഞാൻ കൗതുകപൂർവ്വം കേൾക്കുകയുണ്ടായി. ഹുസൂർ, അവിടുത്തെ കാണാനായി ആളുകൾ വരുമ്പോൾ ആ വ്യക്തിയുടെ അവസ്ഥയെ സംബന്ധിച്ച് അവിടുത്തെ അല്ലാഹു അറിയിക്കാറുണ്ടോ?

**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**: ഇത് സാദ്ധ്യമാണ്. ചിലപ്പോൾ എനിക്ക് ഒരാളുടെ മുഖഭാവം നോക്കി അയാളുടെ അവസ്ഥ പറയാൻ സാധിക്കും. ചിലപ്പോൾ ചില ആളുകളെപറ്റി സംഭവിക്കാൻ പോകുന്ന കാര്യങ്ങൾ അവരെ അറിയിക്കാറുണ്ട്. അവർ വിചാരിക്കും ഞാനത് അല്ലാഹുവിൽ നിന്ന് അറിഞ്ഞതാണെന്ന്. ആ അറിവ് ഞാൻ അവരുടെ മുഖം വായിച്ചെടുക്കുന്നതാണ്. അവരുടെ ശരീര ഭാഷയിൽ നിന്നും പൊതു നിരീക്ഷണത്തിൽ നിന്നും വായിച്ചെടുക്കുന്നതാണ്. അത് ഒരു മനശ്ശാസ്ത്രജ്ഞനും സൂക്ഷ്മ നിരീക്ഷണത്തിലൂടെ ഗ്രഹിച്ചെടുക്കാവുന്നതാണ്. മാത്രമല്ല ചിലപ്പോൾ ചില വ്യക്തികളെ കുറിച്ച് അല്ലാഹു എന്റെ ഹൃദയത്തെ അറിയിക്കാറുണ്ട്. അവരുടെ കുറവുകളെ കുറിച്ചോ ദൂഷ്യങ്ങളെ കുറിച്ചോ അറിയിക്കാറുണ്ട്. ഇത് എന്റെ ഹൃദയത്തിൽ ഒരു തരം ഓളം ഉളവാക്കാറുണ്ട്. (തുടരും)

***(The Review of Religions March 2021)***

www.alislam.org

# വെളിപാടുകൾ നിഷേധിക്കുന്ന കാലം

ദൈവവുമായുള്ള മനുഷ്യ ബന്ധങ്ങളുടെ ഏറ്റവും പാവനവും സമുന്നതവും അമൂർത്തവുമായ വിനിമയ മാധ്യമമാണ് വെളിപാടുകൾ മനുഷ്യന്റെ ബോധമണ്ഡലത്തെ സക്രിയവും സർഗ്ഗാത്മകവും സന്മാർഗ്ഗോന്മുഖവുമാക്കുന്ന വെളിപാടുകൾ നിലച്ചുപോയാൽ അവശേഷിക്കുന്നത് ചേതനയറ്റ മൃത്യുലോകം മാത്രമാണ്.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

അവസാനമായി, നാം പ്രവാചകേതരമായ വെളിപാടിന്റെ വിഷയത്തിലേക്ക് കടക്കുകയാണ്. പ്രവാചകത്വ പരിസമാപ്തിയോടെ പ്രവാചകേതരമായ വെളിപാടുകളുടെ പ്രതിഭാസവും നിലച്ചുപോയി എന്നത് അംഗീകരിക്കാൻ പ്രയാസകരമായ കാര്യമാണ്. ദൈവത്തിലുള്ള അചഞ്ചലവും അഗാധവുമായ വിശ്വാസത്തിന് ദൈവിക വെളിപാടുകളുടെ തുടർച്ച, ഒഴിച്ചു കൂടാൻ പറ്റാത്തതാണ്. അത് യുക്തിപരമായ ഗവേഷണങ്ങൾ കൊണ്ട് മാത്രം ലഭിക്കുന്ന ഒന്നല്ല. സർവ്വജ്ഞാനിയും സർവ്വശക്തനുമായ ഒരു ദൈവത്തിന്റെ അസ്തിത്വത്തിലുള്ള വിശ്വാസം ദൃഢീകരിക്കാൻ വെളിപാടുകൾ എപ്പോഴും ഒരു മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്.

വെളിപാടുകൾ പ്രവാചകത്വ പദവിയിൽ മാത്രം ഒതുങ്ങുന്നതല്ല. അത് ദൈവവും മനുഷ്യനുമായുള്ള വിനിമയ ബന്ധത്തിനുള്ള ഒരു ഉപാധിയാണ്. അത് സാർവ്വത്രികമായി പങ്ക് വെക്കാവുന്ന അനുഭവമാണ്. അത് നിഷേധിക്കുക എന്നാൽ വിശ്വവ്യാപകമായി ദശലക്ഷക്കണക്കിനുള്ള ആളുകളുടെ കാലാകാലങ്ങളിലായി നൽകിയ സത്യസാക്ഷ്യത്തിന്റെ നിഷേധമായിരിക്കും.

വെളിപാടുകൾ കൂടുതലായി നൽകപ്പെട്ടത് ദൈവത്തിന്റെ അഭീഷ്ടത്തിന്നായി സമ്പൂർണ്ണമായും സമർപ്പിക്കപ്പെട്ട അവന്റെ ദാസൻമാരിലാണ്. ദൈവത്തിൽ വിശ്വസിക്കാത്തവരിലും അഥവാ അമൂർത്തമായി അവന്റെ അസ്തിത്വത്തിൽ അവ്യക്തമായി മാത്രം വിശ്വസിക്കുന്നവരും നേരിയ തോതിൽ വെളിപാടുകൾ കൊണ്ട് അനുഗ്രഹീതരാവുന്നു. അതേ വെളിപാടുകൾ തന്നെ ഭൗതിക നേട്ടങ്ങളും ലൗകിക ആസ്വാദനങ്ങളും വൃഥാ തേടുന്ന അത്യധികം പാപികളായ ആളുകളിലും ഇറങ്ങുന്നു. അവർ ഈ വിധം ആയിരുന്നാൽ പോലും ദൈവത്തിന്റെ മഹത്വം വല്ലപ്പോഴെങ്കിലും അവരിൽ കടാക്ഷിക്കുന്നത് സമ്പൂർണ്ണമായും തടയപ്പെട്ടിട്ടില്ല. ദൈവത്തിൽ നിന്നുള്ള സത്യമായ സ്വപ്നങ്ങൾ, ദർശനങ്ങൾ, ശാബ്ദിക വെളിപാടുകൾ ഇവ എപ്പോഴെല്ലാം ആർക്കെല്ലാം നൽകുവാൻ അവൻ ഇഷ്ടപ്പെടുന്നുവോ അത് തടയാൻ ആർക്കും സാധ്യമല്ല.

വെളിപാടുകൾ എന്നത് എപ്പോഴും അത് ലഭിക്കുന്നയാളുടെ സാത്വികതയെ സൂചിപ്പിക്കുന്നില്ല. ചിലപ്പോൾ വിപുലമായ തോതിൽ മനുഷ്യ വംശത്തിനു ഒരു താക്കീതെന്നോണം വെളിപാടുകൾ പ്രവർത്തിക്കുന്നു. അതായത് ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ചും അവൻ ഇഷ്ടപ്പെടുന്നവരുമായി വിനിമയം നടത്താൻ അവനു കഴിയുമെന്നത് സംബന്ധിച്ചും മനുഷ്യനെ ഓർമ്മിപ്പിക്കാൻ വേണ്ടിയാണത്. അത്തരത്തിലുള്ള ദൈവത്തിന്റെ അൽപമാത്ര വെളിപാടുകൾ ഒരു മതത്തിന്റെയോ രാജ്യത്തിന്റെയോ കാലഘട്ടത്തിന്റെയോ സവിശേഷ ഗുണമൊന്നുമല്ല. അത് എല്ലാവർക്കും പൊതുവായുള്ളതാണ്. അത് അങ്ങനെയല്ലായിരുന്നുവെങ്കിൽ ദൈവവും വെളിപാട് സമ്പ്രദായവും നിലനിൽക്കുന്നുവെന്നതിലുള്ള വിശ്വാസത്തിന് മങ്ങലേൽക്കുമായിരുന്നു. അൽപമാത്ര വെളിപാടുകൾ മരുഭൂമിയിലെ ഒറ്റപ്പെട്ട അപ്രതീക്ഷിത ജലവർഷം പോലെയാണ്. മൃതിപ്പെട്ടു കിടക്കുന്ന വിശാലമായ ഭീകര മണൽപരപ്പിൽ ജീവൽദായകമായ മരുപ്പച്ച സൃഷ്ടിക്കുന്നത് പോലെയാണത്.

സാർവ്വത്രികമായ ഈ സത്യസാക്ഷ്യം ചില അവിശ്വാസികൾ മാനസികമായ മതിഭ്രമം എന്ന് പറഞ്ഞ് നിഷേധിക്കുന്നു.

മാനസികമായ മതിഭ്രമം ഒരു യാഥാർത്ഥ്യമാണ്. അത് തീർച്ചയായും നിഷേധിക്കാൻ സാധ്യമല്ല. പക്ഷേ ദിവ്യവെളിപാടുകൾ സാധാരണ മാനസികമായ പിച്ചുപേയും പറച്ചിലുകളിൽ നിന്നും തികച്ചും വിഭിന്നമാണ്. ഒന്നുമറ്റൊന്നുമായി കൂടിക്കുഴഞ്ഞ് ആശയകുഴപ്പമുണ്ടാവാൻ പാടില്ല. അവ തമ്മിലുള്ള വ്യത്യാസം ജീവിതവും മരണവും പോലെയും വെളിച്ചവും ഇരുളും പോലെ വളരെയധികവും സുവ്യക്തമാണ്. എന്തായിരുന്നാലും പ്രവാചകന്റെ കാലഘട്ടത്തിൽ നിന്നും നാം അകലുന്തോറും യഥാർത്ഥ വെളിപാടുകളുടെ തെളിവുകൾ അപൂർവ്വമായി വരുന്നു എന്ന വസ്തുതയും ഒരു യാഥാർത്ഥ്യമാണ്. ഭൗതികതയുടെ വർദ്ധിച്ചു വരുന്ന സ്വാധീനം മനുഷ്യന്റെ മനസ്സിനെ മലീനീകരിക്കുകയും ശുദ്ധ ഹൃദയത്തെ ജീർണ്ണിപ്പിക്കുകയും ചെയ്യുന്ന ഒരു വിഷമായി ജനങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. അതേ അനുപാതത്തിൽ ദിവ്യവെളിപാടുകളിലുള്ള മനുഷ്യന്റെ വിശ്വാസവും നശിപ്പിക്കപ്പെടുന്നു. അങ്ങനെ സന്ദേഹ വാദത്തിന്റെ ഹിമയുഗം ആരംഭിക്കുകയും ആത്മീയ മരണം ആരംഭിക്കുകയും ചെയ്യുന്നു. പിന്നെ അതിജീവിക്കുന്നതെല്ലാം കളവും വ്യാജവുമാണ്. കാപട്യം നുഴഞ്ഞിറങ്ങുകയും അത് മതത്തെ കളങ്കിതമാക്കുകയും ചെയ്യുന്നു. വിശ്വാസത്തെ വ്യാജപ്പെടുത്തിക്കൊണ്ടുള്ള ഒരു ജീവിതമാണ് മിക്ക വിശ്വാസികളും നയിക്കുന്നത്.

മനുഷ്യൻ വ്യാപരിക്കുന്ന എല്ലാ ഇടങ്ങളിൽ നിന്നും പ്രായോഗികമായി സത്യം അപ്രത്യക്ഷമായി. സംശയങ്ങളും, അവിശ്വാസവും പോലും വിശ്വാസത്തിന്റെ മേഖലയിലേക്ക് അതിക്രമിച്ചു കടക്കുകയാണ്. ദൈവികതയുടെ പിൻമാറ്റത്തിന്റെ സ്പന്ദനമാണ് എല്ലായിടത്തും കേൾക്കുന്നത്. എങ്കിലും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ഒരിക്കലും മുഴുവനായും നിലച്ചു പോവില്ല. വെളിപാടുകൾ വിശ്വാസത്തെ പുനരുജ്ജീവിപ്പിച്ചു കൊണ്ടേയിരിക്കും.ദൈവ സ്നേഹത്താൽ പ്രകാശിക്കുന്ന വ്യക്തികൾ ഈ കൂരാകൂരിരുട്ടിലും ഉണ്ടാവുന്നു. അതുല്യമായ സമുജ്ജ്വല ശോഭയോടെ ദൈവം അവരിൽ വെളിപ്പെടുന്നു. സന്ദേഹത്തിന്റെയും അജ്ഞാനത്തിന്റേയും ഈ കാലഘട്ടത്തിൽ ആരിലെങ്കിലും ഉണ്ടാവുന്ന അൽപമാത്ര വെളിപാടുകളുടെ സ്ഫുരണങ്ങൾ ദൈവത്തിൽ സമർപ്പിതനായ ഒരു ദാസനുമേൽ അവൻ ചൊരിയുന്ന സ്നേഹപ്രകടനവുമായി താരതമ്യപ്പെടുത്താനാവില്ല. ഇത് വിശുദ്ധ ഖുർആന്റെ അചഞ്ചലമായ സന്ദേശമാണ്. അത് വിശ്വാസികൾക്ക് ദിവ്യവെളിപാടുകളുടെ അനുഗ്രഹം എക്കാലത്തും നിലക്കാത്ത രീതിയിൽ വാഗ്ദാനം ചെയ്യുന്നു. ഖുർആൻ റസൂൽ തിരുമേനി(സ)യോട് ഇപ്രകാരം പ്രഖ്യാപിക്കാൻ ആജ്ഞാപിക്കുന്നു.

**പറയുക, തീർച്ചയായും ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യവെളിപാട് ഉണ്ടായിരിക്കുന്നു. അതിനാൽ നിങ്ങളിൽ പെട്ട ഏതെങ്കിലുമൊരാൾ തന്റെ നാഥനെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നുവെങ്കിൽ(ഞാൻ ചെയ്തത് പോലെ) അയാളും സൽക്കർമ്മങ്ങൾ ചെയ്യുകയും തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർ ക്കാതിരിക്കുകയും ചെയ്യട്ടെ (വിശുദ്ധ ഖുർആൻ. 18:111)**

*'കണ്ടു മുട്ടാൻ ആഗ്രഹിക്കുക'* എന്ന പ്രയോഗം വ്യക്തമായും വെളിപാടുകളെ സംബന്ധിച്ച് മേൽ പരാമർശവുമായി ബന്ധിച്ചിരിക്കുന്നു. പക്ഷേ ഇത് സംബന്ധിച്ച് ആരുടേയെങ്കിലും യോഗ്യതാ നിർണ്ണയം മനുഷ്യന്റെ പരിധിയിൽപ്പെട്ടതല്ല. അത് എപ്പോഴും ദൈവത്തിന്റെ നിർണ്ണയങ്ങളിൽപ്പെട്ടതാണ്.

പരീക്ഷണങ്ങളുടെ ഘട്ടത്തിൽ സ്ഥിരചിത്തരായി നിലകൊള്ളുകയും ദൈവത്തോടും കൂറു കാണിക്കുകയും ചെയ്യുന്ന ഏതൊരു വിശ്വാസിക്കും അത്തരത്തിലുള്ള വെളിപാടുകൾ നൽകുന്നമെന്നത് സംബന്ധിച്ച വാഗ്ദാനം അതിനെക്കാൾ കൂടുതൽ വ്യക്തതയോടെ മറ്റു വചനങ്ങളിലും കാണാം.

**നിങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി (ഈ വാദത്തിൽ) നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും (എന്നിട്ട് മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ് (41: 31-32)**

വെളിപാടുകൾ തുടർന്നും ഉണ്ടാവും. ഈ കാര്യത്തിൽ ഈ വചനം യാതൊരു സംശയത്തിനും ഇടം നൽകുന്നില്ല. ഖുർആൻ വീണ്ടും പറയുന്നു.

**എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ നിന്നോടു ചോദിക്കുന്നു. (അവരോട് പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. എന്നെ പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അതിനാൽ അവരും എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. (2:187)**

ഇവിടെ ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്ന

വർക്കും അവന്റെ വിളിക്ക് കീഴ്‌വണക്കത്തോടു കൂടി ഉത്തരം നൽകുന്നവർക്കുമെല്ലാം വെളിപാടുകൾ വാഗ്ദാനം ചെയ്തുകൊണ്ട് അതിന്റെ വൃത്തം വിപുലപ്പെടുത്തിരിക്കുകയാണ്.

ചുരുക്കത്തിൽ ശാശ്വത പ്രതീക്ഷയുടെ മതമായ ഇസ്‌ലാം ഒരിക്കലും ദൈവവുമായുള്ള വിനിമയ ബന്ധം ഭൂതകാലത്തിലേക്ക് മാത്രം ചുരുക്കിക്കളയുകയില്ല. മനുഷ്യ കാര്യങ്ങളിൽ കാരുണ്യവാനായ മാർഗ്ഗദർശകൻ എന്ന നിലക്കുള്ള ദൈവത്തിന്റെ താൽപര്യം ഒരിക്കലും നിലച്ചു പോകാത്തതാണ്. അവനെ അന്വേഷിക്കുമ്പോൾ കണ്ടെത്തുന്നു. അവനോടു പ്രാർത്ഥിക്കുമ്പോൾ അതിന്നുത്തരം നൽകപ്പെടുന്നു. അവൻ അനന്തനാണ്. അവന്റെ ഗുണങ്ങൾ ഒരിക്കലും തന്നെ അവസാനിക്കുന്നില്ല.

മനുഷ്യന് എപ്പോഴും ദിവ്യ വെളിപാടുകളുടെ ആവശ്യമുണ്ട്. പ്രവാചകത്വത്തിന് ശേഷം വെളിപാടുകളാണ് യുക്തിപരവും തത്വശാസ്ത്രപരവുമായ ഗവേഷണങ്ങൾക്കുപരിയായി വിശ്വാസത്തിന്റെ വെളിച്ചം ഉയർത്തിപ്പിടിച്ചത്. വെളിപാടുകളിലൂടെയാണ് മനുഷ്യൻ ജീവനുള്ള ദൈവത്തിന്റെ അസ്തിത്വം വീണ്ടും സ്ഥിരീകരിച്ചത്. ദൈവ സംപ്രാപ്തിയുടെ അത്തരം അടയാളങ്ങൾ ആത്മനിഷ്ഠാപരമായ രീതിയിൽ മാത്രമല്ല നൽകപ്പെട്ടത്. അവ വസ്തു നിഷ്ഠാപരമായും പരിശോധിക്കപ്പെടാവുന്ന വിധത്തിലായിരുന്നു. എല്ലാ സന്ദേഹങ്ങളേയും വിപാടനം ചെയ്തു കൊണ്ട് ദൃഢമായ ബോധ്യത്തിനു മീതെയാണ് വെളിപാടുകൾ, വിശ്വാസം കെട്ടിപ്പടുക്കുന്നത്. സമകാലീന ഇസ്‌ലാമിന്റെ ഏറ്റവും വലിയ ദുരന്തം മധ്യകാല മുസ്‌ലിം പുരോഹിതൻമാരുടേയും ആധുനിക ബുദ്ധി ജീവികളുടേയും വശ്യശക്തിക്ക് വിധേയപ്പെട്ടുപോയി എന്നതാണ്. ബഹുഭൂരിപക്ഷത്തിനെയും ഇപ്രകാരം നിശ്ചേതനരാക്കി കൊന്നത് മധ്യകാല മനസ്ഥിതിക്കാരായ പുരോഹിതൻമാരായിരുന്നു. എന്നാൽ അല്ലാമാ ഇക്‌ബാലിനെ പോലെയുള്ള മഹാൻമാരായ ചിന്തകൻമാരും മൗദൂദിയെ പോലെയുള്ള ദൈവ ശാസ്ത്രികളും അവശേഷിച്ചവരെ കൊല്ലാൻ മത്സരിക്കുകയായിരുന്നു. നിഷേയുടെ ഏറ്റവും കഴിവുറ്റ ശിഷ്യനായിരുന്നു ഇക്ബാൽ. അദ്ദേഹം ദൈവികമായ മാർഗ്ഗദർശനത്തെ എന്നെന്നേക്കുമായി നശിപ്പിച്ചു കളഞ്ഞു. സെന്റ് പോളിന്റെയും ബഹായിസത്തിന്റേയും സങ്കര സന്തതിയായ മൗദൂദി, പ്രവാചകത്വത്തെയും ഇല്ലാതാക്കി. ദൈവത്തിന്റെ ശാപം വിളിച്ചു വരുത്തുന്നതിന്റെ മുന്നോടിയാണിത്. അതായത് ഈ രണ്ട് അതികായൻമാർക്കും ഇടയിൽ പ്രവാചകത്വത്തിന്റേയോ വെളിപാടിന്റേയോ യാതൊന്നും തന്നെ അവശേഷിക്കുന്നില്ല. സർവ്വ പ്രതീക്ഷകളും ശൂന്യമാക്കി, ഇസ്‌ലാമിനെ അവർ വിട്ടിരിക്കുന്നു. അവരുടെ തത്വശാസ്ത്രത്തിന്റെ ആകത്തുകയുടെ യാഥാർത്ഥ്യം വെളിപ്പെടുത്താൻ ആധുനിക ഉറുദു മഹാകവി ഫൈസ് അഹ്മദ് ഫൈസിന്റെ വരികളേക്കാൾ ഉചിതമായ മറ്റൊന്നില്ല.

***ഓരോ കാലടിപ്പാടുകത്രയും ഏതോ, പൊടിപടലങ്ങൾ മൂടിയിരിക്കുന്നു.***

***വിളക്കണച്ചേക്കൂ, ചഷകങ്ങളും വീണ്ടു പാത്രവും എടുത്തു മാറ്റൂ***

***നിദ്രാവിഹീനങ്ങളായ നിന്റെ വാതായനങ്ങൾ***

***അടച്ചു ബന്ധിച്ചേക്കൂ.***

***ഇല്ല. ആരും വരില്ല! ആരും ഒരിക്കലും വരാനില്ല!!***

അഹോ കഷ്ടം, എല്ലാ മതങ്ങളുടെയും ആത്മാവും ചൈതന്യവുമായി വർത്തിക്കുന്ന പ്രവചനങ്ങളും വെളിപാടുകളും ഇസ്‌ലാമിൽ നിന്നും എടുത്തു മാറ്റിയിരിക്കുന്നു. അവശേഷിക്കുന്നത് എല്ലാം കൂടി ജീവച്ഛവം പോലെയുള്ള ഒരു സ്ഥിതിമാണ്. ഈർഷ്യയുളവാക്കുന്ന നിരർത്ഥകമായ ജീവന്റെ പ്രതീകം! ചരിത്രത്തിന്റെ ചുമരുകളിൽ എഴുതി വെച്ച സന്ദേശം അവർക്ക് എന്തുകൊണ്ട് വായിക്കാൻ കഴിയുന്നില്ല?

മതപരമായ അനുഭവങ്ങളിൽ നിന്നും വെളിപാടിനെ ഒഴിച്ചു നിർത്തിയാൽ മതം പിന്നെ ഇതിഹാസങ്ങളും മിത്തുകളുമായി ചുരുങ്ങും. ദിവ്യവെളിപാടുകൾ ഇല്ലായ്മ ചെയ്താൽ ആത്മീയ ജീവിതത്തിന് ഉടൻ തന്നെ അതിന്റെ അർത്ഥം നഷ്ടപ്പെടുകയും മതത്തിന് അതിന്റെ ഉദ്ദേശം വിനഷ്ടമാവുകയും ചെയ്യും.

വെളിപാടുകൾ വിശ്വാസത്തെ പ്രബുദ്ധമാക്കുകയും ആത്മാവിനെ പ്രോജ്ജ്വലിപ്പിക്കുകയും. വിശ്വാസത്തിൽ ചൈതന്യം നിറക്കുകയും ചെയ്യുന്നു. നിരീശ്വരത്വം കലർന്ന വിശാദാത്മകത, ഭൗതികാന്ധകാരത്തിന്റെ ഉച്ചസ്ഥായിയിലെത്തുമ്പോൾ വെളിപാടുകളാണ് വെളിച്ചം പകർന്നു കൊണ്ട് നിരാശയെ പ്രതീക്ഷയാക്കി മാറ്റുന്നത്. അവിശ്വാസത്തിന്റെ കാളരാത്രിയെ അത് വിശ്വാസത്തിന്റെ പ്രഭാതമാക്കി മാറ്റുന്നു. ചന്ദ്രികയില്ലാത്ത ഇരുൾ മുറ്റിയ രാവിൽ താരകങ്ങളെങ്ങനെയാണോ അതുപോലെയാണ് വിശ്വാസ രാഹിത്യത്തിന്റെ അന്ധകാരത്തിൽ, വെളിപാടുകൾ വർത്തിക്കുന്നത്.

പ്രവാചകത്വത്തിന് അന്ത്യം വരുത്തുക. വെളിപാടുകളുടെ വീഥിയിൽ മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുക. എന്നിട്ട് അതിനെ അന്ത്യദിനം എന്നും വിളിക്കുക! അപ്പോൾ സമ്പൂർണ്ണ മൃത്യുവല്ലാതെ പിന്നീട് മറ്റൊന്നും അവശേഷിക്കില്ല.

***(വെളിപാട് യുക്തി ജ്ഞാനം സത്യം - ഹദ് റത്ത് മിർസാ ത്വാഹിർ അഹ്മദ്)***

# സ്വർഗ്ഗത്തിൽ കർമ്മം ചെയ്യണമോ?

സ്വർഗ്ഗം നിശ്ചലമായ ഒരിടമല്ല. അവിടെയും മനുഷ്യന്ന് പുരോഗതിയും വികാസവുമുണ്ട്.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

പരലോകത്ത് മനുഷ്യന്റെ കർമ്മങ്ങൾ അവസാനിക്കുമോ? അവിടെ അവൻ വയസ്സായ ഒരാളെ പോലെ തീറ്റയും കുടിയിലും മാത്രം നിരതനായിരിക്കുമോ? അതോ ഏതെങ്കിലും കർമ്മത്തിൽ ഏർപ്പെട്ടിരിക്കുമോ?

മനുഷ്യന്റെ ജീവിതം തന്നെ കർമ്മങ്ങളാകുന്നു എന്നതാണ് ഇതിന് നൽകാനുള്ള ഉത്തരം. ഒരാളെ അയാളുടെ കർമ്മങ്ങളിൽ നിന്നും വേർപ്പെടുത്തുക എന്നു വെച്ചാൽ അയാളുടെ ജീവിതം ഉപയോഗശൂന്യമാക്കുക എന്നർത്ഥമാക്കുന്നു. കർമ്മരഹിതമായ ജീവിതം മരണത്തേക്കാൾ ചീത്തയാകുന്നു. നിഷ്ക്രിയമായ ജീവിതം നല്ലൊരുകാര്യമാണെങ്കിൽ ഈ ലോകത്തെ അലസ ജീവിതം നയിക്കുന്നവരെല്ലാം ഉത്തമന്മാരായി പരിഗണിക്കപ്പെട്ടിരിക്കുമായിരുന്നു. സക്രിയമായ ജീവിതത്തിന്റെ ആനന്ദം നുകർന്നിട്ടുള്ളവർക്കറിയാം, കർമ്മവും കർമ്മത്തിലുള്ള മുന്നേറ്റവുമാണ് യഥാർത്ഥത്തിലുള്ള ആനന്ദവും സുഖവുമെന്ന്. ഉദാസീനമായ ജീവിതം വിഡ്ഢിയുടെ സ്വർഗ്ഗമാണ്; ബുദ്ധിയുള്ള വരാരും അതിനെ നന്മയായി കാണുകയില്ല. ഖുർആൻ പറയുന്നു:

അവരുടെ മുന്നിലും വലത് വശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും, ഞങ്ങളുടെ നാഥാ ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചു തരേണമേ; ഞങ്ങൾക്ക് പൊറുത്തു തരേണമേ, തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. (66:9)

അതായത് ഓരോ വിശ്വാസിയും പുരോഗതിപ്പെട്ടുകൊണ്ടുരിക്കുകയും പുതിയ പുതിയ പടവുകൾ കണ്ടു കൊണ്ടിരുക്കുകയും അത് പ്രാപിക്കാനുള്ള ആഗ്രഹത്തോടെ അതിന് വേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു.

ഒരു സത്യവിശ്വാസിക്ക് സ്വർഗ്ഗത്തിൽ തളർച്ച അനുഭവപ്പെടുകയില്ല. (15:49)

സ്വർഗ്ഗത്തിലും കർമ്മം ഉണ്ടാകാമെന്നും എന്നാൽ അത് തളർച്ചയും ക്ഷീണവും സൃഷ്ടിക്കുകയില്ലെന്നും ഇതു മനസ്സിലാക്കിത്തരുന്നു. വീണ്ടു ഖുർആൻ പറയുന്നു:

അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക, സംതൃപ്തനായും പ്രീതിപ്പെട്ടവനായും കൊണ്ട്. എന്നിട്ട് എന്റെ ഉത്തമ ദാസരിൽ ചേർന്നു കൊള്ളുക. (89:28-31) അവിടെ ദൈവത്തിന്റെ കുറ്റമറ്റ എല്ലാ ഗുണങ്ങളും വെളിപ്പെടുമാറാകുന്നു,

മനുഷ്യൻ ഈ ലോകത്തു വെച്ചും കർമ്മങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിലും യഥാർത്ഥമായ കർമ്മങ്ങളുടെ കാലം മരണത്തിന് ശേഷമാണ് ആരംഭിക്കുന്നത്. അപ്പോഴാണ് ഒരു സത്യവിശ്വാസി ദൈവത്തിന്റെ യഥാർത്ഥ ദാസനായി ത്തീരുന്നത്. എന്തു കൊണ്ടെന്നാൽ, ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ ലയിപ്പിക്കാനുള്ള പൂർണ്ണമായ അവസരം അവന് കൈവരുന്നത് അപ്പോൾ മാത്രമാണ്.

ആകയാൽ മനുഷ്യന്റെ കർമ്മങ്ങൾ അവിടെ അവസാനിക്കുന്നതല്ല. മറിച്ചു അത് വർദ്ധിക്കുകയാണ് ചെയ്യുക. വിശുദ്ധ നബി (സ)പറയുന്നു:

സ്വർഗ്ഗത്തിൽ വിശ്വാസികൾക്ക് തസ്ബീഹുകളും തക്ബീറുകളും വെളിപാടുകൾ മുഖേന പഠിപ്പിക്കപ്പെടും.

ദൈവകീർത്തനത്തിനുള്ള പുതിയ സ്തോത്രവചനങ്ങളും കീർത്തന വാക്യങ്ങളും പഠിപ്പിക്കപ്പെടും എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ഈ ജോലി അവൻ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഔന്നത്യവും മഹത്വവും മനസ്സിലാക്കിത്തരുന്ന പുതിയ പുതിയ ഗുണവിശേഷങ്ങൾ അവ

ന് വെളിപ്പെടുത്തിക്കൊടുക്കുകയും അതുവഴി ആ ഗുണങ്ങളും തന്നിൽ പകർത്തുവാൻ അവൻ പരിശ്രമിക്കുകയും ചെയ്യും എന്നാണ് ഇപ്പറഞ്ഞതിന്റെ അർത്ഥം.

മുമ്പ് അറിയപ്പെട്ടിട്ടില്ലാത്ത ആ പുതിയ ഗുണവിശേഷങ്ങൾ എന്തൊക്കെയാണെന്ന് ആരെങ്കിലും ചോദിച്ചു എന്നു വരാം. ആ ഗുണവിശേഷങ്ങൾ അപ്പോൾ അറിയുമാറില്ലേ? മനുഷ്യന് അവന്റെ ഇന്ദ്രിയങ്ങൾ മുഖേന പഠിക്കനാകുന്ന അറിവുകൾ മാത്രമേ ആർജിക്കുവാൻ സാധിക്കുകയുള്ളൂ. ആകയാൽ നമ്മുടെ ഇപ്പോഴത്തെ അറിവ് നമ്മുടെ ഐന്ദ്രിക ജ്ഞാനത്തിന്റെ പരിസീമകളിൽ മാത്രം ഒതുങ്ങുന്നതാണ്. നമ്മുടെ ഇന്ദ്രിയങ്ങളുടെ ഇപ്പോഴത്തെ ഗ്രാഹക ശക്തി വച്ചു നോക്കുമ്പോൾ ഈ അറിവുകൾ പരിപൂർണ്ണം തന്നെ. എന്നാൽ പുതിയ ജ്ഞാനേന്ദ്രിയങ്ങൾ മനുഷ്യൻ സ്വായത്തമാക്കുമ്പോൾ ദൈവത്തിന്റെ പുതിയ സിഫത്തുകൾ അഥവാ പുതിയ ഗുണങ്ങൾ അവനു ഗോചരമാകുന്നതാണ്. ദൈവം അപാരനായിരിക്കയാൽ ജ്ഞാനസിദ്ധിയിലും സൂക്ഷ്മമായ അറിവിലും മനുഷ്യൻ അഭിവൃദ്ധി പ്രാപിച്ചു കൊണ്ടുപോവും. ഒരോ പുതിയ അറിവും ഓരോകർമ്മമണ്ഡലം തുറന്നിടുന്നതും അതു തുടർന്നു കൊണ്ടു പോകുന്നതുമാണ്. ദിവസം തോറും അഥവാ കാലഗതിക്കൊപ്പം മനുഷ്യന്റെ ഈ സൂക്ഷ്മമായ അറിവുകൾ, ദൈവം അറ്റം പെടാത്തവനായിരിക്കയാൽ, വർദ്ധിച്ചു കൊണ്ടേ പോകുന്നതാണ്.

ഈ ലോകം ഒരു കർമ്മഭൂമിയായിരിക്കുന്നത് പോലെ സ്വർഗ്ഗവും ഒരു കർമ്മരംഗമാകുന്നു. അല്ല അതിലുപരിയായിട്ടുതന്നെ. വ്യത്യാസം ഇത്രമാത്രം ഈ ലോകത്ത് മനുഷ്യൻ പരാജയപ്പെടാനിടയുണ്ട്. താഴോട്ട് പതിക്കാനും സാധ്യതയുണ്ട്. പരലോകത്താകട്ടെ ഇത്തരം വിപത്തുകളൊന്നുമില്ല. ആത്മീയജ്ഞാനം സംബന്ധിച്ചേടത്തോളം ഈ ലോകം ഒരു പള്ളിക്കൂടം പോലെയാണ്. അവിടെ ഒരാൾ തോൽക്കുകയോ ജയിക്കുകയോ ചെയ്യാം. എന്നാൽ, പരലോക ജീവിതം യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായശേഷം ശാസ്ത്രീയ ഗവേഷണത്തിലേർപ്പെടുന്ന ഒരാളുടെ നിലയോട് ഉപമിക്കാവുന്നതാണ്. ഇയ്യാൾ കഠിനജോലി ചെയ്യുന്നു. ചിലപ്പോൾ അയാളും കോളേജ് വിദ്യാർത്ഥിയും തമ്മിലുള്ള വ്യത്യാസം, കോളേജ് വിദ്യാർത്ഥി താൻ പരാജയപ്പെട്ടു പോകുമോ എന്ന ഭയത്തിന്നു വിധേയനാണെങ്കിൽ മറ്റേയാൾക്ക് അത്തരം ഒരു ഭയവും ഉണ്ടാകുന്നില്ല എന്നതത്രേ.

ഈ ലോകം ഒരു കർമ്മഭൂമിയായിരിക്കുന്നത് പോലെ സ്വർഗ്ഗവും ഒരു കർമ്മരംഗമാകുന്നു. അല്ല അതിലുപരിയായിട്ടുതന്നെ. വ്യത്യാസം ഇത്രമാത്രം ഈ ലോകത്ത് മനുഷ്യൻ പരാജയപ്പെടാനിടയുണ്ട്. താഴോട്ട് പതിക്കാനും സാധ്യതയുണ്ട്. പരലോകത്താകട്ടെ ഇത്തരം വിപത്തുകളൊന്നുമില്ല. ആത്മീയജ്ഞാനം സംബന്ധിച്ചേടത്തോളം ഈ ലോകം ഒരു പള്ളിക്കൂടം പോലെയാണ്. അവിടെ ഒരാൾ തോൽക്കുകയോ ജയിക്കുകയോ ചെയ്യാം. എന്നാൽ, പരലോകജീവിതം യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായശേഷം ശാസ്ത്രീയ ഗവേഷണത്തിലേർപ്പെടുന്ന ഒരാളുടെ നിലയോട് ഉപമിക്കാവുന്നതാണ്. ഇയാൾ കഠിനജോലി ചെയ്യുന്നു. ചിലപ്പോൾ അയാളും കോളേജ് വിദ്യാർത്ഥിയും തമ്മിലുള്ള വ്യത്യാസം, കോളേജ് വിദ്യാർത്ഥി താൻ പരാജയപ്പെട്ടു പോകുമോ എന്ന ഭയത്തിന്നു വിധേയനാണെങ്കിൽ മറ്റേയാൾക്ക് അത്തരം ഒരു ഭയവും ഉണ്ടാകുന്നില്ല എന്നതത്രേ.

മുകളിൽ നൽകിയ വിവരം വ്യക്തമാക്കുന്നത്. സ്വർഗ്ഗത്തിലെ യഥാർത്ഥമായ അനുഗ്രഹങ്ങളും യഥാർത്ഥമായ സുഖാനുഭൂതികളും ആത്മീയ പുരോഗതിയിലാണ് അടങ്ങിയിരിക്കുന്നതെന്നും. പൊതുവേ ആരോപിക്കപ്പെടുന്നത് പോലെ ശാരീരികമായ ഇഛകളുടെ തൃപ്തിയല്ലെന്നും ആകുന്നു. ഏറ്റവും മഹത്തായ സ്വർഗ്ഗീയ അനുഗ്രഹം ദൈവ സംതൃപ്തിയാണ്.

അല്ലാഹുവിൽ നിന്നുമുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്. (9:72)

തിരുനബി(സ)യുടെ അരുളപ്പാടനുസരിച്ച് സ്വർഗ്ഗത്തിലെ ഏറ്റവും വലിയ ആനന്ദം ദൈവദർശനമത്രെ. ചുരുക്കത്തിൽ ഒരു മുസ്‌ലിമിന്റെ സ്വർഗ്ഗം യഥാർത്ഥ ജ്ഞാനാർജനത്തിലും ആ ജ്ഞാനമനുസരിച്ചുള്ള സൽക്കർമ്മങ്ങളിലും അതോടൊപ്പം മേൽ രണ്ടു മാർഗ്ഗങ്ങളിലൂടേയും സാദ്ധ്യമായിത്തീരുന്ന ദൈവസാമീപ്യത്തിലും സായൂജ്യത്തിലുമാകുന്നു. ഇതിനേക്കാൾ മഹത്തരമായിട്ടുള്ള ഒരു ലക്ഷ്യത്തേക്കുറിച്ച് മനുഷ്യന്നു നിരൂപിക്കാൻ കഴിയില്ല.!

# പർദ്ദയും വിമർശകന്മാരും

പർദ്ദ എന്ന മാന്യവും സുരക്ഷിതവുമായ കുലീന വസ്ത്രധാരണ രീതിയെ വിമർശിക്കുന്നവരുടെ അന്തസാരശൂന്യവും കപടവുമായ വാദങ്ങൾക്ക് മറുപടി.

ബി ബി അഹമദ് കബീർ

മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെ കുറിച്ചും പ്രതിപാദിക്കുകയും വേണ്ടിടത്ത് കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന ദൈവിക ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഈ നിർദ്ദേശങ്ങളിൽ മനുഷ്യൻ എങ്ങനെയാണ് വസ്ത്രം ധരിക്കേണ്ടത് എന്നതിനെക്കുറിച്ചും ആ മഹദ് ഗ്രന്ഥം കൃത്യമായ കൽപ്പനകൾ നൽകുന്നുണ്ട്. നാം നിങ്ങൾക്ക് വസ്ത്രം ഇറക്കി തന്നു എന്നത് മുതൽ ഏറ്റവും മാന്യമായ രീതിയിൽ വസ്ത്ര ധാരണം നടത്തണം എന്നത്വരെ. ഇക്കാര്യത്തിൽ പുരുഷനും സ്ത്രീക്കും ഉള്ള കൽപ്പനകൾവരെ വിശുദ്ധ ഖുർആൻ നൽകിയിട്ടുണ്ട്. അതിൽ തന്നെ ഭയഭക്തിയെ വിവരിക്കുന്ന ഘട്ടത്തിൽ തഖ്വയുടെ വസ്ത്രം എന്നും ആ മഹദ് ഗ്രന്ഥം ആലങ്കാരികമായും പറയുന്നു.

കഴിഞ്ഞ മുപ്പത് വർഷത്തിനിപ്പുറം കേരളീയ മുസ്‌ലിം സ്ത്രീകളിലെ വസ്ത്ര ധാരണരീതിയിൽ വന്ന വളരെ പ്രകടമായ ഒരു മാറ്റം ഏറെ ചർച്ച ചെയ്യപ്പെട്ടതും ഇപ്പോഴും സജീവ ചർച്ചകളിൽ ഉൾപ്പെട്ടതുമാണ്. എല്ലാവർക്കുമറിയുന്നത് പോലെ തന്നെ മുസ്‌ലിം സ്ത്രീകളുടെ പർദ്ദധാരണം തന്നെയാണ്. തീൻ മേശയിലെ വിഭവങ്ങൾക്ക് നേരെ എപ്രകാരം കൈനീട്ടപ്പെടുന്നുവോ അപ്രകാരം ഇസ്‌ലാം ബഹുജനങ്ങളാൽ അക്രമിക്കപ്പെടുന്ന ഒരു കാലഘട്ടത്തെ കുറിച്ച് നബി തിരുമേനി (സ) കൃത്യമായി പ്രവചിച്ചിട്ടുണ്ട്. ആ പ്രവചന പുലർച്ച ഇന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്. അതിൽ സ്ത്രീകളുടെ ഇസ്‌ലാമിക വസ്ത്രധാരണ രീതിയും ഇടം പിടിക്കുന്നത് സ്വാഭാവികമാണ്.

അൽപ്പം കാലം മുമ്പ്വരെ ഉന്നതജാതിക്കാരായവരെ പ്രതിക്കൂട്ടിലാക്കി, സ്ത്രീകൾക്ക് മാറ് മറക്കാൻ അനുവാദം നൽകണമെന്ന് പറഞ്ഞ് സമരം നയിച്ചിട്ടുള്ളവരുടെ പിന്മുറക്കാരാണ് മുസ്‌ലിം സ്ത്രീകളുടെ വസ്ത്രത്തിന്റെ വലുപ്പം കൂടുതലാണെന്നും അവളുടെ ശരീരത്തിന്റെ എല്ലാ വശങ്ങളെയും മറക്കുന്നത് അനുവദിക്കാനാകില്ല എന്നും പറഞ്ഞ് കോലാഹലമുണ്ടാക്കുന്നത് എന്നതാണ് ഏറ്റവും രസാവഹമായിട്ടുള്ളത്. ഇതിന് പിന്നിലെ ചേതോവികാരം എന്നത് സ്ത്രീ എന്നും പുരുഷന് ആസ്വാദ്യകരമായ ഒരു വസ്തുവായിതന്നെ നിലനിൽക്കണമെന്നുള്ള പുരുഷ കേന്ദ്രിതമായ ഒരു യജമാന ഭാവമായിരിക്കാം. അല്ലെങ്കിൽ ഉപ്പ് തൊട്ട് കർപ്പൂരംവരെ മാർക്കറ്റ് ചെയ്യാൻ സ്ത്രീ ശരീരത്തെ ഉപയോഗിക്കുന്നവരുടെ മാർക്കറ്റ് തന്ത്രങ്ങളായിരിക്കാം. ഏറ്റവുംമധികം വിറ്റു പോകുന്നതും ഏറ്റവുമധികം ലാഭംകൊയ്യുന്നതുമായ സ്വർണ്ണവും വസ്ത്രവും സൗന്ദര്യവർധക വസ്തുക്കളും ഉൾപ്പെടെയുള്ളതിന്റെയെല്ലാം ഏറ്റവും വലിയ ഗുണഭോക്താക്കൾ സ്ത്രീകൾ തന്നെയാണല്ലോ. ഉപഭോഗ സംസ്ക്കാരം അതിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുന്ന ഒരു കാലഘട്ടത്തിൽ ഇതൊക്കെ വിറ്റയിച്ച് കോടികൾ കൊയ്യുന്ന കുത്തകകൾ അവരുടെ കച്ചവടത്തിന് വിഗാതമാവുന്ന ഏതൊന്നിന്നുമെതിരിൽ പ്രകോപിതരാവുക എന്നത് സ്വാഭാവികമാണ്.

ഇതിൽ നിന്നും വ്യത്യസ്തമായി മറ്റൊരു കൂട്ടരുണ്ട്. ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്ന എന്തിനെയും കടുത്ത ശത്രുതകൊണ്ട് മാത്രം വിമർശനത്തിന്ന് വിധേയമാക്കുന്നവർ. ഇടത് കാൽകൊണ്ട് കയറിയാലും വലത്കാൽ കൊണ്ട് കയറിയാലും അടിഉറപ്പാക്കുന്നവരാണ് ഇക്കൂട്ടർ. ഇസ്‌ലാമും മുസ്‌ലിംകളും മുന്നോട്ടു വെക്കുന്ന ഏതൊന്നിനേയും മുഖത്തടിച്ച് പ്രഹരിക്കുവാൻ വെമ്പുന്നവരാണ്. ഇക്കൂട്ടർ ഒരിക്കലും ഒരു തിരുത്തിന്ന് തയ്യാറാകുന്നില്ല. അടുത്തകാലത്ത് ഇവരിൽ പെട്ട ചില അഭിനവ ബുദ്ധിജീവികൾ പർദ്ദക്കെതിരായി ഉന്നയിക്കുന്ന വാദങ്ങൾ രസാവഹമായി തോന്നി. കാരണം ഏറ്റവും ലജ്ജാകരമായ രീതിയിൽ അൽപ്പവസ്ത്രം മാത്രം ധരിച്ച് പുറത്തിറങ്ങുന്ന സ്ത്രീകളെ കുറിച്ചോ അത്തരം വസ്ത്രങ്ങൾ ധരിച്ച് സ്ത്രീകൾ അഭിനയിക്കുന്ന സിനിമകളെ കുറിച്ചോ ഒരക്ഷരം മിണ്ടാതെ അതൊക്കെ ആസ്വദിച്ച്

നടക്കുന്നവരാണ് പർദ്ദക്കെതിരെ ചന്ദ്രഹാസമിളക്കി വരുന്നത്. ആർക്കും ഒരു ബുദ്ധിമുട്ടു മുണ്ടാക്കാതെ സ്വന്തം താൽപര്യം അനുസരിച്ച് മാന്യമായ രീതിയി ശരീരഭാഗം മുഴുവൻ മറച്ച് സ്വന്തം ശരീരത്തെ അപരരുടെ കൊത്തി ക്കീറലിൽ നിന്നും മറച്ചു നടക്കാൻ താൽപര്യപ്പെടുന്നവരെയും അവരു ടെ ബന്ധുക്കളെയും അവർ പ്രതിനിധാനം ചെയ്യുന്ന സമുദായ ത്തേയും മെക്കിട്ടു കയറുവാൻ ഇക്കൂട്ടർ കാണിക്കുന്ന ജാഗ്രത അഭിനന്ദനീയം തന്നെ എന്ന് പറയേണ്ടിയിരിക്കുന്നു. അതിന് പറയുന്ന പുത്തൻ ന്യായങ്ങളാണ് ശ്രദ്ധേയം. പർദ്ദ ഈ നാട്ടിലെ വസ്ത്രമല്ല അത് മറ്റെങ്ങുനിന്നോ വന്നതും നമ്മുടെ സംസ്ക്കാര ത്തിന്ന് അനുയോജ്യമല്ലാത്തതും ആണത്രെ. ഇത് പറയുന്ന പുരുഷ ന്മാർ അപ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രം നമ്മൾ ഒന്ന് ശ്രദ്ധിക്കണം. സായിപ്പിന്റെ നാട്ടിൽ നിന്നും വന്ന പാന്റസും ഷർട്ടും ഷൂസുമെല്ലാ മാണ് അവരുടെ വേഷം. ഇത് ഏത് നാടുകളിൽ നിന്ന് കടമെടുത്ത താണ്? അവരുടെ പിതാക്കളുടെ പിതാക്കൾ ഒരു മുണ്ട് അരയിലും ഒരു മുണ്ട് തോളത്തും ഇട്ട് ശീലിച്ചവരായിരുന്നു എന്ന് അൽപ്പ കാലം മുമ്പത്തെ ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാം. മുണ്ട് തോർത്തും ഉപേക്ഷിച്ച് പാശ്ചാത്യ വസ്ത്രം സ്വീകരിച്ച വർക്ക് ഒരു മുസ്ലിം സ്ത്രീ മതപരമായ വിശ്വാസം കൊണ്ടാ യാലും കൂടുതൽ സുരക്ഷിതത്വം തോന്നുന്നത് കൊണ്ടായാലും ആർക്കും ഉപദ്രവമില്ലാത്തതും സമൂഹത്തിന്റെ സദാചാരത്തെയും ധാർമികതെയുമൊക്കെ ബഹുമാനി ക്കുന്നതായ ഒരു വസ്ത്രം ധരിക്കാൻ ആഗ്രഹിച്ചു പോയാൽ അതിനെ കടുത്ത ഭാഷയിൽ വിമർശിക്കുന്ന എന്തുമാതിരി ന്യായമെന്നാണ് വിളിക്കേണ്ടത്. പർദ്ദയെ വിമർശിക്കുന്ന സ്ത്രീകളാ കട്ടെ അരയിലും തോളത്തുമുള്ള തുണിക്കീറ് ഉപേക്ഷിച്ച് അതിൽ തന്നെ പലർക്കും അരക്ക് മുകളില ത്തെ തുണി നിഷിദ്ധവുമായിരുന്നു. മറ്റെതോ നാടുകളിൽ നിന്നും സാരിയും ചുരിദാറും ഒക്കെ സ്വന്തം വസ്ത്രധാരണ രീതി ആക്കി മാറ്റിയവരാണ് താനും. ഇവരൊക്കെ അവരുടെ രീതിയനുസരിച്ച് ഏത് നാട്ടിലെ ഏത് വസ്ത്രവും ധരിക്കാ മെന്നിരിക്കെ എന്തിനേറെ പരിമിത വസ്ത്രം ധരിച്ചു എങ്ങിനെയും നടക്കാമെന്നിരിക്കെ മുസ്ലിം സ്ത്രീകൾ സ്വന്തം ഇഷ്ടമനുസരിച്ച് വസ്ത്രം ധരിക്കുമ്പോൾ മാത്രം കൂട്ടത്തോടെ വെട്ടു കിളി ആക്രമ ണം നടത്തുന്നതിന്റെ ഉദ്ദേശ ശുദ്ധി ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഈയ്യടുത്ത് ഒരു സാമൂഹിക നിരീക്ഷകന്റെ പർദ്ദാ വിചാരണ സോഷ്യൽ മീഡിയായിൽ കണ്ടിരു ന്നു. സായിപ്പിന്റെ വസ്ത്രധാരണം അപ്പാടെ കടമെടുത്ത് പാന്റും ഷൂസും ഷർട്ടും ധരിച്ച് നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമല്ലാത്ത പർദ്ദ മുസ്ലിം സ്ത്രീകൾ ശീലാമാ ക്കുന്നതിനെ ഒരു മുസ്ലിമല്ലാത്ത ആൾ വളരെ അവജ്ഞയോടെ വിലയിരുത്തുകയായിരുന്നു. അതി ൽ അദ്ദേഹം തൊണ്ണൂറുകളിലാണ് പർദ്ദ നമ്മുടെ നാട്ടിൽ വ്യാപകമാ വുന്നതെന്നും അതിന്ന് മുമ്പ് കാസർഗോഡ് കണ്ണൂർ ഭാഗങ്ങ ളിലും കോഴിക്കോടിന്റെ ചില ഭാഗങ്ങളിലും മാത്രം ഉണ്ടായിരുന്ന ഒന്നായിരുന്നുവെന്നും വിവരിക്കു ന്നുണ്ട്. അദ്ദേഹത്തിന്റെ വിശദീകര ണം ഈ വസ്ത്രം ഗൾഫ് സംസർ ഗ്ഗം കൊണ്ട് ഉണ്ടായതാണെന്നാണ്. നല്ലതെന്ന് തോന്നുന്നതെല്ലാം നമു ക്ക് അന്യനിൽ നിന്ന് കടമെടുക്കാ മെന്നതാണ് അതിന്നുള്ള ന്യായം. നമ്മുടെ വസ്ത്ര ധാരണ രീതി മാത്രമല്ല ബിരിയാണിയും ചില്ലി ചിക്കനും ഫ്രൈഡ് റൈസും ഉൾപ്പെടെ നമ്മുടെ തീൻ മേശയിലെ തൊണ്ണൂറ് ശതമാനം വിഭവങ്ങളും നമ്മൾ അന്യ നാട്ടുകാരിൽ നിന്നും കടമെടുത്തതല്ലേ. ഇന്ന് നാം ഉപയോഗിക്കുന്ന ടി വി യും മൊബൈൽ ഫോണും ഫ്രിഡ്ജും കമ്പ്യൂട്ടരുമൊക്കെ മറ്റുള്ളവരിൽ നിന്നും സ്വീകരിച്ചതല്ലേ? നമ്മുടെ മതങ്ങളും സംസ്ക്കാരങ്ങളുമെല്ലാം കടമെടുത്തതിൽ പെട്ടവരാണെന്നി രിക്കെ പർദ്ദ എന്ന വസ്ത്രത്തൊട് മാത്രം എന്തിനാണ് ഇത്ര അസഹി ഷ്ണുത?

പുരുഷന്റെ തുറിച്ചു നോട്ട ത്തിൽ നിന്നും ഒരു പരിധിവരെ ശാരീരിക ആക്രമണത്തിൽ നിന്നും പർദ്ദ പലപ്പോഴും രക്ഷയാകുന്നുണ്ട് എന്ന് തുറന്ന് പറഞ്ഞ നിരവധി അമുസ്ലിം സ്ത്രീകൾ നമ്മുടെ ചുറ്റുപാടുമുണ്ട്. ഈയുള്ളവൻ ഒരു അനുഭവം കൂടി പറഞ്ഞു നിർത്തട്ടെ. എറണാകുളത്ത് പർദ്ദ സംഭവം ഇല്ലാതിരുന്നകാലത്താണ് തൊണ്ണൂറുകളിലാണ് ഇവിടെ അഹ്മദീയ്യാ മുസ്ലിം ജമാഅത്തി ന്റെ രൂപീകരണം നടക്കുന്നത്. ഈ കാലത്ത് ജമാഅത്തിലേക്ക് വന്ന സ്ത്രീകൾ പർദ്ദ ധരിച്ചു കൊണ്ട് ഈ പട്ടണത്തിൽ യാത്രചെയ്യാൻ തുടങ്ങിയത് വലിയ വിപ്ലവമാണ് ഇവിടെ സൃഷ്ടിച്ചത്. അന്ന് പർദ്ദ ധരിച്ച് നടന്നിരുന്ന സ്ത്രീകളെ കോകാച്ചിയെന്നും ഭൂതം എന്നുമൊ ക്കെ വിളിച്ച് പരിഹസിച്ചിരുന്ന വരിൽ മുസ്ലിം സ്ത്രീകളും ഉണ്ടായിരുന്നു. എന്നാൽ കാലം ഇവർക്ക് കാത്തുവെച്ചിരുന്നത് മധുര പ്രതികാരത്തിന്റേതായിരു ന്നു. കാരണം എന്റെ ഉമ്മയും ഭാര്യയും സഹോദരിയുമൊക്കെ നടന്നു പോകുമ്പോൾ പരിഹസി ച്ചിരുന്ന അതേ സ്ത്രീകൾ തന്നെ ഇന്ന് പർദ്ദയിട്ട് നടന്ന് പോകുന്നത് ഞാൻ എന്റെ മുമ്പിൽ കണ്ടുകൊ ണ്ടിരിക്കുന്നുണ്ട്. കേരളത്തിൽ ഫാഷൻ തരംഗത്തിന്ന് തുടക്കമിടു ന്നത് എപ്പോഴും കൊച്ചിയാണ്. അത് പിന്നെ മറ്റ് ജില്ലകൾ ഏറ്റെടുക്കു കയാണ് ചെയ്യുന്നത്. പർദ്ദയുടെ കാര്യത്തിലു ഇത് തന്നെയാണ് സംഭവിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എറണാകുളം പട്ടണത്തിൽ പർദ്ദ ഒരു വസ്ത്രധാ രണ രീതിയാക്കി വിപ്ലവം സൃഷ്ടിച്ച ഇവിടുത്തെ അഹ്മദീ സ്ത്രീകളു

ശേഷം പേജ് 23 ൽ

സമുദ്രശാസ്ത്രം - 2

# ജലത്തിന്റെ അതുല്യ വിശേഷങ്ങൾ

നമ്മുടെ ശാസ്ത്ര ബോധത്തെ ഉത്തേജിപ്പിക്കുന്നതും വഴികാണിക്കുന്നതുമായ സൂക്ഷ്മവും വിസ്മയകരവുമായ അനേകം പ്രതിപാദനങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം.

എ. എം. മുഹമ്മദ് സലീം

അല്ലാഹുവിന്റെ വചനങ്ങളുടെ (ദൃഷ്ടാന്തങ്ങളുടെ) ആഴവും പരപ്പും വിവരിക്കാൻ ഖുർആൻ സമുദ്രത്തെ ഉപമിച്ചുകൊണ്ടാണ് പറയുന്നത്. ഇതിൽ നിന്നും സമുദ്രം എന്നത് അല്ലാഹുവിന്റെ ഒരു ബൃഹദ് സൃഷ്ടിയാണെന്ന് അവന്റെ വചനങ്ങളിൽ നിന്ന് തന്നെ വ്യക്തമാക്കുന്നു.

**ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനകളും സമുദ്രം (മഷിയും) ആവുകയും അതിന് പുറമെ ഏഴു സമുദ്രങ്ങൾ അതിനോട് കൂട്ടിചേർക്കപ്പെട്ടാൽ പോലും അല്ലാഹുവിന്റെ വചനങ്ങൾ (ദൃഷ്ടാന്തങ്ങൾ) തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാണ് (31:28)**

### ധ്രുവപ്രദേശവും വിശുദ്ധ ഖുർആനും

റസൂൽ തിരുമേനി(സ)ക്ക് വിശുദ്ധ ഖുർആൻ അവതരിച്ചത് ഭൂമദ്ധ്യരേഖാ പ്രദേശത്തുള്ള അറേബ്യയിൽ വെച്ചായിരുന്നുവല്ലോ. തിരുമേനി (സ) ഒരിക്കലും മാസങ്ങളോളം സൂര്യനസ്തമിക്കാത്ത ധ്രുവപ്രദേശം കാണാൻ സാദ്ധ്യതയില്ല. എന്നാൽ സൂര്യൻ തലക്ക് മീതെ അസ്തമിക്കാത്ത ഭൂമിയിലെ പ്രദേശങ്ങളെ പറ്റി വിശുദ്ധ ഖുർആനിൽ പ്രതിപാദനമുണ്ട്. ഒരു ചരിത്ര സംഭവം വിവരിച്ചുകൊണ്ട് ഖുർആനിലെ ധ്രുവപ്രദേശത്തിന്റെ സൂചനയെപറ്റി പ്രതിപാദിക്കാം.

വിശുദ്ധ ഖുർആൻ ഹൃദ്യസ്ഥമാക്കിയ മഹാനായ ശാസ്ത്ര പ്രതിഭയായിരുന്നു അൽബിറൂണി (ക്രി വ. 973- 1050) ആയിരം വർഷങ്ങൾക്ക് മുമ്പ് ഖുർആൻ അവലംബമാക്കി അദ്ദേഹം നടത്തിയ പ്രസ്താവനയിലടങ്ങിയ ഭൂമിശാസ്ത്രപരമായ ഉൾക്കാഴ്ച്ച നമ്മെ അത്ഭുതപ്പെടുത്തുന്നു. പേർഷ്യൻ രാജാവായിരുന്ന മഹ്മൂദ് ഗസ്നിയുടെ കൊട്ടാരത്തിലെ ഉപദേശകനായിരുന്നു അൽബിറൂണി. ഒരിക്കൽ ആർട്ടിക് പ്രദേശത്ത് (വടക്കൻ ധ്രുവം) സഞ്ചരിക്കാനിട വന്ന ഒരു യാത്രക്കാരനായ കച്ചവടക്കാരൻ രാജധാനിയിൽ ആഗതനായി. അദ്ദേഹം ആ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ വിവരിച്ചു. രോമകുപ്പായം ധരിച്ചു നടക്കുന്ന ജനങ്ങൾ. അവരാകട്ടെ ഉറച്ച മഞ്ഞ് സമുദ്രം തുരന്ന് മീൻ പിടിക്കുന്നതും ഹിമം കൊണ്ട് നിർമ്മിച്ച അവരുടെ വീടും വെള്ളക്കരടികൾ മേഞ്ഞുനടക്കുന്ന പ്രദേശത്തെപറ്റിയെല്ലാം വിവരിച്ച ആ വണിക് അവിടെ മാസങ്ങളോളം സൂര്യൻ അസ്തമിക്കാറില്ല എന്നും പറഞ്ഞു. ഇത് കേട്ടപ്പോൾ രാജാവിന് കോപം കയറി. അയാൾ പറഞ്ഞത് കള്ളമാണെന്ന് പറഞ്ഞ രാജാവ് കച്ചവടക്കാരനെ ഭത്സിക്കുകയുണ്ടായി. റസൂൽ തിരുമേനി (സ) സൂര്യന്റെ ഉദയവും അസ്തമയവും അടിസ്ഥനമാക്കിയുള്ള നമസ്ക്കാരങ്ങളെപറ്റിയാണല്ലോ പറഞ്ഞിട്ടുള്ളത്. അവിടെസൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഈ കൽപ്പന എങ്ങനെ നിർവ്വഹിക്കും? എന്നായിരുന്നു രാജാവിന്റെ ചോദ്യം. ഈ സംഭാഷണം കേട്ട് രാജധാനിയിൽ ഇരിക്കുകയായിരുന്ന അൽബിറൂണി വണിക്കിന്റെ രക്ഷക്കെത്തുകയായിരുന്നു. ഖുർആനിലെ ഒരു സൂക്തം ഉദ്ധരിച്ചുകൊണ്ടായിരുന്നു വണിക്കിന്റെ ധ്രുവ പ്രദേശത്തെ പറ്റിയുള്ള വിവരണത്തിന്ന് അൽബിറൂണി സാധൂകരണം നൽകിയത്. പേർഷ്യ തന്നെ ഭരിച്ചിരുന്ന ദുൽഖർനൈൻ രാജാവ് നടത്തിയ ഒരു യാത്രയെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ സൂറ കഹ്ഫിൽ ഒരു വിവരണമുണ്ട്. അതിൽ പറയുന്ന സ്ഥലത്തെ പറ്റി ഖുർആൻ വിവരിക്കുന്ന വചനമാണ് അൽബിറൂണി ഉദ്ധരിച്ചത്.

**അങ്ങനെ അദ്ദേഹം സൂര്യോദയ സ്ഥലത്തെത്തിയപ്പോൾ അത് ഒരു ജനതയുടെ മേൽ ഉദിച്ചുയരുന്നതായി അദ്ദേഹം കണ്ടു. അതിനെ**

**തിരെ നാം ഒരു മറയും (അസ്തമയ വും) ഉണ്ടാക്കിയിട്ടില്ല.(18:91)**

അപ്പോൾ സൂര്യൻ ദീർഘ നാൾ അസ്തമയമില്ലാത്ത ഒരു സ്ഥലം ഭൂമിയിലുണ്ടെന്നാവാമെന്ന് ഈ വചനം വ്യക്തമാക്കുന്നു. അൽ ബിറൂണിയുടെ വിശദീകര ണം രാജാവിനെ തൃപ്നാക്കി. വണിക്ക് രക്ഷപ്പെടുകയും ചെയ്തു. ശാസ്ത്രപടുവായ അൽ ബിറൂണി യുടെ ഖുർആൻ അവലംബമാക്കി യുള്ള ശാസ്ത്ര ചിന്തകൾക്ക് യഥാർത്ഥ്യം ഗ്രഹിക്കാൻ വഴികാട്ടി യാവുകയായിരുന്നു.

## കരയും കടലും ഖുർആനിലും ഭൂമിയിലും

ഭൂമിയുടെ ഉപരിതലത്തിൽ 71 ശതമാനം സമുദ്രമാണ് അഥവാ ജലമണ്ഡലമാണ്. ബാക്കി 29 ശതമാനം കരയുമാണല്ലോ. ഇതേ അനുപാതത്തിൽ തന്നെയാണ് കരക്കും കടലിനും ഖുർആൻ ഉപയോഗിച്ച പദങ്ങളുടെ എണ്ണവും ഉള്ളത്. കടലിന് **'ബഹർ'** എന്നും കരക്ക് **'ബർറ്'** എന്നുമാണ് ഖുർആ ൻ പ്രയോഗിച്ച പദങ്ങൾ. ഇതിൽ ബഹർ 32 തവണയും ബർറ് 13 തവണയും ഖുർആനിൽ ഉപയോഗി ച്ചിട്ടുണ്ട്. രണ്ടും കൂടി മൊത്തം 45 തവണ. 32 എന്നത് 45 ന്റെ 71 ശതമാനമാണല്ലോ. അതുപോലെ 13 എന്നത് 45 ന്റെ 29 ശതമാനവുമാണ്. 71 % കടലും 29 % കരയുമായി ഭൂമി സൃഷ്ടിച്ച അല്ലാഹു അതേ അനുപാതത്തിൽ തന്നെയാണ് അതിന്റെ പദങ്ങളും ഖുർആനിൽ വിന്യസിച്ചിട്ടുള്ളത് എന്ന കാര്യം വിസ്മയകരമല്ലേ.

## ജലത്തിന്റെ അതുല്യ വിശേഷങ്ങൾ

എണ്ണിയാലൊടുങ്ങാത്ത വളരെയേറെ അതുല്യസവിശേഷത കളുള്ള അല്ലാഹുവിന്റെ അനുഗ്ര ഹീത സൃഷ്ടിയാണ് ജലം. ജലമില്ലാത്ത ഒരു ഘന സെ. മീറ്റർ വായുവോ ഒരു ഗ്രാം മണ്ണോ ഭൂമിയിലില്ല. ക്രി. വ. 1781 വരെ ജലം പഞ്ചമൂലകങ്ങളിൽ പെട്ട ഒരു മൂലകമാണെന്നായിരുന്നു ധരിച്ചിരു ന്നത്. ഹൈഡ്രജനും ഓക്സിജനും ചേർന്ന ഒരു രാസ സംയുക്തമാണ് ജലം എന്ന് തെളിയിച്ചത് ഹെൻട്രി കാവന്റിഷ് എന്ന ശാസ്ത്രജ്ഞ നാണ്. കത്തുന്ന വാതകമായ ഹൈഡ്രജനും കത്താൻ സഹായി ക്കുന്ന ഓക്സിജനും ചേർന്ന് ഉണ്ടാകുന്ന ജലം സ്വയം കത്തുക യോ കത്താൻ സഹായിക്കുകയോ ചെയ്യാത്തതും കത്തുന്നതിനെ അണക്കുന്നതുമാണ്. മറ്റു ദ്രവ്യങ്ങ ൾക്കൊന്നുമില്ലാത്ത പല സവിശേ ഷതകളുമുള്ള ഒരു അത്യപൂർവ്വ വസ്തുവാണ് ജലം. അതുകൊ ണ്ടാണ് ഖുർആൻ ചോദിക്കുന്നത്

**നിങ്ങൾ കുടിക്കുന്ന വെള്ളത്തെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? (56:69)**

ദ്രാവകാവസ്ഥയിൽ ഉള്ള ജലത്തിന്റെ അസാധാരണ ഘടന യും ജലതന്മാത്രകളുടെ ധ്രുവീയത (Polarity) യുമാണ് ജലത്തിന്റെ പ്രത്യേകതകൾക്കടിസ്ഥാനം. ഇതിനെപറ്റി പിന്നീട് പ്രതിപാദിക്കാം. മറ്റൊരു പ്രധാന ഗുണമാണ് ഉയർന്ന താപധാരിത (Heat Capacity). വെള്ളം വളരെ സാവകാശത്തിലെ ചൂടാവൂ. അത്രയും ചൂട് പിടിച്ചു നിർത്തുകയും താപം വളരെ സാവകാശം വെളിയിലേക്ക് ഉൽസർ ജ്ജിക്കാനുള്ള വെള്ളത്തിന്റെ അസാധാരണ കഴിവ് കൊണ്ടാണ് വെള്ളത്തിന് കൂടുതൽ താപധാരി താ ശേഷിയുണ്ടെന്ന് പറയുന്നത്. ഉദാഹരണത്തിന് ഒരു ചെമ്പ് കഷണം ചൂടാക്കാൻ അഞ്ചു മിനിട്ടു വേണമെങ്കിൽ അതേ ഭാരമുള്ള ജലം അത്ര അളവിൽ ചൂടാവാൻ 50 മിനുട്ട് വേണ്ടി വരും. ചൂടായ ചെമ്പു കഷണം വേഗം തണുക്കു മ്പോൾ ചൂടായ വെള്ളം വളരെ സാവകാശമേ തണുക്കൂ. അതു പോലെ ജലത്തിന്റെ തിളനില, ഐസാവാനുള്ള ഉരുകൽ നില, ശ്യാനത (Viscosity) പ്രതല ബലം (Surface Tension) ദ്രവണബാഷ്പ ഊഷ്മാവ് എന്നിവയെല്ലാം വളരെ ഉയർന്നതാണ്. എല്ലാ പദാർത്ഥങ്ങ ളും തണുക്കുമ്പോൾ സങ്കോചിക്കു കയാണ് ചെയ്യുക. ജലവും തണുക്കുമ്പോൾ സങ്കോചിക്കുന്നു. എന്നാൽ ജലം ഒരു നിശ്ചിത പരിധിയിൽ കവിഞ്ഞ് തണുക്കു മ്പോൾ ജലം വികസിക്കുകയാണ് ചെയ്യുന്നത്. ജലത്തിന്റെ അസംഗത വികാസം (Anomalous Expan- sion) എന്നാണ് ഇതിന് പറയുക. മറ്റൊരു ദ്രവ്യത്തിനുമില്ലാത്ത പ്രത്യേകതയാണിത്. ജലത്തിന്റെ

എണ്ണിയാലൊടുങ്ങാത്ത വളരെയേറെ അതുല്യസവിശേഷത കളുള്ള അല്ലാഹുവിന്റെ അനുഗ്രഹീത സൃഷ്ടിയാണ് ജലം. ജലമില്ലാത്ത ഒരു ഘന സെ. മീറ്റർ വായുവോ ഒരു ഗ്രാം മണ്ണോ ഭൂമിയിലില്ല. ക്രി.വ. 1781 വരെ ജലം പഞ്ചമൂലകങ്ങളിൽ പെട്ട ഒരു മൂലകമാണെന്നായിരുന്നു ധരിച്ചിരുന്നത്. ഹൈഡ്രജനും ഓക്സിജനും ചേർന്ന ഒരു രാസ സംയുക്തമാണ് ജലം എന്ന് തെളിയിച്ചത് ഹെൻട്രി കാവന്റിഷ് എന്ന ശാസ്ത്രജ്ഞനാണ്. കത്തുന്ന വാതകമായ ഹൈഡ്രജനും കത്താൻ സഹായിക്കുന്ന ഓക്സിജനും ചേർന്ന് ഉണ്ടാകുന്ന ജലം സ്വയം കത്തുക യോ കത്താൻ സഹായിക്കുകയോ ചെയ്യാത്തതും കത്തുന്നതിനെ അണക്കുന്നതുമാണ്. മറ്റു ദ്രവ്യങ്ങ ൾക്കൊന്നുമില്ലാത്ത പല സവിശേഷതകളുമുള്ള ഒരു അത്യപൂർവ്വ വസ്തുവാണ് ജലം.

മറ്റൊരു സവിശേഷത മറ്റെല്ലാ പദാർത്ഥങ്ങളേയും ലയിപ്പിച്ച് ലായിനിയാക്കാനുള്ള കഴിവാണ്. അത്കൊണ്ട് ജലത്തെ ഒരു സാർവ്വത്രിക ലായകമായി (Universal Solvent) കണക്കാക്കുന്നു. സമുദ്രം ഉപ്പിന്റെയും മറ്റു ധാതുക്കളുടെയും കലവറയായി തീർന്നത് ഈ സവിശേഷതകൊണ്ടാണ്.

## സമുദ്രം: കാർബൺ സംന്തുലനവും കരയിലെ ജീവിവിന്യാസവും


**ആകാശത്തെ അവൻ ഉയർത്തുകയും സംന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. (55:8)**

സമുദ്രം ഭൂമിയെ ജീവയോഗ്യമാക്കിതീർക്കുക മാത്രമല്ല പാരിസ്ഥിതിക സംന്തുലനം നിലനിർത്താൻ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്യുന്നു,

സമുദ്രസാന്നിദ്ധ്യം കരയിലെ ജീവീവിന്യാസത്തേയും ജീവിതത്തെയും വമ്പിച്ച തോതിൽ സ്വാധീനിക്കുന്നു. കോവിഡിനെ തുടർന്ന് ഓക്സിജന് വേണ്ടി ലോകം നെട്ടോട്ടമോടിയ നാളുകൾ നാം മറന്നിട്ടില്ല. സമുദ്രമാണ് ജീവികൾക്ക് ശ്വസിക്കുവാനുള്ള ഭൂമിയുടെ അന്തരീക്ഷത്തിലുള്ള ഓക്സിജന്റെ 50 മുതൽ 80 ശതമാനം വരെ ഉൽപ്പാദിപ്പിക്കുന്നത്. മനുഷ്യനും കരയിലെ ജീവികളുമടക്കം കടൽ ജീവികളും ഈ ഓക്സിജൻ ജീവൻ നിലനിർത്താൻ ഉപയോഗിക്കുന്നു. അത്പോലെ മനുഷ്യ ജീവിതത്തിന് തന്നെ വിനാശകരമായ അധിക കാർബൺ ആഗിരണം ചെയ്ത് ഭൂമിയിലെ കാർബൺ സംന്തുലനം നിലനിർത്തുന്നതും സമുദ്രങ്ങളാണ്. ലക്ഷക്കണക്കിന് കിലോമീറ്ററിൽ പരന്നുകിടക്കുന്ന സമുദ്രത്തിലെ ഉപരിതലത്തിലുള്ള സൂക്ഷ്മമായ പ്ലവസസ്യ (Plankton) ങ്ങളാണ് പ്രകാശസശ്ലേഷണത്തിലൂടെ ഇത് നിർവ്വഹിക്കുന്നത്. കരയിലെ എല്ലാ വനമേഖലകളിലും ഉൽപ്പാദിപ്പിക്കുന്ന ഓക്സിജനേക്കാൾ അധികമാണിത്. കരയിലെ പോലെ കടലിലുമുള്ള മത്സ്യങ്ങളും ഓക്സിജൻ ശ്വസിക്കുകയും കാർബൺഡയോക്സൈഡ് ഉൽസർജ്ജിക്കുകയും ചെയ്യുന്നു. മനുഷ്യൻ നിശ്വസിക്കുകയും എണ്ണ, കൽക്കരി പ്രകൃതി വാതകങ്ങൾ മുതലായ ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുകയും ചെയ്ത് ഭൂമിയിൽ ഉണ്ടാക്കുന്ന കാർബൺ ഡയോക്സൈഡിൽ ഓക്സിജൻ ഉണ്ടാക്കുന്ന മുറക്ക് വലിയൊരളവ് ആഗിരണം ചെയ്യുന്നത് കടലിലെ ഈ സൂക്ഷ്മ സസ്യങ്ങളാണ്.

തീരപ്രദേശങ്ങളെ അപേക്ഷിച്ച് മരുഭൂമികളിലും സമുദ്ര സാന്നിദ്ധ്യമില്ലാത്ത പ്രദേശങ്ങളിലും രാവും പകലും തമ്മിലുള്ള താപ വ്യതിയാനങ്ങൾ, ഋതു പരിവർത്തനങ്ങൾ മൂലമുണ്ടാകുന്ന കാലഭേദങ്ങൾ തമ്മിലുള്ള താപവ്യത്യാസങ്ങളും തീവ്രമായിരിക്കുമെന്ന് ഈ പ്രദേശങ്ങളിലെ താപ വ്യതിയാനങ്ങളെ അതിജീവിക്കാൻ ശരീരത്തിൽ താപക്രമീകരണ സംവിധാനങ്ങൾ (Thermostatic) ഉള്ള മനുഷ്യനെപ്പോലെയുള്ള ഉയർന്ന ജീവികൾക്കേ സാദ്ധ്യമാവൂ.

സൂര്യനുമായുള്ള അഭിമുഖീകരണം കൊണ്ട് ഏറ്റവും കൂടുതൽ ചൂട് ഭൂമദ്ധ്യരേഖാ പ്രദേശത്തും സൂര്യരശ്മികൾ ചരിഞ്ഞ് പതിക്കുന്നതിനാൽ ഏറ്റവും അധികം തണുപ്പ് ധ്യുവ പ്രദേശത്തുമാണല്ലോ ഉണ്ടാവുക. ഭൂമദ്ധ്യരേഖയിൽ നിന്നും ഓരോ ഡിഗ്രി ധ്യുവ പ്രദേശത്തേക്ക് പോകുന്തോറും തണുപ്പ് കൂടിവരുന്നു. അതിന്നിടയിലെ സമുദ്ര സാന്നിദ്ധ്യമില്ലാത്ത മലമ്പ്രദേശങ്ങൾ, വരണ്ട ഭൂമികൾ, അർദ്ധ മരുഭൂമികൾ എന്നിവിടങ്ങളിലെ രാപ്പകലുകളിലെ വ്യത്യാസം 10 ഇരട്ടിവരെ ആകാമെന്ന് കണ്ടിരിക്കുന്നു. ഇത്രവലിയ താപവ്യത്യാസം ചെറുക്കാൻ മിക്ക ജീവികളുടെ ശരീരത്തിലും ക്രമീകരണ സംവിധാനങ്ങളില്ല.



OXYGEN HYDROGEN BONDING

ഒരു നിശ്ചിത ഊഷ്മാവ് ശരീരത്തിൽ സ്ഥിരമായി നിർത്താൻ ശേഷിയുള്ള മനുഷ്യനും മറ്റു ഉയർന്ന ജന്തുക്കൾക്കും മാത്രമേ വലിയ അന്തരം അനുഭവപ്പെടുന്ന കാലാവസ്ഥയെ അതിജീവിക്കാൻ സാധിക്കൂ. അതുകൊണ്ട് അത്തരം പ്രദേശങ്ങളിൽ ജീവി വൈവിധ്യങ്ങൾ കുറവായിരിക്കും. തീവ്രതാപ വ്യതിയാനങ്ങൾ ഉള്ള അത്തരം പ്രദേശങ്ങളിലെ കാലവസ്ഥയെ ജീവയോഗ്യമാക്കി മാറ്റുന്നതിൽ സമുദ്രങ്ങൾക്കുള്ള പങ്ക് നിർണ്ണായകമാണ്. അതുകൊണ്ടാണ് സമുദ്ര തീരങ്ങളിൽ ജീവി വൈവിധ്യം കൂടുതലുണ്ടാവുന്നത്. ചുരുക്കത്തിൽ ജന്തുജാലങ്ങളുടെ ഭൂമിയിലെ വിന്യാസത്തെയും വ്യാപനത്തെയും ഇതെല്ലാം സ്വാധീനിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.

**ഭൂമിയെ അത് നിർജ്ജീവമായി കിടന്നതിന്ന് ശേഷം സജീവമാക്കുകയും അതിൽ എല്ലാതരം ജീവജാലങ്ങളേയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതി വിഗതികളിലും ആകാശ ഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും ദൃഷ്ടാന്തങ്ങളുണ്ട്. (2:165) നിങ്ങളെ സൃഷ്ടിച്ചതിലും അവൻ വ്യാപിപ്പിക്കുന്ന ജന്തുജാലങ്ങളിലും ദൃഢവിശ്വാസികളായ ജനങ്ങൾക്ക് നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. (45:5)**

പേജ് 19 ൽ നിന്ന് തുടർച്ച

ടെ മാതൃക പിന്നീട് കേരളം മുഴുവൻ പർദ്ദ പൊതു ട്രെന്റായി മാറുന്നതിൽ സഹായകമായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. പർദ്ദയിട്ട് മുജാഹിദിന്റെ അറബികോളേജിൽ പോയ നമ്മുടെ ഒരു പെൺകുട്ടിയോട്, മുഴുക്കെ ഒരു ബ്ലൗസ് സാരിയും തലയിൽ തുണിയുമിട്ട അറബി കോളേജിലെ അദ്ധ്യാപിക പർദ്ദതന്നെ വേണമെന്നില്ലെങ്കിലും താൻ ഇട്ടിട്ടുള്ളത് പോലെ ധരിച്ചാലും മതി എന്ന് പറഞ്ഞ് നിരുത്സാഹപ്പെടുത്തിയ ഒരു സംഭവവും ഇവിടെ കഴിഞ്ഞ് പോയിട്ടുണ്ട് എന്നത് അവരാരും ഒരു പക്ഷേ ഇന്ന് സമ്മതിച്ചു തരുവാൻ തയ്യാറാവില്ലെങ്കിലും അത് കേരളത്തിലെ സ്ത്രീകളുടെ പർദ്ദാധാരണ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒരു വസ്തുതതന്നെയാണ് എന്നതാണ് യാഥാർത്ഥ്യം. ഇന്ന് ലോകത്തെവിടെയും കന്യാസ്ത്രീകൾ പർദ്ദയണിയുമ്പോൾ അതിനെ പരിഷ്കൃതമായി കാണുന്ന അതേ മനുഷ്യർ തന്നെയാണ് അതേ വസ്ത്രം മുസ്‌ലിം സ്ത്രീ ധരിച്ചാൽ പ്രാകൃതമായി കാണുന്നത് എന്നതാണ് ഏറെ ശ്രദ്ധേയമായ കാര്യം.

## ജലത്തിന്റെ ഹൈഡ്രജൻ ബന്ധവും കുടുംബ ബന്ധവും

ജലത്തിന്റെ പ്രത്യേകതകളിലൊന്നാണ് ജലതന്മാത്രകൾ തമ്മിലുള്ള ബന്ധം (Bond) ജല തന്മാത്രകൾ അടുത്തടുത്ത് ആകർഷിച്ച് നിൽക്കുന്നതിനാലാണ് അത് ദ്രവരൂപത്തിൽ നിൽക്കുന്നത്. ജലത്തെ കൂടാതെ ദ്രവരൂപത്തിൽ ഭൂമിയിൽ കാണപ്പെടുന്ന മറ്റു രണ്ടേരണ്ട് പദാർത്ഥങ്ങൾ പെട്രോളും രസവുമാണ്. ഹൈഡ്രജൻ, ഓക്സിജൻ ആറ്റങ്ങളുടെ ഏറ്റവും ലളിതമായ രാസ ബന്ധമുള്ള സംയുക്തങ്ങളാണ് ഒരു ജല തന്മാത്ര. രണ്ട് ഹൈഡ്രജൻ ആറ്റവും ഒരു ഓസക്സിജൻ ആറ്റവും സഹബന്ധത്തിലേർപ്പെട്ടാൽ ഒരു ജലതന്മാത്രയായി. ഓക്സിജൻ ആറ്റത്തിന്റെ ഇരു ധ്രുവങ്ങളിലും ഒട്ടിപിടിക്കുന്ന ഹൈഡ്രജൻ ആറ്റങ്ങൾ ഇങ്ങനെ ജല തന്മാത്ര രൂപീകരിച്ചതിന് ശേഷവും നെഗറ്റീവ് പോസിറ്റീവ് ചാർജ്ജ് ബാക്കിയാവുന്നു. അതിനാൽ ജലത്തിന്റെ ധ്രുവീയത (Polarity) എന്ന് പറയുന്നത്. ഈ ചാർജ്ജ് ഉപയോഗിച്ച് മറ്റൊരു ജലതന്മാത്രയുടെ വിരുദ്ധ ചാർജ്ജുള്ള ധ്രുവങ്ങളെ ആകർഷിക്കുന്നു. അങ്ങനെ ശൃഖംലകളായി ജലതന്മാത്രകൾ ആകർഷിച്ച് ബന്ധിച്ച് നിർത്തുന്നത് കൊണ്ടാണ് ജലത്തിന്ന് ദ്രവാവസ്ഥയിൽ നിൽക്കാൻ കഴിയുന്നത്. ഹൈഡ്രജൻ മറ്റു പല മൂലകങ്ങളുമായി സഹബന്ധം പുലർത്തുന്നുണ്ട്.ഉദാ: HCL, NH3, CH4, HS2 മുതലായ സംയുക്തങ്ങൾ. പക്ഷേ ഇവയെല്ലാം വാതകാവസ്ഥയിലാണ് സാധാരണ കാണപ്പെടുന്നത്. ആ മൂലകങ്ങളുമായി ഹൈഡജൻ സഹബന്ധം ഉണ്ടാക്കുന്നതോടെ തന്മാത്രകളുടെ ചാർജ്ജ് തീർന്നു പോകുന്നത് കൊണ്ടാണ് സാധാരണ അന്തരീക്ഷോഷ്മാവിലും മർദ്ദത്തിലും അത് സ്വതന്ത്ര വാതക തന്മാത്രകളായി നിലകൊള്ളുന്നത്. ഓക്സിജനുമായുള്ള ബന്ധത്തിൽ മാത്രമാണ് ദ്രവകാവസ്ഥയിൽ ഹൈഡ്രജൻ സംയുക്തം പ്രകൃതിയിൽ കാണപ്പെടുന്നത്. ഈ ഹൈഡ്രജൻ ഓക്സിജൻ സംയുക്ത തന്മാത്രയുടെ സഹബന്ധം 100 ഡിഗ്രി സെന്റിഗ്രേഡ് വരെ അതായത് ജലം തിളക്കുന്നത് വരെ ബന്ധുത്വം നിലനിർത്താൻ അതിന് കഴിയുന്നു. പ്രകൃതിയിൽ മറ്റെങ്ങും കാണാത്ത ജലതന്മാത്രകളുടെ സവിശേഷതയാണ് ജലത്തെ അനുഗ്രഹീതമായ ഒരു ദ്രാവകമായി മാറ്റുന്നത്. ജല തന്മാത്രകളുടെ അസാധാരണമായ ഈ സംസക്തിയെ ഓർമ്മിപ്പിച്ചുകൊണ്ട്. ജലത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ശക്തമായ കുടുംബ ബന്ധങ്ങളും രക്തബന്ധങ്ങളും അല്ലാഹു ഉണ്ടാക്കിയിരിക്കുന്നു എന്ന് പറയുന്ന ഖുർആൻ വചനം വളരെ ശ്രദ്ധേയമാണ്. ജലത്തെ പോലെ ഏത് ഉയർന്ന ഊഷ്മാവിലും പ്രക്ഷുബ്ധാവസ്ഥയിലും ദ്രവത്വവും ആർദതയും സൂക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

**അവൻ തന്നെയാണ് ജലത്തിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ചത്. എന്നിട്ട് അവന് കുടുംബ ബന്ധങ്ങളും വിവാഹബന്ധവും ഉണ്ടാക്കി. നിന്റെ നാഥൻ സർവ്വ ശക്തനാകുന്നു. (25:35)**

ജലതന്മാത്ര സഹബന്ധത്തിലൂടെ മറ്റു തന്മാത്രകളെ ചേർത്തു നിർത്തുന്നത് പോലെ മനുഷ്യനും ആയിത്തീരണമെന്ന് സന്ദേശമല്ലേ ഖുർആൻ നൽകുന്നത്.!! (തുടരും)

## വിരക്തിയും ഇഷ്ടവും

സഹലുബ്നു സദ്ദ് (റ)ൽ നിന്നും നിവേദനം: ഒരാൾ വന്ന് നബി (സ)യോട് പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ, അല്ലാഹുവും മനുഷ്യരും എന്നെ ഇഷ്ടപ്പെടാൻ സഹായകരമായ പ്രവൃത്തി ഏതാണെന്ന് പറഞ്ഞു തരിക. തിരുമേനി (സ) പറഞ്ഞു നീ ഇഹത്തിൽ വിരക്തനാകുക. എന്നാൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടും. മനുഷ്യരുടെ പക്കലുള്ള വസ്തുക്കളിൽ വിരക്തനാകുക. എന്നാൽ മനുഷ്യൻ നിന്നെ ഇഷ്ടപ്പെടും. (തിർമിദി, ഇബ്നു മാജ)

ഭാഗം – 18

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### പുതിയൊരു വീടും ആതുരാലയവും

നാൽപത്തിയെട്ടു മണിക്കൂറിനകം സംസ്ഥാനം വിട്ടു പോകണമെന്ന മഹാരാജാവിന്റെ ഉത്തരവനുസരിച്ചു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ജമ്മുവിൽ നിന്നും രണ്ടാം ദിവസം തന്നെ രാജകൊട്ടാരവുമായുള്ള ദീർഘകാല ബന്ധം അവസാനിപ്പിച്ചു കൊണ്ട് സ്വദേശമായ ഭേരയിലേയ്ക്കു യാത്രയായി. കൊട്ടാരവുമായുള്ള ആ പഴയ കാല ബന്ധം അദ്ദേഹം ഒരിക്കലും സ്വയം വിഛേദിച്ചിട്ടില്ല. അങ്ങനെ ചെയ്യുന്നതു മഹാരാജാവിനോടുള്ള കൃതഘ്നതയാണെന്നദ്ദേഹം പറയാറുണ്ടായിരുന്നു. ഭേര എത്തി താമസിയാതെ തന്നെ നേരത്തെ ആസൂത്രണം ചെയ്ത പരിപാടിയനുസരിച്ചു വിശാലമായ ഒരു വീടിന്റേയും ആതുരാലത്തിന്റേയും നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആ ദിനങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ (അ) ഒന്നു രണ്ടു കത്തുകൾ അദ്ദേഹത്തിനു ലഭിച്ചു. അതിലൊരു കത്തു ഇങ്ങനെയായിരുന്നു.

ബഹുമാനപ്പെട്ട മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്. അസ്സലാമു അലൈക്കും വ: വ. താങ്കൾ സസുഖം ഭേര എത്തിച്ചേർന്നിട്ടുണ്ടാകുമെന്നു കരുതുന്നു. താങ്കളോടുള്ള അല്ലാഹുവിന്റെ സമീപനം തീർച്ചയായും ഏറ്റവും ഉത്തമമായതായിരിക്കുമെന്നു തന്നെയാണു ഞാൻ പ്രതീക്ഷിക്കുന്നത്. അശുഭകരമായ വല്ലതും ആസന്ന ഭാവിയിൽ താങ്കൾക്കു നേരിടേണ്ടി വന്നേക്കുമോ എന്നകാര്യം അറിയുന്നതിനായി ഞാൻ ധാരാളമായി ദുആ ചെയ്തിട്ടുണ്ടായിരുന്നു. അപ്പോഴെല്ലാം തന്നെ എനിക്കു സുവാർത്തകളാണു ലഭിച്ചതു. രണ്ടു പ്രാവശ്യം എനിക്കു അറബിയിൽ ഇന്നീ മഅക്കുമാ അസ്മഉ വ അറാ (നിശ്ചയമായും ഞാൻ നിങ്ങൾ രണ്ടു പേരോടൊപ്പമാകുന്നു. ഞാൻ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്) എന്ന ഇൽഹാം ലഭിക്കുകയുണ്ടായി. ഹുസൂർ പറയുകയാണു മറ്റൊരിക്കൽ ദർശനത്തിൽ ഞാനൊരു മലക്കിനെ കണ്ടു. ആ മലക്കു ഒരു കടലാസ്സെടുത്തു അതിൽ സീലടിച്ചു. സീൽ വൃത്താകാരത്തിലുള്ളതായിരുന്നു. സീലിന്റെ മുകൾ ഭാഗത്തു നൂറുദ്ദീൻ എന്നും താഴെ أزواج مُطَهرة (പരിശുദ്ധരായ ഇണകൾ/ഭാര്യമാർ) എന്നും എഴുതിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയാണു ആത്മാർഥരായ സ്നേഹിതരേയും കൂട്ടുകാരേയും കുറിച്ചു أزواج مُطَهرة എന്നു പറയാറുണ്ട്. മൗലവി സാഹിബ് തികച്ചും നമ്മുടെ കറകളഞ്ഞ ആത്മാർഥരായ സ്നേഹിതരിൽ പെട്ടയാളാണു എന്നാണ് ഇതിന്റെ അർഥം.

നേരത്തെ പ്രസ്താവിക്കപ്പെട്ടതു പോലെ ജമ്മു കശ്മീർ ജോലി നഷ്ടപ്പെട്ട ശേഷം ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അടുക്കൽ ചെന്നു പൂർണ സമയം ദീനീ സേവനത്തിൽ മുഴുകണമെന്നു തന്നേയായിരുന്നു മൗലവി സാഹിബിന്റെ ഉദ്ദേശ്യം. പക്ഷേ, ഭാരിച്ച സാമ്പത്തിക ബാദ്ധ്യത മനസ്സിൽ പേറി അതു തിരിച്ചു നൽകാതെ ആ കടവുമായി ഖാദിയാനിൽ താമസം തുടരുന്നതു മനസ്സിനു അലോസരവും അസമാധാനവും ഉണ്ടാക്കും എന്ന ചിന്തയിലാണ് ആ പരിപാടി തൽക്കാലം വേണ്ടെന്നു വച്ചത്. അങ്ങനെ മൗലവി സാഹിബ് ഭേര എത്തി താമസിയാതെ തന്നെ

പരിപാടിയനുസരിച്ചു സാമാന്യം വലിയൊരു വീടിന്റേയും ക്ലിനിക്കിന്റേയും നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

## ഓർക്കാപ്പുറത്തൊരു പലായനം

മാസങ്ങൾ ചിലതു കടന്നു പോയി. കെട്ടിട നിർമാണ പ്രവർത്തനങ്ങൾ യാതൊരു തടസ്സവും കൂടാതെ തുടർന്നു കൊണ്ടിരുന്നു. കെട്ടിടം ഉയരാൻ തുടങ്ങി. അതോടൊപ്പം മസീഹ് മൗഊദുമായുള്ള ബന്ധം കത്തിലൂടെ അഭംഗുരം തുടർന്നുകൊണ്ടുമിരുന്നു. ആയിടയ്ക്കു കെട്ടിട നിർമാണത്തിന്നാവശ്യമായ ചില സാധനങ്ങൾ വാങ്ങുന്നതിനായി ഭേരയിൽ നിന്നും മൗലവി സാഹിബിനു പെട്ടെന്നൊരു ദിവസം ലാഹോറിൽ പോകേണ്ടി വന്നു. ലാഹോറിൽ ചെന്നു ആവശ്യമായ സാധനങ്ങൾ വാങ്ങി ഭേരയിലേയ്ക്കു അയച്ചു കൊടുത്ത ശേഷം അദ്ദേഹം ആലോചിച്ചു മാസങ്ങളായി ഹദ്റത്ത് സാഹിബിനെ കാണാനുള്ള അവസരമുണ്ടായിട്ടില്ല. ഞാൻ ഇപ്പോൾ ഖാദിയാന്റെ വളരെ അടുത്താണുള്ളതു. അതിനാൽ അൽപം കൂടി സമയം ചിലവഴിക്കുകയാണെങ്കിൽ ഹുസൂറുമായി മുലാഖാത്തു നടത്തുവാനുള്ള നല്ലൊരവസരമായിരിക്കും ഇത്. അങ്ങനെ അദ്ദേഹം തിരക്കിട്ടു ഖാദിയാനിൽ പോയി വരാൻ തന്നെ തീരുമാനിച്ചു. ഭേരയിലേയ്ക്കു പെട്ടെന്നു തന്നെ തിരിച്ചെത്തേണ്ടതിനാൽ ഖാദിയാനിൽ ഹദ്റത്ത് സാഹിബിനെ കണ്ട ഉടനെ തിരിച്ചു വരാനായി ലാഹോറിൽ നിന്നും ബട്ടാല എത്തിയപ്പോൾ ഒരു കുതിരവണ്ടി ഏർപ്പാടാക്കി. എങ്കിൽ ആ കുതിര വണ്ടിയിൽ തന്നെ ഖാദിയാനിൽ നിന്നും ബട്ടാല തിരിച്ചെത്തുകയും വൈകാതെ ഭേര യാത്ര തുടരുകയുമാവാമല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത.

കുതിരവണ്ടി ഖാദിയാൻ എത്തി. വണ്ടിക്കാരനോടു കാത്തിരിക്കാൻ പറഞ്ഞു മൗലവി സാഹിബ് ഹദ്റത്ത് സാഹിബിനെ കാണാൻ ചെന്നു. ഹുസൂറുമായുള്ള മുലാഖാത്തിന്നിടയിൽ തിരിച്ചു പോകാനുള്ള അനുവാദം ചോദിക്കാൻ ഒന്നു രണ്ടു പ്രാവശ്യം ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഇടയ്ക്കു താങ്കൾക്കിപ്പോൾ കാര്യമായ ചുമതലകളും ഉത്തരവാദിത്വങ്ങളൊന്നും തന്നെയില്ലല്ലോ എന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവി സാഹിബിനോടു ചോദിച്ചപ്പോൾ ഇല്ലായെന്നു അദ്ദേഹം മറുപടി പറയുകയും ചെയ്തു. ഹുസൂർ ചോദിച്ചത് ജമ്മു കശ്മീരിൽ ചെയ്തതു പോലുള്ള ജോലിയൊന്നും ചെയ്യുന്നില്ലല്ലോ എന്നാണു. എന്നാൽ അത്തരം ഉത്തരവാദിത്വങ്ങളില്ലെങ്കിലും സ്വദേശത്തു ഭേരയിൽ വലിയൊരു വീടിന്റേയും ആതുരാലയത്തിന്റേയും നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന കാര്യം ഹുസൂറിന്നും അറിയാവുന്ന കാര്യമാണു. അതു തൽക്കാലം ഹുസൂറിന്റെ ഓർമയിൽ നിന്നും വിട്ടുപോയതായിരിക്കാം.

ഏതായാലും അന്നു തിരിച്ചു പോകുന്ന കാര്യം നടക്കില്ലെന്നു മനസ്സിലായപ്പോൾ മൗലവി സാഹിബ് കുതിര വണ്ടിക്കാരനെ സമീപിച്ചു കൊണ്ടു പറഞ്ഞു എന്റെ മടക്ക യാത്ര രണ്ടു മൂന്നു ദിവസം താമസിച്ചേക്കുമെന്നാണു തോന്നുന്നതു. അതുകൊണ്ട് നീ പോയ്കൊള്ളു. അവന്റെ കൂലികൊടുത്തു അവനെ പറഞ്ഞു വിട്ടു. ദിവസങ്ങൾ വീണ്ടും കടന്നു പോയി. മൗലവി സാഹിബ് ഹുസൂറിനോടു ഭേര തിരിച്ചു പോകാനുള്ള അനുവാദം ചോദിക്കാൻ പല പ്രാവശ്യം മനസ്സു കൊണ്ട് ഒരുങ്ങിയെങ്കിലും അപ്പോഴൊക്കെ തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) മറ്റു ഓരോരോ നിർദേശങ്ങൾ മൗലവി സാഹിബിനു മുന്നിൽ വച്ചതു കാരണം സ്വന്തം കാര്യം ആദരവും വിനയവും നിമിത്തം ഹുസൂറിനു മുന്നിൽ അവതരിപ്പിക്കാൻ പറ്റിയില്ല.

അങ്ങനെ ദിവസങ്ങൾ ആഴ്ചകളായപ്പോൾ തനിക്കു പെട്ടെന്നു തിരിച്ചു വരാൻ സാധിക്കുകയില്ലെന്നും കുറച്ചു കൂടി ഖാദിയാനിൽ തങ്ങേണ്ടിവരുമെന്നു തന്നേയാണു ഞാൻ വിചാരിക്കുന്നതെന്നും അതിനാൽ താൻ തിരിച്ചെത്തിയ ശേഷം പുന:രാരംഭിക്കാമെന്നും അതു വരെ നിർമാണ ജോലികൾ നിർത്തിവെക്കണമെന്നും ഭാര്യക്കു കത്തെഴുതി. ഭാര്യ ജോലി നിർത്തി വച്ചു. അപ്പോഴേക്കും എണ്ണായിരം രൂപയോളം ചെലവഴിച്ചുക്കഴിഞ്ഞിരുന്നു. പിന്നീടു ഒരുദിവസം മസീഹ് മൗഊദ്(അ) പറഞ്ഞു മൗലവി സാഹിബ്, താങ്കൾ എത്ര നാളുകളായി തനിച്ചു താമസിക്കുന്നു. അതിനാൽ ഭാര്യമാരിൽ ഒരാളോടു ഉടൻ തന്നെ ഖാദിയാനിലേയ്ക്കു വരാൻ പറയൂ. അതു കേട്ടപ്പോൾ തനിക്കു ഇനിയും ഏതാനും ആഴ്കൾകൂടി ഖാദിയാനിൽ തങ്ങേണ്ടിവരുമെന്നു കരുതി ഹദ്റത്ത് മസീഹ് മൗഊദിന്റെ നിർദ്ദേശാനുസരണം ഭാര്യയ്ക്കു കത്തയച്ചു. ഭാര്യയും മക്കളും താമസിയാതെ തന്നെ ഖാദിയാൻ എത്തി.

വീണ്ടും ചില ആഴ്ചകൾ കടന്നു പോയപ്പോൾ ഒരു ദിവസം ഹുസൂർ പറഞ്ഞു, മൗലവി സാഹിബ് താങ്കൾക്കു പുസ്തകങ്ങളില്ലാതെ ജീവിക്കാനാവുകയില്ലെന്നെനിക്കറിയാം. അതിനാൽ ഭേരയിലുള്ള താങ്കളുടെ വിശാലമായ ഗ്രന്ഥാലയം ഇങ്ങു ഖാദിയാനിലേയ്ക്കു കൊണ്ടുവന്നോളൂ. ഹുസൂറിന്റെ നിർദ്ദേശ പ്രകാരം ലൈബ്രറിയും ഖാദിയാൻ എത്തി. ഇനി ഒരു ഭാര്യയും മക്കളുമാണു ഭേരയിലുള്ളതു. താമസിയാതെ അവരേയും ഖാദിയാനിലേയ്ക്കു കൊണ്ടുവരാൻ ഹുസൂർ നിർദ്ദേശിച്ചപ്പോൾ അവരേയും പെട്ടെന്നു തന്നെ ഖാദിയാനിലേയ്ക്കു കൊണ്ടു വന്നു. എല്ലാവരും ഖാദിയാനിൽ എത്തി. ഭേരയിൽ പണിപൂർത്തിയാകാത്ത കെട്ടിടം മാത്രം ബാക്കിയായി. മൗലവി സാഹിബും കുടുംബവും ഖാദിയാനിൽ ആദ്യം ദാറുൽ മസീഹിലായിരുന്നു താമസിച്ചിരുന്നത്. പിന്നീട്

ഖാദിയാനു ചുറ്റുമുണ്ടായിരുന്ന കുളത്തിന്റെ കരയിൽ ഒരു ഭാഗത്തു ചെറിയൊരു വീടുണ്ടാക്കി അവിടെ താമസം തുടങ്ങി. അങ്ങനെ ഒരു ദിവസം രാത്രി മസീഹ് മൗഊദിനെ കാണാൻ വന്ന അദ്ദേഹം മുമ്പു അവ്വലുൽ മുബായിയീൻ ആയതു പോലെ ഇപ്പോൾ അവ്വലുൽ മുഹാജിരീനും ആയിത്തീർന്നു. (അതായതു ബൈഅത്തു ചെയ്ത വരിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയതു പോലെ ഖാദിയാനിലേയ്ക്കു പലായനം ചെയ്തവരിൽ ഒന്നാം സ്ഥാനക്കാരനായി. Ref: താരീഖെ അഹ്മദിയത്ത്. വാല്യം മൂന്നു അദ്ധ്യായം നാലു പേജ് 146)

ഖാദിയാനിൽ താമസം തുടരുന്നതിന്നിടയിൽ ഒരിക്കൽ മസീഹ് മൗഊദ് (അ) മൗലവി സാഹിബിനെ വിളിച്ചു കൊണ്ട് പറഞ്ഞു, മൗലവി സാഹിബ് ഇനി താങ്കൾ സ്വദേശമായ ഭേരയെക്കുറിച്ചു മനസ്സിൽ പോലും ചിന്തിക്കരുത്. മൗലവി സാഹിബ് പറയുകയാണു അതുകേട്ടപ്പോൾ ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. വളരെ പ്രയാസമുള്ള കാര്യമായിരുന്നു അത്. ഇനി ഭേര പോകരുത് ആ നാടുമായി യാതൊരു തരത്തിലുള്ള ബന്ധവും പാടില്ലെന്നു പറഞ്ഞാൽ അതനുസരിക്കാം. അതു പ്രയാസമുള്ള കാര്യമല്ല. സ്വന്തം ശൈശവവും ബാല്യവും പിന്നീടുള്ള കുറെ കാലവും എല്ലാം കഴിച്ചു കൂട്ടിയ ആ നാടിനെ മറക്കാൻ ആ പേരു പോലും സ്വന്തം ഹൃദയത്തിൽ നിന്നും നീക്കം ചെയ്യാൻ ഞാൻ ഒരുക്കമാണ്. പക്ഷേ, മനുഷ്യസഹജമായ ബലഹീനതകൾ നിമിത്തം എന്നെങ്കിലും ആ നാടിന്റെ ചിന്തകൾ ഞാൻ നിനക്കാതെ എന്റെ മനസ്സിൽ പൊടുന്നനെ വന്നാൽ ഞാൻ എന്തു ചെയ്യും. അങ്ങനെ ആയാൽ മനസ്സിൽ പോലും ഭേരയെ കുറിച്ചു ചിന്തിക്കരുതെന്നു പറഞ്ഞ അല്ലാഹുവിന്റെ മസീഹിനോടു ഞാൻ കാണിക്കുന്നതു അനാദരവായിപ്പോവുകയില്ലേ, മസീഹിന്റെ കൽപനയ്ക്കു വിരുദ്ധമായിപ്പോവുകയില്ലേ? എന്നതായിരുന്നു എന്റെ ഭയം.

മൗലവി സാഹിബ് പറയുകയാണു അതിനാൽ ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തു, അല്ലാഹുവേ നിന്റെ മസീഹിന്റെ ആഗ്രഹം പോലെ ഭേരയെ കുറിച്ചുള്ള ചിന്തയും ഓർമയും എന്റെ ഹൃദയത്തിൽ ഒരിക്കലും വരാത്തവിധം ആ നാടിന്റെ ഓർമകളെ, ആ പേരിനെ എന്റെ ഹൃദയത്തിൽ നിന്നും നീ തുടച്ചു മായിച്ചു കളയേണമേ. അദ്ദേഹം തുടർന്നു പറയുകയാണു അല്ലാഹുവിന്റെ വ്യവഹാരങ്ങൾ അങ്ങേയറ്റം ആശ്ചര്യജനകമാണു. പിന്നീട് ഭേര ഒരിക്കലും എന്റെ സ്മൃതിപഥത്തിലോ ചിന്തയിലോ എന്റെ സ്വപ്നത്തിൽ പോലുമോ വന്നില്ല. ഞാൻ ഭേരയേയും ഭേര എന്നേയും എന്നെന്നേക്കുമായി മറന്നു. അല്ലാഹുവിന്റെ മസീഹിനു മുന്നിൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് തന്റെ വിചാര വികാരങ്ങൾക്കോ ചിന്തകൾക്കോ സ്വന്തം ഇഷ്ടങ്ങൾക്കോ താൽപര്യങ്ങൾക്കോ ഒരു വിലയും കൽപിച്ചിരുന്നില്ല. സർവസ്വവും മസീഹിന്റെ ഇഷ്ടവും നിർദേശവും കൽപനയും മാത്രമായിരുന്നു. വാഗ്ദത്ത മസീഹിനോടു മൗലവി സാഹിബ് കാണിച്ച സ്നേഹത്തിന്റേയും ആത്മാർഥതയുടേയും അനുസരണത്തിന്റേയും ആദരവിന്റേയും ഭയഭക്തി ബഹുമാനത്തിന്റേയും ആഴവും പരപ്പും എത്ര വലുതായിരുന്നുവെന്നു എല്ലാവർക്കും മനസ്സിലാക്കാൻ സാധിച്ചെന്നു വരില്ല.

വാഗ്ദത്ത മസീഹിനോടുള്ള ഹദ്റത്ത് മൗലവി സാഹിബിന്റെ നിസ്തുല്യവും അനുപമവുമായ വിധേയത്വത്തെ കുറിച്ചു ഒരു നിമിഷം ഒന്നു ചിന്തിച്ചു നോക്കൂ. ഒരാൾ സ്വദേശത്തു ആയിരക്കണക്കിനു രൂപ, ഇന്നത്തെ ലക്ഷങ്ങൾ ചെലവഴിച്ചു ഒരു കെട്ടിടം പണിയുന്നു. അതിനിടയിൽ തന്റെ സർവസ്വവുമായ യജമാനനെ കാണുവാനുള്ള അടങ്ങാത്ത ആഗ്രഹത്താൽ ഒരു രാത്രിക്കു വേണ്ടി മാത്രം അയാൾ ഖാദിയാനിൽ വരുന്നു. പിന്നീട് സ്വദേശത്തേയ്ക്കു തിരിച്ചു പോകാൻ തന്റെ യജമാനനോടു അനുവാദം ചോദിക്കുവാനുള്ള അവസരത്തിനായി ആ വിനീത ശിഷ്യൻ കാത്തിരിക്കുന്നു. ആ കാത്തിരിപ്പിന്നിടയിൽ ആദ്യം ഭാര്യാ മക്കളേയും പിന്നീട് സ്വന്തം ഗ്രന്ഥ ശേഖരവും ഖാദിയാനിലേയ്ക്കു കൊണ്ടു വരാൻ മസീഹിനാൽ നിർദേശിക്കപ്പെടുന്നു. തുടർന്നു ഭേരയെ കുറിച്ചു ചിന്തിക്കുക പോലുമരുതെന്നു കൽപിക്കപ്പെടുന്നു. അതോടെ അദ്ദേഹം ആ മസീഹിനോടുള്ള സ്നേഹത്തിലും ആദരവിലും എല്ലാം ഉപേക്ഷിച്ചുകൊണ്ട് മസീഹിന്റെ പാദത്തിങ്കൽ അഭയം തേടുന്നു. പാതിവഴിയിൽ ഉപേക്ഷിച്ചു പോന്ന നിർമാണത്തിലിരുന്ന കെട്ടിടം മറ്റൊരാൾ മുഖേന വിൽക്കാൻ അനുവദിക്കുകയാണെങ്കിൽ ആ പണമെങ്കിലും എനിക്കുപകരിക്കുമെന്നു പറയുന്നതുപോലും അല്ലാഹുവിന്റെ മസീഹിന്റെ താൽപര്യങ്ങൾക്കും കൽപനയ്ക്കും വിരുദ്ധമായിപ്പോകുമെന്നു കരുതി വിനയത്തിന്റെ പ്രതീകമായ ആ വിനീത ശിഷ്യൻ അങ്ങനെ ഒന്നും ചിന്തിച്ചില്ല. ഒന്നും പറഞ്ഞില്ല. ഒന്നും ചെയ്തില്ല. യജമാനൻ കൽപിച്ചു. ശിഷ്യനതു ശിരസ്സാ വഹിച്ചു കൊണ്ട് പറഞ്ഞു ആമന്നാ വ സദ്ദഖ്നാ. അതിൽ കൂടുതൽ ഒന്നുമില്ല.

## ഖാദിയാനിലെ ആത്മീയാന്തരീക്ഷവും മൗലവി സാഹിബിന്റെ തിരക്കുകളും

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അനുഗ്രഹീത കാലത്തു തന്നെ ഹദ്റത്ത് മൗലവി സാഹിബ് ആത്മീയമായി വളരെ ഉയർന്ന സ്ഥാനം കൈവരിക്കുകയും അറിവിലും തഖ്‌വയിലും ജീവിത പരിശുദ്ധിയിലും ജമാഅത്തിലെ മറ്റാരെക്കാളും ഉന്നതിയിലെത്തുകയും ചെയ്തിട്ടുണ്ടായിരുന്നു.

മാത്രവുമല്ല ഹദ്റത്ത് മസീഹ് മൗഊദുമായുള്ള മൗലവി സാഹിബിന്റെ വളരെ അടുത്ത ബന്ധവും നിരന്തരമുള്ള സംസർഗവും നിമിത്തം ജമാഅത്തിൽ അദ്ദേഹം വളരെ പ്രത്യേകമായ ഒരു മഹനീയ സ്ഥാനം അലങ്കരിച്ചിരുന്നു. അതിനാൽ ജമാഅത്തിൽ പൊതുവായി എല്ലാവരും തന്നെ മസീഹ് മൗഊദ് കഴിഞ്ഞാൽ തങ്ങളുടെ പ്രശ്നങ്ങൾക്കും സംശയ നിവാരണത്തിനുമായി മൗലവി സാഹിബിനെ കണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പലപ്പോഴും തന്നെ ഫിഖ്ഹ് സംബന്ധമായ വിഷയങ്ങളുടെ വിശദീകരണത്തിനായി സഹാബാക്കളെ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ അയക്കാറുമുണ്ടായിരുന്നു.

അതു പോലെ മസീഹ് മൗഊദിനോ കുടുംബത്തിൽപെട്ടവർക്കോ തന്റെ ഖാദിമീങ്ങൾക്കോ ആവശ്യം വന്നാൽ ചികിത്സയും മരുന്നും നൽകാൻ മൗലവി സാഹിബിനോടു ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർദേശിക്കാറുണ്ടായിരുന്നു. തന്റെ ഗ്രന്ഥരചനാ വേളകളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) റഫറൻസിനായും പ്രൂഫ് റീഡിങ്ങിനായും മൗലവി സാഹിബിന്റെ സഹായവും സേവനവും തേടാറുണ്ടായിരുന്നു. അതിനു പുറമെ യാത്രകളിലും സായാഹ്ന സവാരികൾക്കിടയിലും മൗലവി സാഹിബ് ഹുസൂറിനെ എന്നും അനുഗമിച്ചിരുന്നു. മഗ്‌രിബിനു ശേഷം സംഘടിപ്പിക്കപ്പെടുന്ന സദസ്സുകളിലും മൗലവി സാഹിബിന്റെ നിറഞ്ഞ സാന്നിദ്ധ്യമുണ്ടായിരുന്നു. ഇതിനൊക്കെ പുറമെ മൗലവി സാഹിബിന്റെ ഖാദിയാൻ ജീവിതത്തിന്റെ പ്രധാന ഉദ്ദേശ്യം എന്നു പറയാൻ പറ്റുന്നത് ഹദ്റത്ത് മസീഹ് മൗഊദിന്റെ അനുഗ്രഹീതരായ സന്താനങ്ങളെ ഖുർആനും ഹദീസും മറ്റു ദീനിയായ വിഷയങ്ങളും പഠിപ്പിക്കലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിന്റെ മൂത്ത മകൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനെ ഈ എല്ലാ വിഷയങ്ങളും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് പഠിപ്പിക്കാറുണ്ടായിരുന്നു. തന്റെ പഠനത്തെ കുറിച്ചു ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് തന്നെ പറയുകയാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖുർആനിക ജ്ഞാനത്തിൽ നിന്നും എനിക്കു വലിയൊരു പങ്കു ലഭിച്ചിട്ടുണ്ട്. ആ കാര്യത്തിൽ എന്റെ ഉസ്താദ് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് എനിക്കു വേണ്ടി ചെയ്ത കഠിനാധ്വാനവും ത്യാഗവും വളരെ വലുതാണു. എനിക്കന്നു വളരെ ചെറിയ പ്രായമായിരുന്നു. കൂടാതെ രോഗത്താൽ വിവശനുമായിരുന്നു. അദ്ദേഹം തന്നെയാണു ഇതൊക്കെ പഠിക്കാനുള്ള അഭിരുചിയും കഴിവും എന്നിൽ സൃഷ്ടിച്ചതു. അദ്ദേഹം എന്നെ തന്റെ അരികിലിരുത്തി ഓരോന്നു വായിച്ചു കേൾപിക്കും. എന്നിട്ടു പറയും മിയാ, നിനക്കു വായിക്കാൻ ബുദ്ധിമുട്ടായിരിക്കും. അതിനാൽ ഞാൻ വായിക്കാം. നീ ശ്രദ്ധിച്ചു കേട്ടു കൊണ്ടിരുന്നാൽ മതി. അങ്ങനെ അദ്ദേഹം തന്നെ ഖുർആൻ പാരായണം ചെയ്യും. ശേഷം അതിന്റെ വ്യാഖ്യാനവും കേൾപിക്കും. ഖുർആനും ബുഖാരിയും പഠിപ്പിച്ചശേഷം അദ്ദേഹം പറഞ്ഞു മിയാ, ലോകത്തുള്ള എല്ലാ അറിവുകളും നിനക്കു ലഭിച്ചു കഴിഞ്ഞു. മറ്റുള്ളവയെല്ലാം തന്നെ ഈ അറിവിന്റെ വ്യാഖ്യാനങ്ങളാണു.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖാദിയാനിൽ രാവും പകലും ജന നന്മയ്ക്കുള്ള പലതരത്തിലുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. അതിരാവിലെ മുതൽ രോഗികളെ പരിശോധിച്ചു മരുന്നു നൽകുന്നു. വിദ്യാർഥികളെ ഹദീസ് ക്ലാസ്സുകൾക്കു പുറമെ വൈദ്യവും പഠിപ്പിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യ വിഷയങ്ങൾ എല്ലാവർക്കും എല്ലായിപ്പോഴും മനസ്സിലാക്കാൻ സാധിച്ചെന്നു വരില്ല. അതിനാൽ ചില ഗ്രന്ഥങ്ങളിലെ പ്രതിപാദ്യവിഷയങ്ങളുടെ വിശദീകരണ ക്ലാസ്സുകളും അദ്ദേഹം നൽകിയിരുന്നു. അസർ നമസ്ക്കാരത്തിനു ശേഷം പള്ളിയിൽ എല്ലാദിവസവും മുടങ്ങാതെ ഖുർആൻ ദറസുകൾ സംഘടിപ്പിച്ചിരുന്നു. സാധാരണക്കാരായ ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ അമാനത്തുകൾ (സൂക്ഷിപ്പു മുതൽ) വെക്കാറുണ്ടായിരുന്നു. അതിന്റെ കണക്കുകളും കാര്യങ്ങളും സൂക്ഷിക്കുക എന്നതു ഒരു ഭാരിച്ച ഉത്തരവാദിത്വമാണു. ആ ഉത്തരവാദിത്വവും അദ്ദേഹം ഒരു മടിയും മുഷിപ്പും കൂടാതെ നിർവഹിച്ചിരുന്നു. അതോടൊപ്പം അഗതികളും അശരണരുമായവരുടെ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. പൊതുവിൽ അഹ്മദികളെ സൽകർമങ്ങൾ ചെയ്യുവാനും ചീത്ത കാര്യങ്ങളിൽ നിന്നു വിട്ടു നിൽക്കുവാനും എല്ലായിപ്പോഴും അദ്ദേഹം ഉപദേശിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിനു ഖാദിയാനു പുറത്തു നിന്നും മതപരവും കർമശാസ്ത്രപരവുമായ ചോദ്യങ്ങളുള്ള കത്തുകൾക്കു പുറമെ ചികിത്സയുമായി ബന്ധപ്പെട്ട കത്തുകളും വരാറുണ്ടായിരുന്നു. അതിനെല്ലാം അദ്ദേഹം മറുപടി എഴുതുകയും എഴുതിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം തന്നെ അദ്ദേഹം നിർവഹിച്ചിരുന്നതു തന്റെ ക്ലിനിക്കെന്ന ഇടുങ്ങിയ ചെറിയ മുറിയിൽ ഇരുന്നു കൊണ്ടായിരുന്നു. ആ മുറിയിൽ ചെറിയൊരു ഇരിപ്പിടമുണ്ട്. അതിലൊരു പായ വിരിച്ചിരിക്കും. അതിലിരുന്നു കൊണ്ടാണു രാവിലെ മുതൽ രാത്രി വരെ അദ്ദേഹം തന്റെ എല്ലാ ജോലികളും നിർവഹിച്ചു കൊണ്ടിരുന്നത്. മുന്നിൽ ചെറിയൊരു പീഠവും ഉണ്ടായിരിക്കും. ചിലപ്പോൾ വീട്ടിൽ നിന്നും കൊണ്ടു വരുന്ന ഭക്ഷണവും അവിടെ ഇരുന്നു കഴിക്കും. നമസ്ക്കാരത്തിനു വേണ്ടി മാത്രമായിരുന്നു അദ്ദേഹം അവിടെ

നിന്നും എഴുന്നേറ്റിരുന്നത്.

## മൗലവി സാഹിബ് ഖാദിയാനു നൽകിയ പ്രാധാന്യം

മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ആഗ്രഹ പ്രകാരം അല്ലെങ്കിൽ നിർദേശ പ്രകാരം ഖാദിയാൻ സ്ഥിരതാമസത്തിനായി തെരഞ്ഞെടുക്കുകയും അതോടൊപ്പം അവിടെ ചെറിയൊരു ക്ലിനിക്ക് ആരംഭിക്കുകയും ചെയ്തപ്പോൾ ആതുര സേവന രംഗത്തു മൗലവി സാഹിബിന്റെ പ്രാഗൽഭ്യം നന്നായി അറിയാവുന്ന അഭ്യുദയകാംക്ഷികൾ അദ്ദേഹത്തോടു ലാഹോറിലോ അമൃതസറിലോ ക്ലിനിക് ആരംഭിക്കാൻ ഒരു പാടു നിർബന്ധിച്ചിരുന്നു. ദീർഘ കാലം മഹാരാജാവിന്റെ കൊട്ടാര വൈദ്യനെന്ന ഖ്യാതി അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ ആ പട്ടണങ്ങളിൽ ക്ലിനിക്ക് തുടങ്ങുകയാണെങ്കിൽ ജനം ചികിത്സക്കായി മറ്റൊന്നും നോക്കാതെ അദ്ദേഹത്തിന്റെ അടുക്കൽ ഓടിവരുമായിരുന്നു. തീർച്ചയായും അതു സാമ്പത്തികമായി വൻ വിജയവുമാകുമായിരുന്നു. പക്ഷേ, അദ്ദേഹം അത്തരം കാര്യങ്ങളൊന്നും തന്നെ പരിഗണിച്ചില്ല. അദ്ദേഹത്തിനു തന്റെ യജമാനന്റെ സാന്നിദ്ധ്യവും ഖാദിയാന്റെ അനുഗ്രഹീത ആത്മീയാന്തരീക്ഷവുമായിരുന്നു ഏറ്റവും അഭികാമ്യമായി തോന്നിയിരുന്നത്.

അദ്ദേഹത്തിന്റെ ഈ മഹത്തായ ത്യാഗത്തേയും അർപ്പണ മനോഭാവത്തേയും കുറിച്ചു ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) മാലിയാർ കോട്ട്ലയിലെ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനു ഇങ്ങനെ എഴുതുകയുണ്ടായി. പാവം നൂറുദ്ദീൻ, ദുനിയാവിനെ പുറം കാലുകൊണ്ട് തട്ടിമാറ്റി ആരാലും അറിയപ്പെടാത്ത ഈ ഖാദിയാനെയാണു തെരഞ്ഞെടുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ഈ മാതൃക തികച്ചും അനുകരണീയമാണു ലാഹോറോ അമൃതസറോ തെരഞ്ഞെടുക്കാൻ പലഭാഗങ്ങളിൽ നിന്നും അദ്ദേഹത്തിനു മേൽ സമ്മർദ്ധങ്ങളുണ്ടായിട്ടും അദ്ദേഹം ആരുടെ വാക്കും സ്വീകരിച്ചില്ല. യഥാർഥ തൗബ ചെയ്തു കൊണ്ട് ദീനിനു ദുനിയാവിനു മേൽ ശ്രേഷ്ഠത കൽപിക്കുകയാണു അദ്ദേഹം ചെയ്തതു.

ഹദ്റത്ത് മസീഹ് മൗഊദി (അ) നും തന്റെ ഈ പ്രിയ ദാസൻ എല്ലാവരേക്കാളും പ്രിയപ്പെട്ട വ്യക്തിയായിരുന്നു. ആ കാര്യം വാഗ്ദത്ത മസീഹ് (അ) തന്റെ പലഗ്രന്ഥങ്ങളിലും വിവരിച്ചതിനു പുറമെ ദൈനംദിന ജീവിത സംഭവങ്ങളിലൂടേയും പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദി (അ) നു തന്റെ ശിഷ്യരിൽ ഏറ്റവും പ്രിയപ്പെട്ടയാൾ ആരാണെന്ന കാര്യത്തിൽ മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ)യുടെ ഭാര്യയും ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഭാര്യയും തമ്മിൽ സംസാരമുണ്ടായി. തങ്ങളുടെ ഭർത്താവാണു വാഗ്ദത്ത മസീഹിനു ഏറ്റവും പ്രിയങ്കരനെന്നവർ ഓരോരാളും വാദിച്ചു. കാര്യം അവർ ഹദ്റത്ത് മസീഹ് മൗഊദിന്റെ ഭാര്യ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് അമ്മാജാന്റെ മുന്നിൽ അവതരിപ്പിച്ചു. അമ്മാജാൻ പറഞ്ഞു നിങ്ങൾ ഈ കാര്യത്തിൽ തർക്കിക്കുകയേ വേണ്ട. ഇതൊരു കുഴക്കുന്ന പ്രശ്നവുമല്ല. ഇതിനിപ്പോൾ ഞൊടിയിടയിൽ തന്നെ പരിഹാരമുണ്ടാക്കാമെന്നു പറഞ്ഞു അവർ ഹദ്റത്ത് മസീഹെ മൗഊദിനെ സമീപിച്ചു. എന്നിട്ടു പറഞ്ഞു 'താങ്കളുടെ പ്രിയ കൂട്ടുകാരനുണ്ടല്ലോ.... എന്നു' മാത്രം പറഞ്ഞതേയുള്ളു മസീഹെ മൗഊദ് ഇടയിൽ കയറി വളരെ അസ്വസ്ഥമായ സ്വരത്തിൽ ആരാഞ്ഞു 'മൗലവി സാഹിബിനെന്തു പറ്റി' എന്താണു പ്രശ്നം? അതായിരുന്നു മൗലവി സാഹിബിനെ കുറിച്ചുള്ള വാഗ്ദത്ത മസീഹിന്റെ ഹൃദയ വികാരം. മൗലവി സാഹിബിന്റെ വിഷമങ്ങൾ അതു ഏതു തരത്തിലുള്ളവയാലും അതു വാഗ്ദത്ത മസീഹിനെ സംബന്ധിച്ചിടത്തോളം വിഷമമുണ്ടാക്കുന്ന കാര്യമാണു.

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) യുടെ വഫാത്തിനു ശേഷം ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) കഠിനമായ രോഗത്തിന്നടിപ്പെട്ടു. വാഗ്ദത്ത് മസീഹ് അദ്ദേഹത്തെ ഇടയ്ക്കിടെ സന്ദർശിക്കുകയും വിവരങ്ങൾ അറിഞ്ഞു കൊണ്ടുമിരുന്നു. ഒരവസരത്തിൽ മസീഹ് മൗഊദ് മൗലവി സാഹിബിനു വേണ്ടി മരുന്നു തയ്യാറാക്കി കൊണ്ടിരുന്ന തിനിടയിൽ അദ്ദേഹത്തിന്റെ ഉൽകണ്ഠയും ആകുലതയും മനസ്സിലാക്കി, ആശ്വസിപ്പിക്കാനായി ഉമ്മുൽ മുഅ്മിനീൻ പറഞ്ഞു മൗലവി ബുർഹാനുദ്ദീൻ സാഹിബും (റ) മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) യും നമ്മെ വിട്ടു പിരിഞ്ഞു. അല്ലാഹു നമ്മുടെ മൗലവി സാഹിബിനു (അതായതു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ്) വേഗം തന്നെ ആരോഗ്യം വീണ്ടെടുക്കാൻ കഴിവു നൽകുമാറാകട്ടെ. അതു കേട്ട മാത്രയിൽ വാഗ്ദത്ത മസീഹ് (അ) വളരെ ഉറച്ച സ്വരത്തിൽ പറഞ്ഞു ഈയൊരാൾ ആയിരം അബ്ദുൽ കരീമുമാർക്കു തുല്യനാണ്. ഖാദിയാൻ ഹിജ്റത്തിലൂടെ ഹദ്റത്ത് മൗലവി സാഹിബിന്റെ ഹൃദയാഭിലാഷം പൂവണിഞ്ഞതു പോലെ ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ദുആയും സ്വീകരിക്കപ്പെടുകയാണു ചെയ്തതു. ബാക്കിയുള്ള ജീവിതകാലം രണ്ടു പേർക്കും (ഹദ്റത്ത് മസീഹ് മൗഊദിനും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനും) ഒരു സ്ഥലത്തു ജീവിക്കാൻ സാധിക്കേണമേ എന്നു ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നും ദുആ ചെയ്യാറുണ്ടായിരുന്നു. ആ ദുആയുടെ സ്വീകാര്യതയാണു പിന്നീടു നാം കണ്ടതു. (തുടരും)

ജോർദാൻ ഒരു ചരിത്ര ഭൂമി – 6

# ജോർദ്ദാനോട് വിട

ചരിത്രത്തിന്റെ നിധികുംഭങ്ങൾ കാക്കുന്ന ജോർദാൻ ഭൂമിയിലൂടെ സഞ്ചാരിയുടെ യാത്ര.

എ. ക്യു. മഹ്ദി



### ലോകപ്രസിദ്ധമായ മൊസൈക്ക് സിറ്റി

ജോർദ്ദാനിലെ പുരാതന നഗരമായ പെട്ര സന്ദർശനത്തിനു ശേഷം, അവിടത്തെ പ്രശസ്തമായ മൊസൈക്ക് സിറ്റിയിലേക്ക് ബസ്സിൽ യാത്ര തുടരുന്നതായാണ് പറഞ്ഞു നിർത്തിയത്.

മൊസൈക്കിന്റെ നഗരമായ മദബയിലേക്കാണു പൊക്കൊണ്ടിരിക്കുന്നത്. റോഡിൽ വാഹനത്തിരക്ക് ഏറുകയാണ്. വേഷധാരണകളെ കുറിച്ചൊന്നും കർശന നിഷ്കർഷമില്ലാത്ത നാടാണ് ജോർദ്ദാൻ. ജോർദ്ദാൻ രാജാവിന്റെ ഒരു കുടുംബഫോട്ടോ ഒരു സുവനീർ ഷോപ്പിൽ വിൽപ്പനയ്ക്കു വച്ചിരുന്നത് ശ്രദ്ധിച്ചിരുന്നു. അതിൽ രാജാവ് പാന്റസും എക്സിക്യൂട്ടീവ് ഷർട്ടും ധരിച്ച ഒരാധുനികന്റെ രൂപത്തിലും, രാജ്ഞി, മുടി ബോബ് ചെയ്ത ഒരു യൂറോപ്യൻ വനിതയെപ്പോലെയുമാണ് കണ്ടത്. ആധുനിക രീതിയിൽ വസ്ത്രം ധരിച്ചവരെയേ അമ്മാൻ തെരുവിൽ എവിടെയും കാണാൻ കഴിഞ്ഞുള്ളൂ. നാട്ടുകാരായ സ്ത്രീകൾ തലമറച്ചിരിക്കണം എന്ന നിബന്ധന മാത്രമേയുള്ളൂ. യുവതികൾ ഇവിടെയും ആധുനിക വസ്ത്രഭ്രമത്തിന്റെ പിടിയിലാണ്. ജീൻസും മുട്ടോളമെത്തുന്ന മേൽവസ്ത്രവും ധരിച്ച പെൺകുട്ടികളെ ഞാനീ നഗരത്തിലെവിടെയും കാണുകയുണ്ടായി.

അമ്മാൻ നഗരത്തിന്റെ പല ഭാഗവും നമ്മുടെ ഡെൽഹിയെ അനുസ്മരിപ്പിക്കുന്നതാണ്, ഓൾഡ് ഡെൽഹിയെ. കടയും, വാഹനത്തിരക്കും വഴിയോരത്തെ മന്ദിരങ്ങളുമൊക്കെ അത്തരത്തിലുള്ളതു തന്നെ. എന്നാൽ കുന്നുകളും അവയിൽ തിങ്ങിനിറഞ്ഞ അപ്പാർട്ട്മെന്റുകളും ഇവിടത്തെ തനതു കാഴ്ചയാണ്. ദൂരെ വൃത്താകാരത്തിലുള്ള ഒരു വലിയ കെട്ടിടം കാണാം. അമ്മാനിലെ പ്രസിദ്ധമായ ലീ റോയൽ ഹോട്ടൽ മന്ദിരമാണത്. ഒരു പഞ്ചനക്ഷത്ര ഹോട്ടൽ. അമ്മാനിൽ നിന്നും മദബയിലേക്ക് ഒന്നരമണിക്കൂർ ബസ്സ് യാത്രയുണ്ട്. വാഹനത്തിരക്ക് ഏറെയുണ്ടെങ്കിലും പരന്നുചിത്രങ്ങളുടെ വലിയൊരു ഭാഗം കാണപ്പെട്ടത്. 1400 വർഷം മുമ്പ് നിർമ്മിച്ച ഒരു മൊസൈക്ക് ചിത്രങ്ങൾ. ഏതോ തെരുവു കലാകാരൻ വരച്ച ഒരു സാധാരണ ചിത്രമെന്നു തോന്നി ആദ്യം ഒറ്റനോട്ടത്തിൽ കണ്ടപ്പോൾ. പക്ഷേ, അതിന്റെ വിശദാംശങ്ങൾ, അത്ഭുതകരമായ ഒരറിവായിരുന്നു എനിക്ക് നൽകിയത്. അവിടെ രേഖപ്പെടുത്തിയിരുന്ന മൊസൈക്കു ചിത്ര വിവരങ്ങളിലേക്ക് ഞാൻ മെല്ലെ ചുറ്റിനടന്നു.

മരുഭൂമിയിൽ സുലഭമായി ലഭിക്കുന്ന വിവിധ നിറത്തിലുള്ള പാറക്കഷണങ്ങൾ അഥവാ ചിപ്സ് കൊണ്ട്, വലിയൊരു പ്രദേശത്തിന്റെ ഭൂപടമാണ് വരച്ചു വച്ചിരിക്കുന്നത്. ജോർദ്ദാനും പാലസ്തീനും ഈജിപ്റ്റുമൊക്കെ ഇതിലുണ്ട്. ചാവു കടലിന്റെ ഭാഗം പോലും വേർതിരിച്ചു കാണാം.എ.ഡി. 6–ാം നൂറ്റാണ്ടിൽ നിർമ്മിച്ചതാണീ മൊസൈയ്ക്ക് എന്ന് വ്യക്തമായി തന്നെ അവിടെ രേഖപ്പെടുത്തിവച്ചിരിക്കുന്നു. പണ്ടുകാലത്തെ തീർത്ഥാടകർക്കു വേണ്ടി ദേവാലത്തിന്റെ തറയിൽ ഒരുക്കിവച്ചിരുന്ന ചിത്രങ്ങളാണു ഇത്. ചിത്രത്തിനരികിൽ നിന്ന് ഒരു ഗൈഡ് തന്റെ പാശ്ചാത്യ സഞ്ചാരികൾക്ക് സ്ഥലങ്ങൾ വ്യക്തമാക്കി കൊടുക്കുന്നുണ്ടായിരുന്നു.

അൾത്താരയുടെ മുമ്പിൽ നിന്നും പള്ളിയുടെ അകവഴിയിലൂടെ ഞാൻ നടന്നു. ചുവരിലും

തൂണിലും ധാരാളം ചിത്രങ്ങൾ. നിറം മങ്ങാത്ത മനോഹരങ്ങളായ പഴയ ചിത്രങ്ങൾ. എ.ഡി. 5 മുതൽ 7 വരെ നൂറ്റാണ്ടുകളിൽ ബൈസന്റൈൻ കാലത്ത്, ജോർദ്ദാൻ മേഖലയിലെ പ്രമുഖ നഗരമായിരുന്നു മദബ. അന്ന്, ഈ പ്രദേശത്തെ ബിഷപ്പിന്റെ ആസ്ഥാനവും ഇവിടെയായിരുന്നു. പിന്നീടെന്നോ തകർന്നു പോയ നഗരത്തിൽ പഴയ ദേവാലയങ്ങൾ നിലനിന്നിരുന്നയിടത്ത് 19–ാം നൂറ്റാണ്ടിൽ നിർമ്മിച്ച പള്ളികളിൽ ഒന്നാണ് ചർച്ച് ഓഫ് സെന്റ് ജോർജ്.


പള്ളിയിൽ ഒരു ഭൂഗർഭ അറയുണ്ട്. ഞാൻ ആ അറയിലും പ്രവേശിച്ചു. അവിടെയുമുണ്ട് കുറേ മനോഹര പെയിന്റിങ്ങുകൾ. പണ്ടുകാലത്ത് പള്ളിയിൽ ഉപയോഗിച്ചിരുന്ന പൂജാ സാമഗ്രികളും അവിടെ പ്രദർശിപ്പിച്ചിരുന്നു.

അറയിൽ നിന്നും വീണ്ടും അൾത്താരയുടെ മുന്നിലേയ്ക്ക് ചെന്നു. മൊസയ്ക്ക് ചിത്രത്തിനു ചുറ്റും സഞ്ചാരികളുടെ എണ്ണം കൂടിയിരിക്കുന്നു. തെരുവിലും സഞ്ചാരികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. തെരുവോരത്ത് കൗതുക വസ്തുക്കളും കാർപ്പറ്റുമൊക്കെ, വിൽപ്പനയ്ക്ക് നിരത്തിവച്ചിരിക്കുന്നു. അവ പിന്നിട്ട് നടന്ന് മദബ എന്ന മൊസയ്ക്ക് നഗരത്തോടു യാത്ര പറഞ്ഞു.

യാത്ര തുടരുകയാണ്. ജോർദ്ദാന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലൂടെയാണു ഇപ്പോൾ കടന്നു പോകുന്നത്. റോഡിനിരുവശവും വീടുകൾ. ഒക്കെയും പൊലിമയില്ലാത്ത വാസഗൃഹങ്ങളാണ്. ചുവന്ന മണ്ണിൽ വളർന്നു നിൽക്കുന്ന ഒലിവ് മരങ്ങൾ. ഈ രാജ്യത്തിന്റെ ഉൾനാടുകൾ ഇങ്ങിനെയാണ്. ശരിക്കും യഥാർത്ഥ ജോർദ്ദാൻ ഇതാണ്.

### മൗണ്ട് നെബോയിലൂടെ മടക്കയാത്ര

വണ്ടി ഓടിക്കൊണ്ടിരുന്നു. ഇപ്പോൾ ഈ മരുഭൂമിക്കൊരു രൂപമാറ്റം. വെളുത്ത പാറക്കഷണങ്ങൾ



THE MADABA MOSAIC MAP IN SAINT GEORGE CHURCH | JORDAN

ചിതറിക്കിടക്കുന്ന മണൽപ്പരപ്പുകളാണിപ്പോൾ. ഇവിടത്തെ പാറകൾക്ക്, നാട്ടിലേതുപോലെ ഉറപ്പില്ല. സാൻഡ്സ്റ്റോണാണ്, നോക്കെത്താ ദൂരംവരെ, നിരന്നുകിടക്കുന്ന നരച്ച കുന്നുകളുടെ ഞൊറിവുകൾ. വരണ്ട കുന്നുകൾക്ക് ബൈബിൾ കാലത്തെ ഒട്ടേറെ കഥകൾ പറയാനുണ്ടാവും.

ദൈവകല്പനപ്രകാരം ഫറവോന്റെ അടിമത്തത്തിൽ നിന്നും ഇസ്രായേൽ ജനതയെ മോചിപ്പിച്ച മോശ, അവരോടൊത്തു നടന്നിരുന്ന വഴികളാണ് ഇവയൊക്കെ. 40 സംവൽസരം മരുഭൂമിയിൽ അലയുവാൻ വിധിക്കപ്പെട്ട ഇസ്രായേൽ ജനം മോശയോടൊത്ത് കഷ്ടതകൾ ഏറെ സഹിച്ച് ഇവിടങ്ങളിലൊക്കെ പാർത്തു. വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കുവാൻ മാത്രം മോശയ്ക്കു കഴിഞ്ഞില്ല. ദേവാലയത്തിനകത്തേക്കാണ് ഞാൻ പിന്നീട് നടന്നത്.

പലതവണ പുതുക്കിപ്പണിതപ്പോൾ ദേവാലയത്തിന്റെ ആദിമ സൗന്ദര്യമൊക്കെ നഷ്ടമായിരിക്കുന്നു. ഇപ്പോഴും ഈ പള്ളിയിൽ ആരാധന നടക്കുന്നു.

ബൈസന്റൈൻ കാലത്തെ അവശിഷ്ടങ്ങളൊക്കെ തൂണുകളുടെ രൂപത്തിൽ ഇന്ന് ഈ പള്ളിയിൽ കാഴ്ചവസ്തുക്കളാണ്. കുറേക്കാലം പുറംലോകമറിയാതെ തകർന്നുകിടന്ന ദേവാലയങ്ങളാണ് നെബോ പർവ്വതത്തിൽ ഉള്ളതെല്ലാം. ആറ്, ഏഴ് നൂറ്റാണ്ടുകളിൽ ബെത്‌ലഹേമിൽ നിന്നും ഇവിടെ വന്ന ചില തീർത്ഥാടകരുടെ ലിഖിതങ്ങളിൽ നിന്നുമാണ് ഈ ചരിത്ര പർവ്വതത്തെക്കുറിച്ച് പുരാവസ്തു ഗവേഷകർക്ക് അറിവു ലഭിച്ചത്. 1933 ൽ നെബോ പർവ്വതമുകളിൽ പര്യവേഷണങ്ങൾ ആരംഭിച്ചു. ജെറുസലേമിലെ ഫ്രാൻസിസ്ക്കൻ സന്യാസിമാരാണ് അതിന് നേതൃത്വം നൽകിയത്. വർഷങ്ങൾ നീണ്ട ഉൽഘനനത്തിനു ശേഷമാണ് ആറാം നൂറ്റാണ്ടിലെ സന്യാസി മഠത്തിന്റെയും ഈ ദേവാലയത്തിന്റെയും അവശിഷ്ടങ്ങൾ ഗവേഷകർ കുഴിച്ചെടുത്തത്.

പള്ളിയുടെ തറയിലെ പഴയ മൊസയ്ക്ക് ചിത്രങ്ങളൊക്കെ വലിയ കേടുപാടു കൂടാതെ പുറത്തു കൊണ്ടുവരാൻ ഗവേഷകർക്കു കഴിഞ്ഞു. നൂറുകണക്കിനു വർഷം മുമ്പ് ദേവാലയത്തിന്റെ തറയിൽ രചിച്ച മൊസൈക്ക് ചിത്രപ്പണികൾ ഇപ്പോഴും വലിയ തകരാറൊന്നും ഇല്ലാതെ നിലനിൽക്കുന്നുണ്ട്. കണ്ടാലും കണ്ടാലും തീരാതെ പരന്നു കിടക്കുകയാണ് ഈ മൊസൈക്ക് ചിത്രങ്ങൾ.

പഴയ കൽക്കഷ്ണങ്ങൾ കൊണ്ട് 70 വർഷം മുമ്പാണ്

പള്ളിയും മറ്റ് ഭാഗങ്ങളുമൊക്കെ ഈ രൂപത്തിൽ നിർമ്മിച്ചത്. രണ്ടായിരാമാണ്ടിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഈ ദേവാലയത്തിൽ ആരാധന നടത്തുന്നതിന്റെ വലിയൊരുചിത്രം അവിടെ കണ്ടു.

പരിക്കൻമട്ടിൽ തന്നെയാണ് പള്ളിയുടെ അൾത്താരയും ബലിപീഠവുമൊക്കെ പുനർനിർമ്മിച്ചു വച്ചിരിക്കുന്നത്. ഇരിപ്പിടങ്ങൾക്കു പോലുമുണ്ട് ആ പരിക്കൻ ഭാവം. 1400-ലേറെ വർഷം പഴക്കമുള്ള ദേവാലയ അവശിഷ്ടങ്ങൾ കാണാനെത്തുന്നവർക്കു മുമ്പിൽ പഴമയുടെ ഒരന്തരീക്ഷം കൃത്രിമമായി സൃഷ്ടിച്ചിരിക്കയാണ് ഇവിടെ. അത് അത്ഭുതകരമായ ഒരു കലാപ്രവൃത്തിയാണെന്നും ഞാൻ വിലയിരുത്തുകയുണ്ടായി.

പള്ളിയിൽ ധാരാളം സഞ്ചാരികൾ എത്തുന്നുണ്ട്. ഒരു ഭാഗത്ത് ഏതോ വിദേശരാജ്യത്തു നിന്നുള്ള തീർത്ഥാടകർ ഗ്രൂപ്പ് ഫോട്ടോ എടുക്കുകയാണ്. ഞാൻ ദേവാലയത്തിന്റെ പുറത്തേക്കു നടന്നു. പള്ളിയിലൊരിടത്ത് നെബോ പർവ്വതത്തിന്റെ ആകാശദൃശ്യം ചുവരിൽ പതിച്ചു വച്ചിരിക്കുന്നു.

പള്ളിയിൽ നിന്നും പുറത്തിറങ്ങിയപ്പോൾ സഞ്ചാരം തുടരാൻ ബസ്സും സഹയാത്രികരും കാത്തു നിൽപ്പുണ്ടായിരുന്നു. അപകടം പിടിച്ച ചുരം പാതയാണ്. ഏത് വിദഗ്ധനായ ഡ്രൈവർക്കും വെല്ലുവിളി ഉയർത്തുന്ന പാത. എങ്കിലും ഇതുവഴിയുള്ള യാത്ര സുഖകരവും രസകരവുമാണ്. ജനവാസം ഒട്ടുമില്ലാത്ത പ്രദേശങ്ങൾ. വരണ്ട മലനിരകൾ മാത്രമേ എങ്ങും കാണാനുള്ളൂ. ഇസ്രായേലിന്റെ അതിർത്തിയിലേയ്ക്കാണു ഇനി പോകുന്നത്. കേരളത്തിൽ നിന്നെത്തുന്ന ഒരു സംഘം തീർത്ഥാടകരോടൊപ്പം ഇസ്രായേലിന്റെ അതിർത്തികടക്കുകയാണ് എന്റെ ലക്ഷ്യം. തീർത്ഥാടകരെ പോലും കർശന പരിശോധനകൾക്കു വിധേയമായി മാത്രമേ ഇസ്രായേൽ അതിർത്തി കടക്കുവാൻ അനുവദിക്കുകയുള്ളൂ. മേഖലയിൽ ഏറ്റവും അധികം തീവ്രവാദി ആക്രമണ ഭീഷണി നേരിടുന്ന രാജ്യം എന്ന നിലയിൽ തങ്ങളുടെ രാജ്യത്തെത്തുന്ന ഏതൊരു വിദേശിയെയും സൂഷ്മമായി നിരീക്ഷിക്കുകയാണ് അവർ. ISS തീവ്രവാദികൾ ഏതൊരു വേഷത്തിലും രൂപത്തിലും കടന്നു വരാം എന്നവർ വിശ്വസിക്കുന്നു. മാത്രമല്ല ആ തീവ്രവാദികളൊക്കെ സ്വയം ജീവൻ ബലിയർപ്പിക്കാൻ കരുതിവരുന്നവരുമാണ്, ചാവേറുകൾ. ചാവേറുകളെ ലോകത്തെ ഏതുരാജ്യവും ആശങ്കയോടെ ഭയക്കുന്നുണ്ട്.

ചെക്കുപോസ്റ്റുകളിലെല്ലാം യന്ത്രത്തോക്കു വഹിച്ച പട്ടാളക്കാരും വിവിധ സുരക്ഷാ ഉദ്യോഗസ്ഥരുമുണ്ട്. പലപ്പോഴും പട്ടാളവേഷത്തിലൊന്നും ആയിരിക്കില്ല അവർ പരിശോധനയ്ക്കെത്തുക. അതിർത്തിക്കടുത്തോ അതിർത്തി കഴിഞ്ഞ് ഉള്ളിൽ പ്രവേശിക്കുമ്പോഴോ നാം വാഹനത്തിലിരുന്നു നടത്തുന്ന പരസ്പര സംഭാഷണം പോലും പിടിച്ചെടുക്കാനുതകുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ഇസ്രയേൽ സർക്കാർ, സാറ്റലൈറ്റിന്റെ സഹായത്തോടെ ഉറപ്പിച്ചിട്ടുണ്ടെന്ന് ഡ്രൈവർ പറഞ്ഞപ്പോൾ അതുവരെ കലപില സംസാരിച്ചുകൊണ്ടിരുന്ന യാത്രക്കാരൊക്കെ ബസ്സിൽ നിശബ്ദരായി. സംശയം തോന്നിയാൽ ഇസ്രായേൽ ഭടന്മാർ യാത്രക്കാരന്റെ വസ്ത്രം വരെ അഴിപ്പിക്കുമത്രെ. എങ്കിലും പേടിക്കാനൊന്നുമില്ലെന്ന് പറഞ്ഞ് യാത്രക്കാരെ ആശ്വസിപ്പിക്കാനും ടൂർ ഗൈഡ് മറന്നില്ല. ഈ പരിശോധനകളും ആക്രമണ ഭീതിയുമൊക്കെ ഇസ്രായേലിനെ സംബന്ധിച്ചടത്തോളം തികച്ചും പ്രാധാന്യമർഹിക്കുന്നതു തന്നെയാണ്.

ഞാനിപ്പോൾ യാത്ര ചെയ്യുന്ന ബസ്സ് ജോർദ്ദാന്റെ അതിർത്തി വരെയേ പോകൂ. എനിക്ക് അവിടെ ഇറങ്ങണം. നേരത്തെ പറഞ്ഞുറപ്പിച്ച പ്രകാരം അവിടെയെത്തുന്ന മലയാളി തീർത്ഥാടകരോടൊപ്പം ചേർന്ന് അതിർത്തി കടക്കാം. ഇസ്രായേലിൽ കടന്ന ശേഷം ആ സംഘത്തിൽ നിന്നും വേർപെട്ട് സ്വന്തം നിലയിൽ യാത്ര തുടരാനാണ് എന്റെ തീരുമാനം. ഇടയ്ക്ക് ജോർദ്ദാന്റേതായ ചില ചെക്കുപോസ്റ്റുകളുണ്ട്. അവിടെയും സൂഷ്മപരിശോധനകൾക്കു വിധേയനാവണം.

താഴ്‌വാരത്തിലൂടെ കുന്നുകളുടെ നെറുകയിലൂടെ ഒരു കറുന്ന നാടപോലെ നീണ്ടുകിടക്കുകയാണ് പാത. മലയുടെ താഴെ സമതലപ്രദേശത്ത് എത്തുന്നതോടെ അതുവരെ അനുഭവിച്ച വിജനതയ്ക്കു വിരാമമായി, വീടുകൾ കണ്ടു തുടങ്ങുന്നു. കടലാസ്സു പെട്ടികൾ പോലെ പൊലിമയില്ലാത്ത വീടുകൾ. ജോർദ്ദാന്റെ അതിർത്തി ഗ്രാമങ്ങളാണ് ഇപ്പോൾ പാതയ്ക്കിരുവശവും. അതിർത്തികടന്ന് ഇസ്രായേലിലെ ഒരു പ്രത്യേക പട്ടണത്തിലേയ്ക്ക് എനിക്ക് പോകേണ്ടതുണ്ട്. അവിടെയാണ് ഇന്നത്തെ താമസം. ഗലീലിയ കടലിന്റെ തീരത്തെ സുഖവാസനഗരമാണ് ഇത്. ജോർദ്ദാൻ നദിയാണ് ഇസ്രായേലിന്റെ അതിർത്തി. നദിക്കു കുറുകേയുള്ള പാലം കടന്നാൽ ആ രാജ്യാതിർത്തിക്കുള്ളിൽ പ്രവേശിക്കാം. ജോർദ്ദാൻ നദി സമൃദ്ധമാക്കുന്ന മണ്ണിൽ വാഴത്തോട്ടങ്ങൾ കാണാം. ഒലിവ് മരങ്ങളും ധാരാളമായുണ്ട്. ചെറുപട്ടണങ്ങൾ പിന്നിട്ട് ബസ്സ് ജോർദ്ദാൻ ഇസ്രായേൽ അതിർത്തിയിലെത്തി. രാജ്യാതിർത്തിയിലെ വിപുല സൗകര്യങ്ങളൊരുക്കിയ വൻ ചെക്കുപോസ്റ്റിൽ ഇസ്രായേലി പട്ടാളക്കാർ തോക്കും പിടിച്ചു പേടിപ്പിക്കും മട്ടിൽ നിൽക്കുന്നുണ്ട്. കേരളത്തിൽ നിന്നും വന്ന തീർത്ഥാടക സംഘത്തോടൊപ്പം ചെക്ക് പോസ്റ്റ് കടന്ന് ഞാൻ ഇസ്രായേൽ മണ്ണിൽ പ്രവേശിച്ചു. ഇതോടുകൂടി ജോർദ്ദാൻ യാത്രാ വിശേഷങ്ങൾക്കു വിരാമമാകുന്നു.

നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു – 7

# മഹാവിസ്ഫോടനവും വിശുദ്ധ ഖുർആനും

പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച് ആധുനിക ശാസ്ത്രത്തിന്റെ വെളിപ്പെടുത്തലുകൾ ഖുർആൻ വചനങ്ങളിൽ പ്രതിഫലിക്കപ്പെടുന്നു എന്നത് വിസ്മയകരമാണ്.

**സബാഹത്ത് അലി രജ്പുത്, മിഷണറി, മെക്സിക്കോ**

പരിഭാഷ: താരിഖ് അലനല്ലൂർ

ഖുർആന്റെ വചനങ്ങളിൽ പ്രപഞ്ചോൽപ്പത്തിയുടെ കാര്യമെടുക്കുമ്പോൾ അത്യാധുനികമായ ശാസ്ത്രജ്ഞാനങ്ങളിൽ പലതും പരാജയപ്പെട്ടു പോകുന്നു. മഹാവിസ്ഫോടനത്തിന് ഹേതുവായ പ്രാഥമിക ശക്തിയെപ്പറ്റിയുള്ള ഒരു വ്യക്തമായ ധാരണ ആർക്കും തന്നെയില്ല.

മഹാവിസ്ഫോടനസമയത്ത് ഏകബിന്ദു (singularity) പൊട്ടിത്തെറിക്കാൻ ഹേതുവായ അതേ പ്രതിഭാസമാണ് പ്രപഞ്ചത്തെ ഇപ്പോഴും വികസിപ്പിച്ചു കൊണ്ടിരിക്കുന്നതെന്ന് ഒരുവന് അനുമാനിക്കാവുന്നതാണ്. ഒരു സ്ഫോടനത്താൽ ഉണ്ടാകുന്ന സ്വാഭാവികമായ പരിണിതഫലം മാത്രമാണ് പ്രപഞ്ചത്തിന്റെ വികസനമെന്നതായിരുന്നു ആദ്യത്തെ നിഗമനം. ഉദാഹരണത്തിന്, ഒരു ബോംബ് പൊട്ടിത്തെറിക്കുമ്പോൾ ഉണ്ടാവുന്ന ചിതറിത്തെറിക്കലിന്റെ ഉത്തരവാദിത്തം, സ്ഫോടനത്തിൽ അടങ്ങിയിരിക്കുന്ന സ്വതന്ത്ര ബലങ്ങളുടെ മേൽ ചാർത്തി കൊടുക്കാൻ ആരും തുനിയുകയില്ല.

അത്ഭുതകരമെന്ന് പറയട്ടെ, മുൻപുണ്ടായിരുന്ന ധാരണകളിൽ ഒരു പുനർവിചിന്തനം നടത്താൻ തങ്ങളെ പ്രേരിപ്പിക്കുന്ന തരത്തിൽ, പ്രപഞ്ചവികസനത്തിനു പിന്നിലെ ചില ബലങ്ങളുടെ നിഗൂഢതകളുടെ ചുരുളഴിക്കാൻ ശാസ്ത്രജ്ഞർക്ക് സാധിച്ചിരിക്കുന്നു. വളരെ കുറഞ്ഞ സമയം കൊണ്ട്, ചെറിയൊരു സ്ഥലത്ത് വലിയ അളവിലുള്ള ഊർജം പുറന്തള്ളുമ്പോഴാണ് സ്ഫോടനം സംഭവിക്കുന്നത്. അതിതീവ്ര ജ്വലനത്താൽ, ഒരു ചെറിയ വ്യാപ്തിയിൽ അടയ്ക്കപ്പെട്ട വാതകം വികസിക്കുന്നു. ചുറ്റുമുള്ള സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്ന വാതകം, അതിന്റെ കീഴിൽ വരുന്ന എല്ലാ വസ്തുക്കളിലും വൻ തോതിൽ മർദ്ദം ചെലുത്തുകയും ചെയ്യുന്നു. പക്ഷേ, മഹാവിസ്ഫോടനമെന്നാൽ വ്യത്യസ്തമായ ഒന്നാണെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. ഭൂരിപക്ഷം ആളുകൾ ചിന്തിക്കുന്നത് പോലെ സ്വയമേവ നടന്ന ഒരു പൊട്ടിത്തെറിയല്ല മഹാവിസ്ഫോടനം. മറിച്ചു, അത് അതിതീവ്രതാപവും അതിതീവ്ര ഊർജവും കൂടിക്കലർന്ന അതീവസാന്ദ്രമായ ഒരു ‘ഗോള'ത്തിന്റെ പൊട്ടിത്തെറിയായിരുന്നു (ഏറ്റവും ഉചിതമായ പദം പ്രയോഗിച്ചെന്ന് മാത്രം). 1400 കോടി വർഷങ്ങൾക്ക് മുൻപാണ് ഇതു സംഭവിച്ചത്. ഒരു ആറ്റത്തേക്കാൾ ചെറുതായിരുന്നു തുടക്കത്തിലെ ഈ ഗോളമെന്നതാണ് ഏറ്റവും അമ്പരപ്പിക്കുന്ന വസ്തുത. എന്നാൽ, 1400 കോടി വർഷങ്ങൾക്ക് മുൻപ് ഈ അതിസൂക്ഷ്മഗോളം വികസിക്കുകയും ഒരു ഗോൾഫ് പന്തിന്റെ അത്രയും വലിപ്പം അതിന് കൈവരികയും, അത്ഭുതവഹമായ രീതിയിൽ വ്യതിചലിക്കുന്ന പ്രവേഗത്താൽ അതിന്റെ പുറത്തേക്കുള്ള വികസനത്തിന് നാന്ദി കുറിക്കപ്പെടുകയും ചെയ്തു. ഇവ ശാസ്ത്രമനസുകളെ കുഴപ്പിക്കുകയും, അക്കാലത്തെ അടിസ്ഥാനകണങ്ങളും ഭൗതികനിയമങ്ങളും ഇന്ന് കാണുന്നതിൽ നിന്ന് വ്യത്യസ്തമായിരുന്നു എന്ന് സമ്മതിക്കാൻ ശാസ്ത്രജ്ഞരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞനായ സീൻ കരോളിന്റെ വാക്കുകൾ നോക്കുക: ‘ഇതു കാലത്തിലെ ഒരു നിമിഷമാണ്, സ്ഥലത്തിലെയല്ല‘. (This is a moment in time, not a moment in space)

### ലാഭകരമല്ലാത്ത പ്രപഞ്ചവികസനം

കാലക്രമേണ തണുക്കുകയും, പറഞ്ഞറിയിക്കാനാവാത്ത വേഗതയിൽ വികസിക്കുകയും ചെയ്യുന്ന ഈ ഗോചരപ്രപഞ്ചത്തിന്റെ വിദൂരദിക്കുകളിൽ കാണപ്പെടുന്ന വസ്തുക്കൾ തമ്മിൽ, അവയുടെ സൃഷ്ടിപ്പിൽ മാത്രമല്ല സാദൃശ്യം കാണിക്കുന്നത്. മഹാവിസ്ഫോടനത്തിന് തൊട്ടുപിൻപേയുള്ള വസ്തുക്കളിലടങ്ങിയിരിക്കുന്ന മിശ്രണങ്ങളുമായും അവയ്ക്ക് സാദൃശ്യങ്ങൾ കാണാവുന്നതാണ്. ഗുരുത്വത്തിനെതിരായിക്കൊണ്ട് പ്രപഞ്ചം വികസിച്ചുവെന്നും, സകലവസ്തുക്കളും തമ്മിൽ ചേരുന്നതിന് പകരം സ്ഫോടനത്തിലൂടെ അകന്ന് പോയെന്നും പ്രസ്താവിക്കുന്ന പ്രാപഞ്ചിക അതി

വികാസസിദ്ധാന്തം മേൽപ്പറഞ്ഞ കാര്യത്തെ ഊട്ടിയുറപ്പിക്കുന്നു.

എൺപതുകളിൽ അലൻ ഗുത്ത് എന്നൊരു ജ്യോതിശാസ്ത്രജ്ഞൻ പരിചയപ്പെടുത്തിയ ഈ സിദ്ധാന്തം ഭൂരിപക്ഷം ശാസ്ത്രജ്ഞർക്കും പ്രിയങ്കരമായ ഒന്നാണ്. സൂപ്പർ സിമ്മട്രി, കോസ്മിക് മൈക്രോവേവ് ബാക്ക്ഗ്രൗണ്ട് റേഡിയേഷൻ പോലുള്ള മറ്റു മേഖലകളുമായി ഈ സിദ്ധാന്തം ഒത്തുപോകുന്നു. എന്നിരുന്നാലും, ആരംഭത്തിലുണ്ടായിരുന്ന വമ്പിച്ച വേഗത്തിൽ പ്രപഞ്ച വികസനം തുടർന്നു പോന്നില്ല. ശൈശവഘട്ടത്തിൽ പ്രകാശവേഗതയിൽ (അല്ലെങ്കിൽ അതിനേക്കാൾ വേഗത്തിൽ) വികസിച്ചിരുന്ന പ്രപഞ്ചത്തിനു, വിശ്രമത്തിലേക്ക് എത്താനെടുത്തത് ഒരു നിമിഷാർദ്ധം മാത്രം. അങ്ങനെ വേഗത കുറയുകയും, ഗാലക്സികളുടെ ശാഖകൾ രൂപം കൊള്ളുകയും, സ്ഥലകാലത്തിന്റെ അനശ്വരമായ മേൽക്കൂരയെ അലങ്കരിക്കാൻ നക്ഷത്രങ്ങൾക്ക് അവസരം നൽകപ്പെടുകയും ചെയ്തു.

ഈ അയഞ്ഞ വികസനത്തിന്റെ വേഗത വർധിക്കുന്നതായി തൊണ്ണൂറുകളിൽ കണ്ടെത്തുകയുണ്ടായി. പ്രപഞ്ചം വികസിക്കുക മാത്രമല്ല, ആ വികസനം വലിയ രീതിയിൽ ത്വരിതപ്പെട്ടുകൊണ്ടേയിരിക്കുന്നുവെന്നും ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞു. ഇരുപത് കിലോമീറ്ററിനുള്ളിൽ മാത്രം വ്യാസമുള്ളതും, അതീവ സാന്ദ്രതയുള്ളതുമായ ഭീമാകാരന്മാരായ രണ്ടു ന്യൂട്രോൺ നക്ഷത്രങ്ങൾ കൂട്ടിയിടിച്ചുണ്ടാവുന്ന ഭീകര സ്ഫോടനത്തിൽ പോലും, ആദ്യം വമ്പിച്ച തോതിലുള്ളൊരു പ്രവാഹം ഉണ്ടാവുന്നുണ്ടെങ്കിലും പിന്നീട് അതിന്റെ വേഗത കുറയുന്നതായി കാണാം (ഈ ന്യൂട്രോൺ നക്ഷത്രങ്ങൾ എത്രമാത്രം സാന്ദ്രമാണെന്ന് വെച്ചാൽ, അവയിൽ നിന്നെടുക്കുന്ന ഒരു സ്പൂൺ ദ്രവ്യത്തിനു പോലും ഒരു ലക്ഷം കോടി കിലോഗ്രാം ഭാരമുണ്ടായിരിക്കും). ഏതൊരു സ്ഫോടനത്തിന്റെയും രീതി ഇതു തന്നെയാണ്.

മറ്റൊരു ഉദാഹരണമാണ് താമോഗർത്തങ്ങൾ. സ്ഫോടനത്തെക്കാൾ ഭീകരമായ ഒരു കൂടിച്ചേരലിലൂടെ ഈ ന്യൂട്രോൺ നക്ഷത്രങ്ങൾ ഉൾവലിഞ്ഞു ഒരു അതിസാന്ദ്ര ദ്രവ്യമായി മാറുമ്പോഴാണ് തമോഗർത്തങ്ങൾ ഉണ്ടാവുന്നത്. ഇവ പരസ്പരം വലംവെക്കാൻ തുടങ്ങുകയും, ഒന്ന് മറ്റൊന്നിന്റെ ഗുരുത്വവലയത്തിൽ പെട്ടുകൊണ്ട് അവസാനത്തെ നൃത്തമാടുകയും ചെയ്യുന്നു. എത്ര ഭയാനകമായ നൃത്തം!

ഒരു സെക്കൻഡിൽ അഞ്ചു ലക്ഷം തവണ പരസ്പരം വലയം വെക്കുന്ന നിലയിലേക്ക് അവ എത്തിച്ചേരുന്നു. ഈ പ്രണയനൃത്തം തീർത്തും അവിസ്മരണീയമായ ഒരു കൂട്ടിയിടിയിലാണ് അവസാനിക്കുന്നത്. ആ കൂട്ടിയിടി പ്രപഞ്ചത്തിലൂടെ ഒരു തരംഗത്തെ പുറപ്പെടുവിക്കുന്നു. ഇതാണ് കിലോനോവ. ശാസ്ത്രം ഇന്നുവരെ രേഖപ്പെടുത്തിയ ഏറ്റവും ശക്തമായ കൂട്ടിയിടികളിൽ ഒന്നാണ് കിലോനോവ.

## പ്രപഞ്ചോൽപ്പത്തി: നിഗൂഢതകളുടെ കെട്ടഴിയുന്നു

ഇത്ര ഭീകരമായ ഒരു സ്ഫോടനത്തിന്റെ വേഗത പോലും കാലക്രമേണ കുറഞ്ഞു വരുന്നു. എന്നിട്ടും, വേഗത കുറഞ്ഞുകൊണ്ടിരുന്ന പ്രപഞ്ചവികസനം ഇപ്പോൾ വേഗത കൂടാനുള്ള കാരണമെന്തായിരിക്കും? ഈ ചോദ്യം മനസ്സിനെ കുഴക്കുന്നു. അതിനാലാണ്, 1400 വർഷങ്ങൾ മുൻപുള്ള വിശുദ്ധ ഖുർആനിലെ വചനം നമ്മെ അതിശയിപ്പിക്കുന്നത്. ആരംഭത്തിൽ പ്രപഞ്ചത്തെ സൃഷ്ടിച്ച അതെ ശക്തി തന്നെയാണ് അതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ഖുർആൻ അവകാശപ്പെടുന്നത്.

വിശുദ്ധ ഖുർആനിലെ ഈ വചനത്തിലേക്ക് നോക്കൂ:

**'നാം ആകാശത്തെ (നമ്മുടെ) വിവിധ ശക്തികൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിക്കുന്നവനാണ്.' (51:48)**

ഈ ആയത്ത് മേൽപ്പറഞ്ഞ വസ്തുതയിലേക്കാണ് വെളിച്ചം വീശുന്നത്. വെറും നൂറു വർഷങ്ങൾക്ക് മുൻപ് മാത്രമാണ് ഈ വസ്തുത ശാസ്ത്രലോകം തിരിച്ചറിഞ്ഞത് എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. എന്തിനധികം, ഈ ആയത്തിലെ 'മൂസിഊൻ' എന്ന പദം ഏതെങ്കിലും വസ്തുവിന്റെ 'സാഅ'യെ വർധിപ്പിക്കുന്ന വ്യക്തിയുടെ ബഹുവചനമാണ്. പ്രശസ്ത അറബി ഭാഷ നിഘണ്ടുകളനുസരിച്ചു, 'സാഅ' എന്ന പദം ഒരു വസ്തുവിന്റെ 'വീതിയും, സ്ഥലവും വ്യാപ്തിയും, സമൃദ്ധിയും, ശേഷിയും, ശക്തിയും' സൂചിപ്പിക്കാനാണ് ഉപയോഗിക്കപ്പെടുന്നത്. ആകാശത്തെ സൃഷ്ടിച്ചപ്പോൾ, അതിന്റെ സ്ഥിരതയും സന്തുലിതാവസ്ഥയും നിലനിർത്താൻ ആവശ്യമായ എല്ലാ ഘടകങ്ങളുടെയും സ്ഥിതിവിശേഷങ്ങൾ താൻ നിശ്ചയിച്ചിരുന്നുവെന്ന് മറ്റൊരു ഖുർആനിക വചനത്തിലൂടെ അല്ലാഹു വിശദീകരിക്കുന്നു. മഹാവിസ്ഫോടനത്തിനു ശേഷമുള്ള ആദ്യ നിമിഷത്തിന്റെ ദശലക്ഷത്തിൽ ഒരു അംശം സമയം കൊണ്ട് തന്നെ പ്രപഞ്ചത്തിലെ നാല് അടിസ്ഥാന ബലങ്ങളും നിലവിൽ വന്നുവെന്ന് ശാസ്ത്രജ്ഞർ വാദിക്കുന്നു. ഇതിൽ ഏതെങ്കിലുമൊന്നിന്റെ മൂല്യത്തിലെ ദശാംശത്തിൽ നൂറിലൊന്ന് വ്യത്യാസം വന്നിരുന്നെങ്കിൽ പ്രപഞ്ചം പിൻവലിക്കുകയും, ഹൈഡ്രജന്റെ രൂപീകരണത്തിന് തടസം സൃഷ്ടിക്കപ്പെടുകയും, തൽഫലമായി ഗാലക്സികളും, നക്ഷത്രങ്ങളും, ഭൂമിയും, ജീവനുമെല്ലാം സൃഷ്ടിക്കപെടാതിരിക്കുകയും ചെയ്തേനെ. അതിനാൽ, സർവശക്തനായ സ്രഷ്ടാവ് ഇപ്രകാരം പ്രസ്താവിക്കുന്നു:

**'ആകാശത്തെ അവൻ ഉയർത്തുകയും തുലാസ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു' (55:8).**

അതിശയകരമായ കാര്യമെന്തെന്നാൽ, ഈ മേൽപ്പറഞ്ഞ നാല് ബലങ്ങളും തമ്മിൽ പണ്ട് നിലനിന്നിരുന്ന പരസ്പരപ്രവർത്തനത്തിലെ സവിശേഷതയിൽ നിന്നും ക്രമത്തിൽ നിന്നും, അവ ഒരൊറ്റ അടിസ്ഥാന ബലത്തിന്റെ നാല് വകഭേദ

ങ്ങൾ ആണെന്ന നിഗമനത്തിലെത്താൻ പല പ്രശസ്ത ശാസ്ത്രജ്ഞരെയും പ്രേരിപ്പിക്കുകയുണ്ടായി. ഈ നാലു ബലങ്ങളെയും സംയോജിപ്പിക്കുന്നതിനുള്ള വിജയകരമായ പരിശ്രമമായിരുന്നു സ്റ്റീവൻ വെയ്ൻബെർഗും, അബ്ദുസ്സലാമും, ഷെൽഡൺ ലീ ഗ്ലാഷോയും ചേർന്ന് അവതരിപ്പിച്ച 'ഇലെക്ട്രോവീക്ക് തിയറി'. ക്വാണ്ടം ഇലക്ട്രോഡൈനാമിക്സിലെ ഈ സിദ്ധാന്ത പ്രകാരം, വിദ്യുത്കാന്തികബലവും ദുർബലബലവും ഗേജ് ബോസോൺസ് എന്നറിയപ്പെടുന്ന നാല് വാഹകകണങ്ങളാൽ വഹിക്കപ്പെടുന്ന ഒരു ഇലക്ട്രോവീക്ക് ബലത്തിന്റെ രണ്ടു ഭാവങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഏത് രീതിയിൽ നോക്കിയാലും, പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന വിവിധ ബലങ്ങൾക്ക് പകരമായി ഒരു സംവിധാനം ഉണ്ടെന്ന് ദൈവം പ്രഖ്യാപിക്കുന്നു. മുൻപ് വിശദീകരിച്ചത് പോലെ, 'മൂസിഊൻ' (അഥവാ വികസിപ്പിച്ചു കൊണ്ടേയിരിക്കുന്നവൻ) എന്ന ബഹുവചനമാണ് ഖുർആൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കാരണം, ഒരു പ്രവൃത്തിയിൽ പങ്കുവഹിക്കുന്ന അനേകം ഘടകങ്ങളെ ചൂണ്ടിക്കാണിക്കുന്നിടത്തു ദൈവത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ, വിശുദ്ധ ഖുർആൻ ബഹുവചനമാണ് ഉപയോഗിക്കാറുള്ളത് എന്നത് ആ മഹത്ഗ്രന്ഥത്തിന്റെ ഭാഷാശ്രേഷ്ഠതക്കുള്ള ഒരു തെളിവാകുന്നു. അതിനാൽത്തന്നെ, അടിസ്ഥാനബലങ്ങളെയും അവ തമ്മിലുള്ള ബന്ധത്തെയും ശാസ്ത്രജ്ഞർ ഒന്നോ അല്ലെങ്കിൽ നാലോ ആയി അവതരിപ്പിച്ചാലും, പ്രപഞ്ചസ്രഷ്ടാവും സർവ്വശക്തനുമായ ഒരു സത്തയിലേക്കാണ് വിശുദ്ധ ഖുർആൻ അതിന്റെ വായനക്കാരെ ക്ഷണിക്കുന്നത് എന്നതാണ് വാസ്തവം. അത് മാത്രമല്ല. പ്രപഞ്ചവികസനത്തെപ്പറ്റി 1400 വർഷങ്ങൾക്കു മുൻപ് പ്രവാചകന് (സ) അറിവ് നൽകിയ അതേ ശക്തി തന്നെ, ദൈവത്തിൽ വിശ്വസിക്കാൻ മടിക്കുന്നവരെ പ്രത്യേകം അഭിസംബോധന ചെയ്തുകൊണ്ട് മഹാവിസ്ഫോടനത്തെ പറ്റി മനോഹരമായ രീതിയിൽ വിവരിക്കുന്നതായി കാണാം. മഹാവിസ്ഫോടനത്തെ പറ്റി വ്യക്തമായി പരാമർശിച്ചു കൊണ്ട് വിശുദ്ധ ഖുർആൻ ഇപ്രകാരം പ്രതിപാദിക്കുന്നു: 'അവിശ്വാസികൾ കാണുന്നില്ലേ. ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു (റത്ഖൻ). പിന്നീട് നാം അവയെ വേർപെടുത്തുകയും (ഫതഖ്നാ) ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?'

ഈ ആയത്തിനെ വ്യാഖ്യാനിച്ചു കൊണ്ട് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) ഇപ്രകാരം പറയുന്നു:

'ഈ വചനം അവിശ്വാസികളെയാണ് അഭിസംബോധനം ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ഖുർആൻ വചനത്തിലടങ്ങിയ ഈ രഹസ്യം അവിശ്വാസികൾ ആയിരിക്കും വെളിപ്പെടുത്തുക എന്നത് കൊണ്ടായിരിക്കാം അവരോടുള്ള അഭിസംബോധന.

ഈ വചനത്തിലെ 'രത്ഖൻ' (സംഘനിതപിണ്ഡം) 'ഫതഖ്നാ' (പിളർത്തൽ) എന്നീ പദങ്ങൾ ഈ വചനത്തിലെ മുഴുവൻ സന്ദേശങ്ങളും ഉൾക്കൊള്ളുന്നു. ആധികാരിക അറബി പദകോശങ്ങൾ രത്ഖൻ എന്ന പദത്തിന് രണ്ടു വിഭിന്ന അർഥങ്ങൾ നൽകുന്നു. അത് ഈ വിഷയത്തിലെ ചർച്ചക്ക് വമ്പിച്ച പ്രസക്തി നൽകുന്നുണ്ട്. ഒന്നാമത്തെ അർഥം ഏതെങ്കിലും വസ്തുക്കൾ കൂടിച്ചേർന്നു സംയോജിച്ചു ഒന്നായിത്തീരുന്നതിനെ കുറിക്കുന്നു. രണ്ടാമത്തെ അർഥം സമ്പൂർണമായ ഇരുട്ട് എന്നുമാണ്. ഈ രണ്ടു അർത്ഥകല്പനകളും ഇവിടെ കൃത്യമായി ശെരിയായി വരുന്നു. ഈ രണ്ടു അർഥങ്ങൾ കൂടി ഒന്നിച്ചെടുക്കുമ്പോൾ ബ്ലാക്ക് ഹോൾ അഥവാ തമോദ്വാരത്തിന്റെ വൈചിത്ര്യത്തെപ്പറ്റിയുള്ള ശരിയായ വിവരണമാണ് ഇവിടെ നല്കപ്പെട്ടതെന്ന് കാണാം. (വെളിപാട് യുക്തി ജ്ഞാനം സത്യം)

അവ കൂടുതൽ ആശ്ചര്യകരമാണ്. പ്രപഞ്ചവികസനത്തെ മനസ്സിലാക്കുന്നതിൽ ശാസ്ത്രജ്ഞർക്ക് ഇന്ന് കൂടുതൽ വ്യക്തത കൈവന്നിരിക്കുന്നു. പ്രപഞ്ചത്തിന്റെ ആദ്യ ഘട്ടങ്ങളെക്കുറിച്ചു ആ മഹത്തായ ശാസ്ത്രമനസുകൾ നൽകുന്ന വിവരണം, 1400 വർഷങ്ങൾക്ക് മുൻപിറങ്ങിയ വിശുദ്ധ ഖുർആന്റെ ഭാഷാമഹിമയിലേക്കും വിരൽ ചൂണ്ടുന്നു. ആദ്യ ഘട്ടത്തിലെ അതിസാന്ദ്രമായ വൈചിത്ര്യത്തിന്റെ വികസനത്തെ സൂചിപ്പിക്കാൻ 'ഫത്തഖ' എന്ന പദമാണ് അല്ലാഹു ഉപയോഗിച്ചിരിക്കുന്നത്. 'അവൻ അതിനെ വേർപെടുത്തി', 'അതിനെ തുറന്നു', 'മുൻപ് കൂടിച്ചേർന്നിരുന്ന ഒരു വസ്തുവിനെ വേർപെടുത്തി' എന്നീ അർത്ഥങ്ങളാണ് മുൻനിര നിഘണ്ടുകൾ 'ഫത്തഖ'ക്കു നൽകുന്നതെന്നത് ശ്രദ്ധേയമാണ്.

പ്രപഞ്ചത്തിന്റെ ശൈശവാവസ്ഥയെ വരച്ചു കാണിക്കാൻ വിശുദ്ധ ഖുർആൻ ഉപയോഗിക്കുന്ന ഭാഷാശൈലി ഒരു നിഷ്പക്ഷ വായനക്കാരനെ സ്തബ്ധനാക്കുക മാത്രമല്ല, അവനെ ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നാം വീണ്ടും ശ്രദ്ധിക്കേണ്ടതിതാണ്. ഏഴാം നൂറ്റാണ്ടിലെ ഒരു നിരക്ഷരനായ അറബിക്ക് പ്രപഞ്ചത്തിന്റെ ഗൂഢരഹസ്യങ്ങളെപ്പറ്റി കൃത്യമായ അറിവുകൾ നൽകുക മാത്രമല്ല ആ ശക്തി ചെയ്തത്. മറിച്ചു, താൻ തന്നെയാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്നും, താൻ തന്നെയാണ് ആദികാരണമെന്നും ആ ശക്തി പ്രഖ്യാപിക്കുന്നു.

ദൃശ്യമായ വസ്തുവിൽ പരോക്ഷമായി പ്രഭാവം ചെലുത്തുന്ന ഒരു അദൃശ്യശക്തി നിലനിൽക്കുന്നുണ്ടെന്ന് വിശ്വസിക്കാൻ തക്ക കാരണങ്ങളുണ്ടെന്നു സമ്മതിച്ചു തരുന്ന നവനാസ്തികരെ നാം വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്. കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ച ഇരുണ്ട ദ്രവ്യത്തിന്റെയും ഊർജ്ജത്തിന്റെയും അസ്തിത്വവും ഇങ്ങനെ തന്നെയാണ് തെളിയിക്കപ്പെടുന്നത്.

എന്നിട്ടും, പ്രപഞ്ചത്തെ സൃ

ഷ്ടിക്കാനും ഒരുനാൾ അതിനെ നശിപ്പിക്കാനും കെല്പുള്ള സർവസ്രഷ്ടാവും ആദികാരണവുമായ ആ മഹാശക്തിയെക്കുറിച്ചു ന്യായമായി ചിന്തിക്കാൻ പോലും നവ നാസ്തികർ തയ്യാറാവുന്നില്ല എന്നതാണ് വാസ്തവം. ഇന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങൾ പഞ്ചേന്ദ്രിയങ്ങൾ മാത്രമാണ് മനുഷ്യന് സഹായകമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളൂ എന്ന് കരുതുകയാണെങ്കിൽ, കാണാനും അനുഭവിക്കാനും സാധിക്കാത്ത ആശയങ്ങളിലും തത്വങ്ങളിലും വിശ്വസിക്കുന്നത് വലിയ തർക്കത്തിന് വഴിവെക്കും. അങ്ങനെയായിരിക്കെ, ഇന്ദ്രിയങ്ങൾക്ക് അതീതമായ കാര്യങ്ങളിൽ വിശ്വസിക്കാനായി വിശുദ്ധ ഖുർആൻ വിശ്വാസികളോട് പറഞ്ഞില്ലായിരുന്നുവെങ്കിലുള്ള അവസ്ഥ ചിന്തിച്ചു നോക്കൂ.

പ്രപഞ്ചത്തെ പറ്റി മനസിലാക്കാനുള്ള വളർച്ച ശാസ്ത്രം പ്രാപിച്ചിട്ടില്ലാത്ത കാലത്തു തന്നെ തങ്ങളുടെ ഇന്ദ്രിയാതീതമായ കഴിവുകളാൽ അദൃശ്യപ്രപഞ്ചത്തെ നിരീക്ഷിക്കാനും പഠിക്കാനും വിശുദ്ധ ഖുർആൻ മുസ്‌ലിങ്ങളോട് ആവശ്യപ്പെട്ടതായി നമുക്ക് കാണാം. വിശ്വാസത്തിനും ശാസ്ത്രത്തിനും ഇടയിലുള്ള ഈ ഒരു ബന്ധത്തിലേക്ക് കണ്ണോടിക്കാനാണ് വിശുദ്ധ ഖുർആൻ നമ്മോട് ആവശ്യപ്പെടുന്നത്. അതിനായി വിശുദ്ധ ഖുർആൻ ധാരാളം പ്രപഞ്ച സത്യങ്ങളിലേക്കുള്ള വാതായനങ്ങൾ തുറന്നിട്ടിരിക്കുകയും ചെയ്തിരിക്കുന്നു.

ഇസ്‌ലാം ശാസ്ത്രത്തെ പിന്തുണക്കുകയും പ്രശംസിക്കുകയും ചെയ്യുന്നതോടൊപ്പം, മനുഷ്യനെ സർവസ്രഷ്ടാവിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. ശാസ്ത്രത്തിനു മുൻപേ തന്നെ വിശുദ്ധ ഖുർആൻ മനുഷ്യനോട് വിശ്വസിക്കാൻ ആവശ്യപ്പെട്ട അദൃശ്യ കാര്യങ്ങളെപറ്റി ഉള്ള ഈ ചർച്ച ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹിന്റെ (റഹ്) ഒരു ഉദ്ധരണിയോട് കൂടി അവസാനിപ്പിക്കാം.

'പദാർത്ഥത്തിന്റെ രൂപത്തിലുള്ള വസ്തുക്കളിൽ നല്ലൊരു ഭാഗം നേരിട്ട് പരിശോധിച്ച് തിട്ടപ്പെടുത്തുവാൻ സാധിക്കാത്തവയാണ്. അവയുടെ അസ്തിത്വത്തെക്കുറിച്ചും ഭൗതിക ഗുണങ്ങളെക്കുറിച്ചുമുള്ള ജ്ഞാനം യുക്തിപരമായ നിഗമനങ്ങളിലൂടെയും അതിസങ്കീർണമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെയും മാത്രമേ നമുക്ക് പരോക്ഷമായി അറിയാൻ സാധിക്കൂ. ന്യൂട്രിനോകളും ആന്റീ ന്യൂട്രിനോകളും എന്താണ്? ദ്രവ്യവും പ്രതിദ്രവ്യവും എന്താണ്? ബോസോണും ആന്റിബോസോണും എന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നേരിട്ടുള്ള പരിശോധനയിലൂടെ ലഭ്യമല്ല. എങ്കിലും അവയുടെ അസ്തിത്വത്തിന്റെ അദൃശ്യലോകം സാർവത്രികമായി അംഗീകരിക്കപ്പെട്ട ഒരു യാഥാർഥ്യമാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ സ്വീകരിക്കുകയും അത് മനുഷ്യ മസ്തിഷ്ക്കമാക്കുന്ന കമ്പ്യൂട്ടറിലൂടെ കണക്ക് കൂട്ടുകയും ചെയ്യുന്നു. ജീവിതത്തിന്റെ പരമമായ സത്തയാണ് മനസ്സ് എന്ന കാര്യം നാമോർക്കേണ്ടതുണ്ട്. മനസ്സ് എന്നത് മസ്തിഷ്കത്തിന്റെ മറ്റൊരു പേരല്ല. അത് മസ്തിഷ്കത്തിനതീതവും മസ്തിഷ്ക പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നതുമാണ്.

ബോധത്തിന്റെ ആത്യന്തിക സ്ഥാനമാണ് മനസ്സ്. യുക്ത്യാധിഷ്ഠിതമായ നിഗമനം മനസിന്റെ അത്ഭുതകരമായ കഴിവാണ്. മനസിലേക്ക് വസ്തുതകളൊന്നും നല്കപ്പെടുന്നില്ലെങ്കിലും മനസ്സിന് സാങ്കൽപ്പിക വസ്തുതകളെ അടിസ്ഥാനമാക്കി പ്രവർത്തനം തുടരാൻ സാധിക്കും. മുമ്പേ ശേഖരിക്കപ്പെട്ട വിവരങ്ങൾ അയവിറക്കിക്കൊണ്ട് പ്രവൃത്തിക്കാനുള്ള കഴിവും മനസ്സിനുണ്ട്. തീരുമാനങ്ങൾ കൈക്കൊള്ളുന്നത് മാനസിക തലത്തിലാണ്. മസ്തിഷ്കം ഒരു ഹാർഡ്വെയർ ആണ്. ഓർമകളുടെ വെറും ഒരു സംഭരണശാല. എന്നാൽ, മനസ്സിന് അനന്തത, അനശ്വരത തുടങ്ങിയ സാങ്കല്പികവും അതിഭൗതികവുമായ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവാനുള്ള കഴിവുണ്ട്. അറ്റമില്ലാതെ നീണ്ടുപോകുന്ന കാര്യകാരണ പരമ്പരകളുടെ ദുർജ്ഞേയത പരിഹരിക്കാൻ മനസ്സ് ശ്രമിക്കുന്നു. ഒരു പ്രത്യേക വസ്തു എവിടെ നിന്ന് ആരംഭിച്ചു? എല്ലാ തുടക്കങ്ങൾക്കുമപ്പുറമെന്ത്? സകല കാരണങ്ങൾക്കും മുമ്പേ ഒരു ആദികാരണമുണ്ടായിരുന്നുവോ? ഉണ്ടായിരുന്നെങ്കിൽ ആ ആദികാരണം സജീവവും സചേതനവുമായിരുന്നുവോ? അതല്ല അത് നിർജീവവും ബോധശൂന്യവുമായിരുന്നോ? ആദികാരണം ബോധശൂന്യവും നിർജീവവുമായിരിക്കാൻ സാധ്യതയില്ലെന്ന യുക്തിസഹമായ തീരുമാനത്തിലാണ് മനസ്സ് ചെന്നെത്തുന്നത്.

വീണ്ടുമുണ്ടാകുന്ന ചോദ്യങ്ങൾ ഇവയൊക്കെയാണ്. അതായത് മരണത്തിന് ജീവൻ സംജാതമാക്കുവാൻ സാധിക്കുമോ? അബോധാവസ്ഥ സുബോധാവസ്ഥക്ക് ജന്മം നൽകുകയും ചെയ്യുമോ? കേവല മസ്തിഷ്ക പിണ്ഡം കൊണ്ടല്ലാതെ മനസ്സ് കൊണ്ട് മാത്രം ഉത്തരം കണ്ടെത്തേണ്ട വിഷയങ്ങളാണിവ. മനസ്സ് ചിലപ്പോൾ സൈദ്ധാന്തികാഭ്യാസങ്ങളിലൂടെയും മറ്റു ചിലപ്പോൾ വസ്തുതാപരമായ അടിസ്ഥാന വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയും നെല്ലും പതിരും വേർതിരിച്ചു യുക്തിയുക്തമായ തീരുമാനം കൈക്കൊള്ളുന്നു. നമുക്ക് ചുറ്റുമുള്ള എല്ലാവിധ വികിരണ തരംഗങ്ങളും ദൃശ്യവത്കരിക്കാൻ നമുക്ക് സാധിക്കും. പക്ഷേ, മനുഷ്യന് ആ വികിരണ തരംഗങ്ങളുടെ സാന്നിധ്യം അവന്റെ കാഴ്ച, കേൾവി, രുചി, ഗന്ധം അതുമല്ലെങ്കിൽ സ്പർശം എന്നീ ജ്ഞാനേന്ദ്രിയങ്ങളിലൂടെ മനസിലാക്കുവാൻ ഒരിക്കലും സാധ്യമല്ല. അവയെ റേഡിയോയിലൂടെയും ടെലിവിഷനിലൂടെയും ദൃശ്യ ശ്രാവ്യ യോഗ്യമായ കമ്പന സിഗ്നലുകളാക്കി മാറ്റിയാൽ മാത്രമേ നമുക്കവയെ കാണുവാനും കേൾക്കുവാനും സാധിക്കുകയുള്ളൂ. എങ്കിൽ പോലും മനസിന്റെ കഴിവുകൊണ്ടാണ് അന്തിമമായി ഈ വൈദ്യുത കമ്പനങ്ങൾ വിശക

ശേഷം പേജ് 43 ൽ

കുറിപ്പുകൾ

# അഫ്ഘാനിസ്ഥാൻ താലീബാൻ തിരിച്ചു പിടിക്കുമ്പോൾ

മുസാഫിർ



സമാധാനത്തിന്റെ പര്യായമായ ഇസ്ലാം മതത്തിന്റെ പേരിൽ രക്ത പ്രളയത്തിന്റെയും ബോംബ് സ്ഫോടനങ്ങളുടെയും ജിഹാദ് ഭേരിയുടെയും അഗ്നികുണ്ഡമാക്കി മാറ്റിയ അഫ്ഘാനിലെ താലീബാൻ സംഘം വീണ്ടും ആ രാജ്യത്ത് തിരിച്ചു വരികയാണ്. ഒരു പേക്കിനാവ് പോലെ ലോകം വിസ്മരിക്കാൻ ശ്രമിച്ച ജിഹാദീ ദുർഭൂതങ്ങൾ അഫ്ഘാൻ ഭരണ പീഠത്തിൽ അവരോധിക്കപ്പെടുന്ന നാളുകൾ അടുത്തുകൊണ്ടിരിക്കു കയാണ്.

1979 ഡിസംബർ 25ന് സോവിയറ്റ് ചെമ്പട അടിമപ്പെ ടുത്തിയ അഫ്ഘാനിസ്ഥാനിൽ 9 വർഷത്തെ രക്തരൂക്ഷിതമായ അധിനിവേശ കമ്മ്യൂണിസ്റ്റ് ഭരണത്തിന്നെതിരെ ഏഴ് മുസ്ലിം ജിഹാദീ ഗ്രൂപ്പുകൾ ഒന്നിച്ചു ജിഹാദ് പ്രഖ്യാപിച്ചു. അവസാനം 1988ൽ സോവ്യറ്റ് യൂണിയൻ പിന്മാറി. സോവ്യറ്റ് പാവയായിരുന്ന നജീബു ല്ലാ സർക്കാർ 1992 എപ്രിൽ 16ന് നിലംപതിച്ചു. പിന്നീട് ഈ ജിഹാദീ ഗ്രൂപ്പുകളുടെ ഭരണമാണ് അഫ്ഘാ നിസ്ഥാനിൽ പ്രതീക്ഷിച്ചതെങ്കിലും ജിഹാദി പ്രഭുക്കന്മാർ തമ്മിൽ അധികാരത്തിന് വേണ്ടി അതിഭീകര മായി ഏറ്റുമുട്ടി. കമ്മ്യൂണിസ്റ്റ് ഭരണത്തിൽ കണ്ടതിനേക്കാൾ ഭയാനകമായ ആഭ്യന്തര യുദ്ധമായി രുന്നു ഫലം. കൂട്ടകൊലകളും ബലാൽസംഘങ്ങളും കൊള്ളയും അഴിഞ്ഞാടുകയായിരുന്നു. അങ്ങനെ അഫ്ഘാനിസ്ഥാൻ സമ്പൂർണ്ണ അരാചകത്തത്തിലേക്ക് നീങ്ങിയ സന്ദർഭത്തിലാണ് താലീ ബാൻ അരങ്ങേറ്റമുണ്ടാകുന്നത്. സോവ്യറ്റ് അധിനിവേശനാളുകളിൽ തൊട്ടടുത്ത അയൽ രാജ്യമായ പാകിസ്താനിലെ ജിഹാദീ ഉസ്താദുമാരുടെ ആഭിമുഖ്യത്തിൽ പാക് ഭരണകൂടവും സൈന്യവും അമേരിക്കയും ചേർന്ന് സോവ്യറ്റ് യൂണിയനെതിരെ പോരാടാൻ രൂപം നൽകിയ ജിഹാദി സൈനിക സംഘടനയാണ് താലീബാൻ. താലിബ് (വിദ്യാർത്ഥി) എന്ന് അർത്ഥം വരുന്ന അറബി വാക്കിൽ നിന്നാണ് താലീബാൻ എന്ന പേര് നിഷ്പന്നമായത്. കമ്യൂണിസ്റ്റ് ഭരണത്തിന്ന് ശേഷം ജിഹാദി കളുടെ അരാചകത്വം അരങ്ങേറിയ അഫ്ഘാനിസ്ഥാനിലേക്ക് പാകി സ്താന്റേയും അമേരിക്കയുടെയും സഹായത്തോടെ താലീബാൻ കടന്നു വരുകയായിരുന്നു.

1996 ൽ ഒരു ജിഹാദി ഗ്രൂപ്പിന്റെ നേതാവ് ബുർഹാനുദ്ദീൻ റബ്ബാനി നയിച്ചിരുന്ന ഭരണകൂടത്തെ പുറത്താക്കി താലീബാൻ ഭരണം പിടിച്ചെടുത്തു. 1996 മുതൽ 2001 വരെ അവർ അഫ്ഘാനിസ്ഥാനിൽ 90 ശതമാനം പ്രദേശത്തെ ഭരണം പിടിച്ചെടുക്കുകയുണ്ടായി. Islamic Emirate of Afghanistan എന്ന പേരിൽ അഫ്ഘാൻ ഭരണകൂട ത്തിന്ന് പേര് നൽകി ഭരണമാരംഭി ച്ചു. പാകിസ്താൻ, സൗദി അറേ ബ്യ, യുഎഇ, തുർക്മെനിസ്താൻ എന്നീ നാല് രാജ്യങ്ങൾ മാത്രമാണ് അവരെ അംഗീകരിച്ചത്. ഐ എസ് ഐ എസ് (ISIS)നെയും അൽഖ യ്ദയെയും പോലെ അതിഭീകരമായ ശരീഅത്ത് നിയമ ഭരണമായിരുന്നു അവർ കാഴ്ചവെച്ചത്. ഇസ്ലാം

മതത്തെ ഒരു ഭീകര പ്രസ്ഥാനമാണെന്ന് വരുത്തിതീർക്കാൻ ഉറച്ചത് പോലെ പ്രാകൃത ശരീഅത്ത് ഭരണം അഫ്ഘാനിസ്ഥാനെ ഒരു ഭീകര രാഷ്ട്രമാക്കി മാറ്റി. പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടി. സ്ത്രീകൾക്ക് തൊഴിൽ ചെയ്യാനും പൊതു ഇടങ്ങളിലും പ്രത്യക്ഷപ്പെടാനും പാടില്ല എന്ന നിയമം പാസ്സാക്കി. പട്ടം പറത്തൽ മുതലായ വിനോദപരിപാടികളും പല കായിക വിനോദങ്ങളും നിരോധിച്ചു. മതയാഥാസ്ഥിതികത്വത്തോടൊപ്പം കടന്നു വരുന്ന മാനസിക രോഗമാണല്ലോ സ്ത്രീവിരുദ്ധതയും സ്വതന്ത്ര ചിന്തയോടും സ്വാതന്ത്ര്യത്തോടുമുള്ള എതിർപ്പും. അതിന്റെ മൂർത്തരൂപമായിരുന്നു താലീബാൻ. പ്രാകൃത ശിക്ഷകൾ നടപ്പാക്കിയുള്ള ജിഹാദികളുടെ ഈ താലീബാൻ മതഭരണം അഫ്ഘാനിസ്ഥാനെ ഭൂമിയിലെ നരകമാക്കി മാറ്റുകയായിരുന്നു.

അഫ്ഘാനിസ്ഥാനിൽ താലീബാൻ ഭരണം തകർക്കുമ്പോഴാണ് അമേരിക്കയിൽ 2001 സെപ്തംബർ 11ന് വിമാനമുപയോഗിച്ചു ടവിൻ ടവർ തകർക്കപ്പെടുന്നത്. അത് ചെയ്തത് അൽഖയ്ദയാണെന്ന് ആരോപണവുമായി അമേരിക്ക ലോകം മുഴുവൻ അൽഖ്വയ്ദാ വേട്ടക്ക് ഹാലിളകി പുറപ്പെടുകയായിരുന്നു. ആ ആക്രമണം സംഘടിപ്പിച്ച അൽഖയിദാ നേതാവ് ഉസാമാ ബിൻലാദനാണെന്നും അദ്ദേഹത്തിന്ന് അഫ്ഘാനിസ്ഥാനിലെ താലീബാൻ ഭരണകൂടം അഭയം നൽകുന്നു എന്നും ആരോപിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭയിൽ അൽ ഖ്വെയ്ദക്കും അവരോട് ബന്ധമുള്ള താലീബാനുമെതിരെ പ്രമേയം അവതരിപ്പിക്കുകയും താലീബാൻ ഭരണകൂടത്തിന്നെതിരെ അമേരിക്കയും നാറ്റോ സഖ്യകക്ഷികളും War on Terror എന്ന പേരിൽ യുദ്ധം പ്രഖ്യാപിക്കുകയും അവരെ അധികാരത്തിൽ നിന്ന് നിഷ്ക്കാസിതരാക്കുകയും ചെയ്തു. അതോടെ താലീബാന്റെ ഇസ്ലാമിക് എമിറേറ്റ് ഭരണവും അവസാനിച്ചു. എല്ലാ അഫ്ഘാൻ പട്ടണങ്ങളിലും അമേരിക്ക അവരുടെ പട്ടാളത്തെ വിന്യസിച്ചു. 2001 ഡിസംബറിൽ യു എന്നിന്റെ ആഭിമുഖ്യത്തിൽ ജർമ്മനിയിലെ ബേണിൽ ചേർന്ന അമേരിക്കയുടെ നേതൃത്വത്തിലുള്ള അന്തർദേശീയ സമ്മേളനം അഫ്ഘാൻ ഇടക്കാല സർക്കാർ രൂപീകരിക്കുകയും ഇസ്ലാമിക് റിപ്പബ്ലിക്ക് ഓഫ് അഫ്ഘാനിസ്ഥാൻ എന്ന് പുനർനാമകരണം ചെയ്ത് ഹമീദ് കർസായിയെ അഫ്ഘാൻ ഭരണതലവനായി നിയമിക്കുകയും ചെയ്തു. 2014 മുതൽ അഷ്റഫ് ഘനിയാണ് അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടായി തുടരുന്നത്. എന്തുതന്നെയായാലും താലീബാൻ ഭരണത്തിൽ നിന്നുമുള്ള ആശ്വാസമായി അഫ്ഘാനിസ്ഥാൻ ജനത ആ ഭരണത്തെ കണ്ടു.

ഇപ്പോഴത്തെ പ്രശ്നം 2021 സെപ്തംമ്പറിൽ 11ന് മുമ്പായി അഫ്ഘാനിസ്ഥാനിൽ നിന്ന് അവസാനത്തെ അമേരിക്കൻ പട്ടാളക്കാരനും പിൻവാങ്ങുമെന്നാണ് അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ പ്രഖ്യാപിച്ചത്. പക്ഷേ സെപ്തംബർ വരെ കാത്തുനിൽക്കാതെ യുഎസ് സൈന്യം അഫ്ഗാനിസ്ഥാനിൽ നിന്നും പിൻവാങ്ങുന്ന കാഴ്ച്ചയാണ് കാണുന്നത്. ആഗസ്റ്റ് അവസാനത്തോടെ അവരുടെ പിന്മാറ്റം പൂർണ്ണമാവും. 2020ൽ ഖത്തറിലെ ദോഹയിൽ വെച്ച് അമേരിക്കയും താലീബാൻ പ്രതിനിധികളും ഒപ്പുവെച്ച കരാരിൽ അമേരിക്കൻ സേനാപിന്മാറ്റത്തിന്ന് മാത്രമാണ് ഊന്നൽ നൽകിയത്. അനന്തരം അഫ്ഘാനിസ്ഥാനിൽ സംജാതമാവുന്ന അരക്ഷിതാവസ്ഥയെ സംബന്ധിച്ച് അമേരിക്ക ഒരക്ഷരം ഉരിയാടിയില്ല. ഇപ്പോൾ നിലവിലുള്ള അഷ്റഫ് ഖനി സർക്കാരുമായി ചർച്ചചെയ്ത് തീരുമാനിക്കുക എന്ന ഒഴിഞ്ഞുമാറൽ സമീപനമാണ് അമേരിക്ക സ്വീകരിച്ചത്. താലീബാനാണെങ്കിൽ പാകിസ്താൻ സേനയുടെയും പിന്തുണയുണ്ട്. വാസ്തവത്തിൽ പാകിസ്താനിലെ മതരാഷ്ട്രവാദികളും പട്ടാളവുമാണ് താലീബാന്റെ വളർത്തച്ചന്മാർ. താലീബാന്ന് പാകിസ്താൻ വഴി ചൈനയുടെയും പിന്തുണയുണ്ട്. അഫ്ഘാനിസ്ഥാനിലെ താലീബാൻ മുന്നേറ്റം ചൈനയെയും അസ്വസ്ഥമാക്കുന്നുണ്ട് എന്നാണ് ചില നിരീക്ഷകർ അഭിപ്രായപ്പെടുന്നത്. ചൈനീസ് ഭരണകൂടം അടിച്ചമർത്തുന്ന ഉയിഗൂർ മുസ്ലിംകളുടെ പക്ഷം ചേർന്ന് നിൽക്കുന്ന ചില ചൈനീസ് മുസ്ലിം തീവ്രവാദി ഗ്രൂപ്പുകൾ താലീബാനോട് കൂടെ ചേർന്നിട്ടുണ്ട് എന്ന വസ്തുതയാണ് ചൈനയെ അസ്വസ്ഥപ്പെടുത്തുന്നത്. എങ്കിലും അഫ്ഘാനിസ്ഥാന്റെ വടക്ക് ഭാഗം ചൈനയോട് തൊട്ട് നിൽക്കുന്ന പ്രദേശമാണ്. അത് ചൈന എങ്ങനെ ഉപയോഗപ്പെടുത്തും എന്നും കണ്ടറിയണം. മാത്രമല്ല അഫ്ഘാൻ പുരുദ്ധാരണത്തിന് താലീബാൻ ചൈനയെ ക്ഷണിച്ചതായും അറിയുന്നു. ചൈന മേഖലയിൽ തങ്ങളുടെ ആധിപത്യം ഉറപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുമെന്ന കാര്യം ഉറപ്പാണ്.

20 വർഷത്തെ അഫ്ഘാൻ അധിനിവേശം കൊണ്ട് അമേരിക്കക്ക് 23000 സൈനികരെയാണ് നഷ്ടപ്പെട്ടത്. പെന്റഗണിന്റെ കണക്കനുസരിച്ച് രണ്ടര ട്രില്യൻ ഡോളർ നഷ്ടം. നമുക്ക് ഊഹിക്കാൻ കഴിയത്ത സംഖ്യ!! ചൈനയുടെയും റഷ്യയുടെയും അടുത്ത് ഒരു താവളമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ അഫ്ഘാനിസ്ഥാനിൽ സാമ്രാജ്യത്വ താൽപര്യവുമായി കടന്നുകയറിയ അമേരിക്കക്ക് അഫ്ഘാൻ അധിനിവേശം കനത്ത സാമ്പത്തിക നഷ്ടമാണ് വരുത്തിയത്. തങ്ങളുടെ ആഭ്യന്തര സുരക്ഷയെ ബാധിക്കാത്ത ഒരു പ്രശ്നത്തിൽ ലോക മേധാവിത്വം പ്രദർശിപ്പിക്കാൻ നടത്തിയ ഈ വൃഥാ വ്യായാമം തിരിച്ചറിഞ്ഞ് ബൈഡൻ പിൻവാങ്ങുമ്പോൾ അഫ്ഘാനെ വിഴുങ്ങാൻ താലീബാൻ അവരുടെ നേതാവ് ഹിബത്തു

ള്ള അഖുന്ദ് സാദായുടെ നേതൃത്വ ത്തിൽ വൻമുന്നേറ്റമാണ് നടത്തി ക്കൊണ്ടിരിക്കുന്നത്. 1996 താലീബാ ൻ സേന നേടിയ അതേ മുന്നേറ്റ ത്തിന്റെ ആവർത്തനം!! ഇപ്പോൾ 85 ശതമാനം അഫ്ഘാൻ ഭൂമിയും താലീബാന്റെ കയ്യിലാണ്. അമേരി ക്കൻ പിന്മാറ്റത്തോടെ രൂക്ഷമാകു ന്ന അഫ്ഘാൻ ആഭ്യന്തരയുദ്ധ ത്തെ ഭയന്ന് പതിനായിരക്കണക്കിന്ന് അഫ്ഘാൻ അഭയാർത്ഥികളാണ് തൊട്ടടുത്തുള്ള താജികിസ്ഥാനി ലേക്ക് താലീബാനെ പേടിച്ച് പാലായനം ചെയ്യുന്നത്. താലീബാൻ മുന്നേറ്റത്തെ ചെറുക്കാനാകാതെ ഖനി ഭരണകൂടത്തിന്റെ പട്ടാളക്കാർ പോലും താജികിസ്താനെ അഭയം തേടുന്ന കാഴ്ച്ചയാണ് കാണുന്നത്.

ഇന്ത്യയോട് ഒരു ഭാഗം തൊട്ടു നിൽക്കുന്ന അയൽ രാജ്യമായ അഫ്ഘാനിസ്ഥാനിലെ മാറ്റങ്ങൾ ഇന്ത്യയെയും ആശങ്കപ്പെടുത്തു ന്നു. അഫ്ഘാനിസ്ഥാനിലെ ഗവർമെന്റ് സേനക്കെതിരെ താലീ ബാൻ നടത്തിയ വെടിവെപ്പിനിടെ പുലിസ്റ്റർ സമ്മാന ജേതാവായ ഇന്ത്യയിലെ പ്രസിദ്ധ മാധ്യമ പ്രവർത്തകൻ ഡാനിഷ് സിദ്ധീക്കി ക്ക് ജീവൻ നഷ്ടപ്പെടുകയുണ്ടായി. ഇന്ത്യയെ സംബന്ധിച്ചേടത്തോളം അമേരിക്കൻ ആഭിമുഖ്യത്തിലുള്ള അഫ്ഘാനിസ്ഥാനിൽ ഏകദേശം രണ്ടര ലക്ഷം കോടി രൂപ അവിടുത്തെ വികസന പ്രവർത്തന ങ്ങൾക്കായി ഇന്ത്യ നിക്ഷേപിച്ചിട്ടു ണ്ട്. താലീബാന്റെ കടന്നു വരവോ ടെ അതെല്ലാം ജലരേഖയായി മാറുമോ എന്നാണ് ഇന്ത്യയുടെ ഭീതി. വൈകിയ വേളയിൽ ഇന്ത്യ സഹായത്തിനായി ഇറാനെയും റഷ്യയേയും താലീബാന്റെ ഖത്തറി ലെ ദോഹയിലുള്ള പ്രവാസ കേന്ദ്രത്തിൽ വെച്ചും നേരിട്ടും സമീപിച്ചെങ്കിലും പ്രയോജനമുണ്ടാ യിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. സുന്നികളായ താലീബാ ൻ അഫ്ഘാനിസ്ഥാനിൽ ശിയാ ക്കളെ ആക്രമിക്കുമോ എന്നത് മാത്രമാണ് ഇറാന്റെ ആശങ്ക.



താലീബാനിൽ നിന്നും അതിന് ഉറപ്പ് ലഭിച്ചാൽ അവരുമായി ഇറാൻ സഹകരിക്കാനാണ് സാധ്യത. ഏതായാലും അഫ്ഘാനിസ്ഥാ നിൽ താലീബാന്റെ രണ്ടാം വരവ് മേഖലയാകെ സംഘർഷഭരിതമാ കാൻ സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് ഇന്ത്യയെ അത് കൂടുതൽ അസ്വസ്ഥപ്പെടുത്തുന്നു.

ഒന്നിന് പിറകെ മറ്റൊന്നായി അഫ്ഘാൻ ജനത അറ്റമില്ലാത്ത കെടുതികൾക്ക് വിധേയമാകുന്നത് ഒരു നിലപാടിന്റെ കൂടി പ്രശ്നമാ ണ്. ഹിംസയോടും ഇസ്ലാമിക വിരുദ്ധമായ ജിഹാദിനോടും ആ ജനത കാട്ടുന്ന ആഭിമുഖ്യമാണത്.

**ഗുണപാഠം:** ബൈബിളിൽ നിഷ്ക്ക ളങ്കനായ ദിവ്യാത്മാവ് ഹദ്റത്ത് ഈസാ മസീഹി(അ)നെ ക്രൂശീകര ണത്തിനായി ഒറ്റിക്കൊടുത്ത ജൂദാസ് ഇസ്കരിയാത്തയുടെ ഒറ്റുപണം ഉപയോഗിച്ച് വാങ്ങിയ ഒരു ശപ്തനിലത്തിന്റെ വിവരണ മുണ്ട്. പശ്ചാത്താപ വിവശനായ ജൂദാസ് പാപബോധത്താൽ തനിക്ക് കിട്ടിയ മുപ്പത് വെള്ളിക്കാശ് ജെറുസലേം ദേവാലയത്തിൽ വലിച്ചെറിഞ്ഞു. ഒടുവിൽ ജൂദാസ് ഒരു മരത്തിൽ തൂങ്ങി ജീവിതം അവസാനിപ്പിച്ചതായി ബൈബിളിൽ കാണാം. ദേവാലയ ഭണ്ഡാരത്തിൽ സ്വീകരിക്കാത്ത ജൂദാസിന്റെ ഒറ്റുപണം കൊണ്ട് ജൂതറബ്ബിമാർ പരദേശികളുടെ മൃതദേഹം സം സ്ക്കരിക്കുന്ന ഒരു ശ്മശാനം വാങ്ങി. രക്തനിലം എന്നർത്ഥമു ള്ള ആ ഭൂമി അക്കൽദാമ എന്നാണ് അറിയപ്പെടുന്നത്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ന്റെ ശിഷ്യരായ നിരപരാധികളും നിഷ്ക്കളങ്കരു മായ രണ്ട് ദിവ്യാത്മക്കളെ ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫിനെയും സാഹിബ് സാദാ അബ്ദുർറഹ്മാൻ സാഹിബിനെയും അഫ്ഘാൻ ഭൂമിയിൽ ജിഹാദിന്റെ കലിബാധിച്ച ഭരണാധികാരികളും മതപൗരോഹിത്യവും ജനങ്ങളും ചേർന്ന് നിഷ്ക്കരുണം വധിച്ചുകള ഞ്ഞു. 1901 സപ്തംമ്പർ 10ന് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബിനെ അഫ്ഘാൻ അമീറും ഖാസിയും അഫ്ഘാൻ പൗരസമൂ ഹം ചുറ്റും നോക്കിനിൽക്കെ അരയോളം മണ്ണിൽ കുഴിച്ചിട്ട് കിടിലം കൊള്ളിക്കുന്ന ക്രൂരതയോ ടെ കല്ലെറിഞ്ഞു കൊല്ലുകയായി രുന്നു. യഹൂദ റബ്ബിമാർ ഈസാ മസീഹി(അ)നോട് ചെയ്ത ക്രൂരത കളെ അനുസ്മരിപ്പിക്കുന്നതായിരു ന്നു ആ സംഭവങ്ങൾ. ഈ വിവരം അറിഞ്ഞ വാഗ്ദത്ത മസീഹിന്റെ ഹൃദയം അങ്ങേയറ്റം ദുഖ സാന്ദ്രമാ യി. അവിടുത്തെ ജ്ഞാനദൃഷ്ടി യിൽ അഫ്ഘാനിസ്ഥാന്റെ ഇരുളട


ഞ്ഞ ഭാവി തെളിഞ്ഞു വന്നു. ആ അധരങ്ങളിൽ നിന്ന് ഹൃദയം നുറുങ്ങിയ വേദനയുടെ വചസ്സുകൾ ഇങ്ങനെ ഉദീരണം ചെയ്യപ്പെട്ടു.

**'ഹാ കഷ്ടം അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്. ഒരു പരമ നിരപരാധിയായ ഒരാളെ അസാധാരണമായ നിർഭയത്വത്തോടെ കൊന്നു കൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായിരിക്കുകയാണ്! ഓ കാബൂൾ ഭൂവേ, നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടും പാതകം നടത്തപ്പെട്ടത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ ദൈവ ദൃഷ്ടിയിൽ നീ തരം താണു പോയിരിക്കുന്നു. ഈ മഹാ പാതകത്തിന്റെ ക്രിയാ വേദി നിന്റെ നിലമാണല്ലോ (റൂഹാനി ഖസായിൻ, തദ്കിറത്തു ശ്ശഹാദത്തൈൻ. വോ. 20 പേജ് 74)**

അതിന് ശേഷം നൂറു വർഷമായി അഫ്ഘാനിസ്ഥാനിൽ ചോരയും കണ്ണീരും ഒഴുകാത്ത നേരമുണ്ടായിട്ടില്ല. രാജഹത്യകൾ, മഹാമാരികൾ, അധിനിവേശങ്ങൾ, കൂട്ടകൊലകൾ പ്രകൃതികോപങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ലഹരിക്കടത്ത് ദൈവശാപത്തിന്റെ കിരാത പർവ്വങ്ങൾ അഫ്ഘാൻ മണ്ണിൽ നിലക്കാത്ത തുടർക്കഥകളായി മാറുന്നു. യേശു(അ)വിനെ ക്രൂശിക്കാൻ ഒറ്റിക്കൊടുത്ത ജൂദാസിന്ന് മനസ്താപമുണ്ടായി. പശ്ചാത്താപ വിവശാനായ ആ മനുഷ്യൻ ജീവനൊടുക്കിയതായി ബൈബിൾ പറയുന്നു. എന്നാൽ മലാഖയെപ്പോലെ നിഷ്ക്കളങ്കനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന്റെ ശിഷ്യരായ രണ്ട് ദിവ്യാത്മാക്കളെ അഫ്ഘാനിസ്ഥാനിൽ വെച്ച് നിഷ്ഠൂരമായി വധിക്കപ്പെട്ടു. നൂറ് വർഷം കഴിഞ്ഞിട്ടും ഈ ജനതയുടെ ജിഹാദീ നൃശംസതക്ക് ശമനം വന്നിട്ടില്ല. ദൈവദൃഷ്ടിയിൽ ശപ്തമായ ഈ നാട് ഇന്നും അക്കൽദാമയെപ്പോലെ ഒരു രക്തനിലമായി തുടരുന്നു!!!

**അനുസ്മരണം**

# സി. പി മുഹമ്മദ് സാഹിബ്, മാത്തോട്ടം



അലനല്ലൂർ സ്വദേശിയും മാത്തോട്ടം ജമാഅത്ത് അംഗവുമായ സി പി മുഹമ്മദ് സാഹിബ് (80) 2021 മെയ് 8-ാം തിയ്യതി വെള്ളിയാഴ്ച്ച പുലർച്ചെ 3 മണിക്ക് നിര്യാതനായി. ഇന്നാലില്ലാഹി .......

സി പി കുഞ്ഞാപ്പ മൗലവി സാഹിബിന്റേയും കുഞ്ഞായിശാ സാഹിബയുടെയും മകനായി 1941 ൽ ജനിച്ചു. പിതാവിന്റെ ബൈഅത്ത് കഴിഞ്ഞ് ഏതാനും വർഷത്തിന്ന് ശേഷം 1956 ലാണ് മുഹമ്മദ് സാഹിബ് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. കുറച്ച് കാലം മുഅല്ലിമായി ജമാഅത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദീനി കാര്യങ്ങളിലും തഹജ്ജുദ്, ഖുർആൻ പരായണം മുതലായവയിലും വളരെയധികം നിഷ്ക്കർശത പുലർത്തിയിരുന്നു. അല്ലാഹു പരേതനു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ:** ഖൗലത്ത് സാഹിബ, **മക്കൾ:** മുനീറാബി, സുഹറാബി, ബുശറാബി, ഹാജറാബി, നാസിറാബി, താഹിറാബി താഹിർ അഹ്മദ്, മഹ്മൂദ് അഹ്മദ് മുബാറക്കാബി.

***സി. പി സിദ്ധീക്ക് അലനല്ലൂർ***

# ഇടപ്പകത്ത് ഉമർ ഫാറൂഖ് സാഹിബ്, മാത്തോട്ടം



കണ്ണൂരിലെ എം സി ഹമീദ് സാഹിബിന്റെയും ഇടപ്പകത്ത് ഖദീജാബി സാഹിബയുടെയും മകനും മാത്തോട്ടം ജമാഅത്തംഗവുമായിരുന്ന ഇ. ഉമർ ഫാറൂഖ് സാഹിബ് (70) 2021 മെയ് 30-ാം തിയ്യതി തിങ്കളാഴ്ച്ച സ്വവസതിയിൽ നിര്യാതനായി. ഇന്നാലില്ലാഹി..... ഏറെക്കാലം വിദേശത്തായിരുന്നു. സംസാരത്തിൽ എപ്പോഴും സൗമ്യഭാവവും സ്നേഹവും പ്രകടിപ്പിക്കാറുണ്ടായിരുന്ന അദ്ദേഹം കുറച്ചു കാലമായി ചികിത്സയിലായിരുന്നു. അല്ലാഹു പരേതനു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ:** കൊടിയത്തൂർ മർഹൂം എം. എം അബൂബക്കർ സാഹിബിന്റെ മകൾ സാദിക്ക സാഹിബ **മക്കൾ:** ശഫീന, ശബീർ, **മരുമക്കൾ:** മുസഫർ അഹ്മദ്, നസീബ

***-മുസഫർ അഹ്മദ്, കോഴിക്കോട്***

# കൊഴിഞ്ഞുപോയ മാത്തോട്ടത്തിലെ സ്നേഹ സൂനങ്ങൾ



ബി. എം. ഷൗക്കത്ത് സാഹിബ്



ബി. എം. ആദം മാലിക് സാഹിബ

**ബി. മൻസൂർ അഹ്മദ്**
**മാത്തോട്ടം**

കോഴിക്കോട് മാത്തോട്ടം ജമാഅത്തിലെ അംഗങ്ങളായ ബി. എം. ഷൗക്കത്ത് സാഹിബ് (48) അദ്ദേഹത്തിന്റെ സഹോദരനായ ബി. എം. ആദം മാലിക് സാഹിബ് (52) എന്നിവർ 6-5-2021 ന് ഏതാനും മണിക്കൂറുകളുറ്റെ വ്യത്യാസത്തിൽ നിര്യാതരായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

പക്വതയാർന്ന യൗവനത്തിന്റെ സേവനനിരതമായ കർമ്മപഥങ്ങൾ താണ്ടുമ്പോൾ പൊടുന്നനെ വേർപിരിയുന്ന സഹചരരുടെ വേർപാട് ഒരു തീരാനൊമ്പരമാണ്. മനുഷ്യന്റെ നിസ്സഹായാവസ്ഥയെ വെളിപ്പെടുത്തുന്ന ആതുരമായ ഒരു കാലഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ നമുക്കുണ്ടായ മഹാനഷ്ടങ്ങളാണ് ഈ രണ്ട് സഹോദരന്മാരുടെ വേർപാട്. ഷൗക്കത്ത് സാഹിബും, ആദം മാലിക് സാഹിബും മാത്തോട്ടം അഹ്മദിയ്യാ ജമാഅത്തിലെ നിസ്വാർത്ഥ സേവകർ ആയിരുന്നു. ബി.എം.അഹ്മദ് കോയ സാഹിബിന്റെയും നാലകത്ത് ആയിഷ സാഹിബയുടെയും മക്കളാണ് ഇവർ.

മാത്തോട്ടം ജമാഅത്തിൽ സക്രിയമായ സംഘാടനത്തിന്റെയും നന്മ നിറഞ്ഞ കർമ്മ സുകൃതങ്ങളുടെയും ആൾരൂപമായിരുന്നു ഷൗക്കത്ത് സാഹിബ്. വ്യക്തിപരവും കുടുംബപരവും മതപരവും സാമൂഹികവുമായ എല്ലാ മേഖലകളിലും അദ്ദേഹത്തിന്റെ മഹൽസാന്നിദ്ധ്യം നിറഞ്ഞുനിന്നു. ഒന്നിനൊന്നു മെച്ചപ്പെട്ട സ്വഭാവസവിശേഷതകൾ ഷൗക്കത്ത് സാഹിബിനുണ്ട്. തൊഴിൽപരമായി ഒരു അക്കൗണ്ടന്റ് ആയ അദ്ദേഹം എല്ലാ കാര്യങ്ങളിലും വളരെ അടുക്കും ചിട്ടയും നിലനിർത്തിയിരുന്നു. പല ജീവകാരുണ്യ വൈജ്ഞാനിക പ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകുകയും സംഘടിപ്പിക്കുകയും ചെയ്തു. മാത്തോട്ടം ജമാഅത്തിന് പല വർഷങ്ങളിലും പുരസ്ക്കാരങ്ങൾ ലഭ്യമാക്കി അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയ ഭൂപടത്തിൽ മാത്തോട്ടം ജമാത്തിനെ അടാളപ്പെടുത്തുന്നതിൽ ഷൗക്കത്ത് സാഹിബ് മുഖ്യ പങ്കാണ് വഹിച്ചത്.

ദീനിനെ ദുനിയാവിനെക്കാൾ മഹത്തരം ആക്കിത്തീർക്കുക എന്ന പ്രതിജ്ഞ അന്വർത്ഥമാക്കുന്ന രീതിയിലുള്ള ജീവിതമായിരുന്നു ഷൗക്കത്ത് സാഹിബ് നയിച്ചു പോന്നത്. ദൈവവിശ്വാസത്തിലുള്ള അദ്ദേഹത്തിന്റെ ആത്മ സമർപ്പണം മാതൃകാപരമായിരുന്നു. പലപ്പോഴും അദ്ദേഹം തന്റെ മകനോടൊപ്പം ആണ് പള്ളിയിൽ വരാറ്. പ്രഭാതം വിരിയുമ്പോൾ സുബ്ഹി നമസ്കാരത്തിനെത്തുന്ന അദ്ദേഹം നാലു കിലോമീറ്ററോളം സുഹൃത്തുക്കളോടൊന്നിച്ച് നടന്നു തന്നെയാണ് മടങ്ങാറ് നമസ്കാരത്തിൽ അദ്ദേഹം നിലനിർത്തിയ കൃത്യത അനുകരണീയ മാതൃകയാണ്. ജമാഅത്ത് പരമായ എല്ലാ ഡാറ്റയും സ്ഥിതി വിവരക്കണക്കുകളും രേഖപ്പെടുത്തി വെക്കുകയും അത് മനപ്പാഠവുമായിരുന്നു അദ്ദേഹത്തിന്. 'ലോകമേ തറവാട്' എന്നത് അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയിൽ നിഴലിച്ചിരുന്നു.

ഷൗക്കത്ത് സാഹിബ് അഹ്മദിയ്യത്ത് ഒരു വികാരമായി കൊണ്ടു നടക്കുകയും അതിന്റെ പ്രചാരണ പ്രവർത്തനത്തിന് വേണ്ടി മെയ്യും മനസ്സും അർപ്പിച്ചു പ്രയത്നിച്ചു കൊണ്ടിരിക്കുകയും ചെയ്തിരുന്നു. ജമാഅത്തിന്റെ വിവിധ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചു. അവയൊക്കെയും അദ്ദേഹം സത്യസന്ധമായും ആത്മാർഥമായും കൈകാര്യം ചെയ്തു. മാത്തോട്ടം ജമാഅത്തിന്റെ സ്ഥാപനത്തിലും ഉയർച്ചയിലും അദ്ദേഹം ഒഴിവാക്കാനാവാത്ത ഘടകമായിരുന്നു. 2008 ലാണ് മാത്തോട്ടം അഹ്മദിയ്യാ ജമാഅത്ത് രൂപീകരിച്ചത്. അതിനും എത്രയോ മുമ്പ് തന്നെ കേന്ദ്ര നിർദ്ദേശപ്രകാരം മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യ രൂപീകരിച്ചിരുന്നു. അന്ന് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദായി നിശ്ചയിക്കപ്പെട്ടത് ഷൗക്കത്ത് സാഹിബ് ആയിരുന്നു. വളരെ വിജയപ്രദമായി ഖുദ്ദാമുൽ അഹ്മദിയ്യായെ നയിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അന്നുതൊട്ട് മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യ മത്സര രംഗങ്ങളിൽ സമ്മാനാർഹമായി തുടങ്ങി. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ വിജയം ആണ് പിന്നീട്

മാത്തോട്ടം അഹ്മദിയ്യാ ജമാഅത്തിന്റെ രൂപീകരണത്തിന് വഴിതെളിയിച്ചത്. യഥാർത്ഥത്തിൽ മാത്തോട്ടം ജമാഅത്ത് അഖിലേന്ത്യാ തലത്തിൽ ശ്രദ്ധിക്കപ്പെട്ടതിൽ വലിയ പങ്ക് ഷൗക്കത്ത് സാഹിബിന്റെ നിസ്വാർഥ സേവനത്തിന്റെ നിദാനമാണ്. മാത്തോട്ടം ജമാഅത്തിന്റെ അഗ്രഗാമി ആയിരുന്നു അദ്ദേഹം.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുമായും അദ്ദേഹം സൗഹൃദം നിലനിർത്തി. ഒരുപാട് സുഹൃത്തുക്കൾ ഷൗക്കത്ത് സാഹിബിന്നുണ്ടായിരുന്നു. ആ ബന്ധങ്ങൾക്ക് ഒരു ഉലച്ചിലും തട്ടാതെ നിലനിർത്താൻ അദ്ദേഹം തന്റെ ഹൃദയകവാടം എന്നും തുറന്നിട്ടു. സുഹൃത്തുക്കൾക്ക് വല്ല ആവശ്യവും അത്യാഹിതവും നേരിടുമ്പോൾ അവസരോചിതമായി അദ്ദേഹം ഇടപെടുകയും അവരുടെ വിഷമാവസ്ഥ പരിഹരിക്കുന്നതിൽ തന്റെ ഇടപെടലുകൾ ഉറപ്പാക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ മരണാസന്നനായി കിടക്കുമ്പോഴും ദൂരെ നിന്നെങ്കിലും ഒരു നോക്കുകാണാൻ അഹ്മദികളല്ലാത്ത പല സുഹൃത്തുക്കളും വന്നിരുന്നു. കോവിഡ് എന്ന മഹാമാരിയുടെ പ്രോട്ടോക്കോൾ ഭയന്നു അടുത്തുള്ളവർ അകന്നു നിന്നപ്പോഴും അതൊക്കെ അവഗണിച്ച് അദ്ദേഹത്തെ കാണാൻ എത്തിയ സുഹൃത്തുക്കളുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. അവരുടെ വിങ്ങുന്ന ഹൃദയത്തിൽ നിന്നും ഉയർന്നുവന്ന ഓരോ നെടുവീർപ്പും പ്രാർത്ഥനയ്ക്ക് സമാനമായി പരിണമിച്ചിരിക്കും. അതുതന്നെയാണ് അദ്ദേഹത്തിന്റെ മഹത്വത്തിന് നൽകാനായ ഏറ്റവും വലിയ ആദരവും.

ജീവിതത്തിലും മരണത്തിലും ഒപ്പമായിരുന്നു എന്നാണ് ജ്യേഷ്ഠനായ ആദം മാലിക് സാഹിബിന്റെ വിയോഗവും അനുസ്മരിപ്പിക്കുന്നത്. അനുജന്റെ മരണത്തിന്ന് ഏതാനും മണിക്കൂറുകൾ കഴിഞ്ഞാണ് ആദം മാലിക്ക് സാഹിബും ദിവംഗതനായത്. ഇന്ത്യാ ഗവർമെന്റിന്റെ കോർപറേറ്റ് അഫേർസിന്റെ കീഴിലുള്ള പ്രൊഫഷണൽ അക്കൗണ്ടൻസി ബോഡിയിൽ നിന്നും The Institute of Cost Accountants of India (ICAI) സി എ ക്ക് തുല്യമായ ICAI ബിരുദം നേടിയ പ്രതിഭാധനനായ ഒരു പ്രൊഫഷനൽ അക്കൗണ്ടന്റായിരുന്നു ആദം മാലിക്ക്. ജമാഅത്തിൽ പലരുടെയും ബിസിനസ് ഉപദേശകനുമായിരുന്നു. ആരുടേയും ഹൃദയം കവരുന്ന നിഷ്കളങ്കത യോടെയും സ്നേഹത്തോടെയും മാത്രം ഇടപെട്ടിരുന്ന ആദം മാലിക് ഭൗതിക ജ്ഞാനവും ആത്മീയ ജ്ഞാനവും ഒരുപോലെ കരഗതമാക്കാൻ ശ്രമിച്ച വ്യക്തിത്വമായിരുന്നു. കയ്യഴിഞ്ഞു സദക്ക നൽകുന്നതിൽ അദ്ദേഹം എന്നും മുൻപന്തിയിൽ തന്നെയാണ്. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള സ്നേഹത്തിന്റെ വൈകാരികതയെ പറഞ്ഞറിയിക്കാൻ സാധ്യമല്ല. യാദൃശ്ചികമോ അനുപൂരകമോ എന്നറിയില്ല അവർ രണ്ടുപേരും ഒരേ ദിവസം തന്നെ അല്ലാഹുവിലേക്ക് സമർപ്പിതരായി. സാംക്രമിക രോഗത്താൽ മരണമടയുന്ന ഒരു സത്യവിശ്വാസിയെ ശഹീദിന്റെ ഗണത്തിലാണ് റസൂൽ തിരുമേനി (സ) ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവർ രണ്ടുപേരും ഏതവസരത്തിലും ഏത് രോഗികളോടും സ്വീകരിച്ച സഹതാപാർദ്രവും ജീവകാരുണ്യപരവുമായ സമീപനം ഇവിടെ എടുത്തു പറയേണ്ടതാണ്. അതുകൊണ്ടു തന്നെ രണ്ടുപേരുടെയും മരണം ശുഹദാക്കളുടെ നിലയിലുള്ള മരണം ആവട്ടെ എന്നാണ് പ്രാർത്ഥന. അല്ലാഹു ഇരുവർക്കും ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ആദം മാലിക് സാഹിബിന്റെ **ഭാര്യ** സി കെ റംല. **മക്കൾ** ത്വാഹിർ അഹ്മദ്, ഫസൽ അഹ്മദ്, തൻവീർ അഹ്മദ്, നാസിർ അഹ്മദ് .

ഷൗക്കത്ത് സാഹിബിന്റെ **ഭാര്യ** ഷഫീന **മകൻ** ഷാഹിൻ അഹ്മദ്.

**അനുസ്മരണം**

# ടി.കെ ഫാത്തിമക്കുട്ടി സാഹിബ

പത്തപ്പിരിയം ജമാഅത്തിലെ ആദ്യകാല അഹ്മദിയായിരുന്ന മർഹൂം സി കെ അബൂബക്കർ സാഹിബിന്റെ ഭാര്യ ടി കെ ഫാത്തിമ കുട്ടി സാഹിബ (81) മെയ് 8ന് വഫാത്തായി. ഇന്നാലില്ലാഹി..... 1965ലാണ് അവർ ബൈഅത്ത് ചെയ്തത്. എടവണ്ണയിലെ പ്രമുഖ കുടുംബത്തിൽ നിന്നും ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച ഏക ധീര വനിതയായിരുന്നു അവർ. അത് കൊണ്ട് തന്നെ പ്രാരംഭ കാലത്ത് നിരവധി പരീക്ഷണങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അവർ അതിഥി സൽക്കാര പ്രിയയായിരുന്നു. ഒരു കാലത്ത് പത്തപ്പിരിയം ജമാഅത്തിന്റെ ലംഘർ ഖാനയായിരുന്നു അവരുടെ വീട്. മിയാൻ സാഹിബ് മുതൽ പ്രമുഖരായ പലരും അവരുടെ വീട്ടിൽ അതിഥിയായെത്തി. പാവങ്ങളോട് വളരെ കരുണയോടെ വർത്തിച്ചിരുന്ന അവർ നമസ്ക്കാരത്തിൽ കൃത്യനിഷ്ഠ പുലർത്തുകയും ജീവിതാവസാനം വരെ തഹജ്ജുദ് നമസ്ക്കാരം തുടരുകയും ചെയ്തിരുന്നു. അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**മക്കൾ**: ആയിശാബി, സുബൈദ, ജമീല, സാബിറ, നാസിർ അഹ്മദ്, നസീമ, സീനത്ത്, അൻവർ സാദത്ത് **മരുമക്കൾ**: പരേതനായ ഇമ്പിച്ചികോയട്ടി കോഴിക്കോട്, സി. എച്ച്. അബ്ദുശ്ശക്കൂർ പഴയങ്ങാടി, എം. അബ്ദുൾ ബഷീർ അലനല്ലൂർ, ഓ. കെ സൈദ് മുഹമ്മദ് കരുളായി, ഐ. കെ മുബാറക് കോഴിക്കോട്, ഷമീറ കോഴിക്കോട്, ഷമീമ പള്ളിപ്പുറം.

***പി അബ്ദുൽ അമീർ, പത്തപിരിയം***

# മൗലവി കെ. റിയാസ് സാഹിബ്



എസ് വി ശബീൽ അഹ്മദ്
ശാഹിദ്

കരുളായി സ്വദേശിയും ചുങ്കത്തറ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ മുഅല്ലിമായി സേവനമനുഷ്ഠിക്കുകയുമായിരുന്ന മൗലവി കെ. റിയാസ് അഹ്മദ് സാഹിബ് (43) ജൂൺ 3-ാം തിയ്യതി തന്റെ നാഥനിലേക്ക് യാത്രയായി. ഇന്നാലില്ലാഹി...

മർഹൂം അബ്ദുർറഹ്മാൻ സാഹിബിന്റേയും നഫീസാ സാഹിബയുടെയും മകനായിരുന്നു. 1993 അദ്ദേഹം മെട്രിക്ക് പാസ്സാകുകയും ജീവിതം അഹ്മദിയ്യത്തിന്റെ സേവനത്തിന്ന് വേണ്ടി സമർപ്പിച്ച് മതപഠനത്തിനായി ജാമിഅയിലേക്ക് പുറപ്പെടുകയും ചെയ്തു. അവിടെ ജാമിയത്തുൽ മുബശ്ശിറീനിൽ നിന്ന് രണ്ട് വർഷ കോഴ്സ് പൂർത്തിയാക്കി മുഅല്ലിം ബിരുദം കരസ്ഥമാക്കി സേവന രംഗത്തേക്ക് പ്രവേശിക്കുകയും ചെയ്തു. മൗലവി മുഹമ്മദ് സലീം സാഹിബ് അദ്ദേഹത്തിന്റെ സഹപാഠി ആയിരുന്നു,. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി ഇരുവരേയും ആന്ധ്രാപ്രദേശിലാണ് നിയമിച്ചത്. മൗലവി കെ. റിയാസ് അഹ്മദ് സാഹിബ് മഹ്ബൂബ് നഗർ ജില്ലാ ഗാർല പഹാഡിലായിരുന്നു. പിന്നീട് വെസ്റ്റ് ഗോദാവരി ജില്ലയിലെ തിമ്മക്കപ്പാലം, കുർല മണ്ടതെട്ലം, കൊവ്വൂർപാട് എന്നിവിടങ്ങളിലും അതിന് ശേഷം ഈസ്റ്റ് ഗോദാവരി ജില്ലയിലെ കോട്ടവൂരട്ല, വംഗലപുടി, എന്നീ ജമാഅത്തുകളിലും പ്രവർത്തിച്ചു. ഈസ്റ്റ് ഗോദാവരി ജില്ലയിലെ ഇർചാർജ് മുബല്ലിഗായി പ്രവർത്തിക്കാനുള്ള സൗഭാഗ്യവും മൗലവി സാഹിബിന് ലഭിക്കുകയുണ്ടായി. വംഗപുടി ജമാഅത്തിൽ പലതവണയായി പത്ത് വർഷത്തോളം സേവനം ചെയ്ത് ആ ജമാഅത്ത് ഒരു മാതൃകാ ജമാഅത്തായി അദ്ദേഹം പരിവർത്തിപ്പിച്ചു.

നവ അഹ്മദികൾക്ക് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്ന വിധത്തിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മൽഫൂസാത്തും കേരളത്തിൽ നിന്നും ഖലീഫമാരുടെ ഖുത്ബകളും തെലുങ്കിലേക്ക് വിവർത്തനം ചെയ്ത് കൃത്യമായി കേൾപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി അവിടുത്തെ ജമാഅത്തുകളുടെ ശിക്ഷണ നിലവാരം ഉയരുകയും തെലുങ്കിൽ അദ്ദേഹത്തിന് നല്ല പ്രാവീണ്യം സിദ്ധിക്കുകയും ചെയ്തിരുന്നു. നവഅഹ്മദികളുടെ തൊഴിൽ, വിവാഹം മുതലായ പ്രശ്നങ്ങളിൽ ശ്രദ്ധയോടെ ഇടപെട്ടുകൊണ്ട് അദ്ദേഹം അവരെ സഹായിക്കുകയും മാർഗ്ഗ നിർദ്ദേശം ചെയ്യുകയും ചെയ്തു. നവ അഹ്മദികളുമായി കേരളത്തിലെത്തിയതിന് ശേഷവും ബന്ധം നിലനിർത്തിയിരുന്ന അദ്ദേഹം മറ്റുള്ളവരുടെ സുഖത്തിലും ദുഖത്തിലും പങ്കുകൊണ്ടു. തെലുങ്ക് ഭാഷയിലുള്ള മൗലവി സാഹിബിന്റെ പ്രസംഗം അവിടുത്തുകാരെ വല്ലാതെ സ്വധീനിച്ചിരുന്നു. അതുപോലെ മൗലവി സാഹിബിന്റെ ബാങ്ക് വിളിയും തിലാവത്തും കേൾക്കാൻ ഹിന്ദു സഹോദരങ്ങൾ പോലും കാതോർത്തിരിക്കുമായിരുന്നു. 2013 ൽ കേരളത്തിലേക്ക് സ്ഥലം മാറ്റം കിട്ടിയതിന് ശേഷവും മൗലവി സാഹിബ് മരണംവരെ ആന്ധ്രയിലെ അഹ്മദികളുടെ ശിക്ഷണ കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിരുന്നു.

അവിടെയുള്ള അഹ്മദികൾ തങ്ങളുടെ വിഷമങ്ങളും പ്രയാസങ്ങളും മൗലവി സാഹിബിനെ അറിയിക്കുകയും ദുആക്ക് അപേക്ഷിക്കുകയും ഈ അവസരത്തിൽ എന്ത് ദുആ ആണ് ഞങ്ങൾ ചെയ്യേണ്ടത് എന്ന് ചോദിക്കുകയും ചെയ്യുമായിരുന്നു. അവരോട് ഇന്ന ദുആ ചെയ്യുക എല്ലാ പ്രയാസങ്ങളും അല്ലാഹു അകറ്റിത്തരും എന്ന് പറഞ്ഞുകൊണ്ട് അവരെ സമാശ്വസിപ്പിക്കൽ പതിവായിരുന്നു. അത് പോലെ അവർക്ക് എന്തെങ്കിലും അസുഖമുണ്ടായാൽ അതിനുള്ള ഹോമിയോ മരുന്നുകളും മറ്റും പറഞ്ഞു കൊടുക്കുമായിരുന്നു. ചുരുക്കത്തിൽ ആന്ധ്രാപ്രദേശിൽ എവിടെയൊക്കെയോ സേവനം ചെയ്തിട്ടുണ്ടോ അവിടുത്തെ അഹ്മദികളുടെ ഹൃദയത്തിൽ ജീവിക്കുന്ന ഒരാളായി അദ്ദേഹം മാറുകയാണുണ്ടായത്.

2013 ൽ ആണ് മൗലവി സാഹിബ് കരുളായി ജമാഅത്തിലേക്ക് ആദ്യമായി ട്രാൻസ്ഫർ ആയി വന്നത്. അതിന് ശേഷം മഞ്ചേരിയിലും ചുങ്കത്തറയിലും മുഅല്ലിമായി സേവനമനുഷ്ഠിക്കുകയും ചെയ്തു. എല്ലായ്പ്പോഴും തബ്ലീഗ് തർബിയ്യത്ത് തഅലീം കാര്യങ്ങളിൽ മുഴുകിയിരിക്കുന്നതായി കാണാമായിരുന്നു. കൊറോണ കാരണം പള്ളികൾ അടഞ്ഞു കിടന്ന സന്ദർഭത്തിൽ തന്നെ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ നിർദ്ദേശം പാലിച്ചുകൊണ്ട് തന്റെ വീട്ടിൽ ഭാര്യാമക്കളെയും അടുത്ത ബന്ധുക്കളെയും ഒരുമിച്ചു കൂട്ടി കൃത്യമായി ജുമാനമസ്ക്കാരവും ഫർള് നമസ്ക്കാരവും നിർവ്വഹിച്ചു പോന്നു. ഖിലാഫത്തുമായി ബന്ധപ്പെട്ടു ജീവിക്കാൻ മക്കളെ എപ്പോഴും ഉപദേശിച്ചുകൊണ്ടിരുന്നു.

കരുളായി മദ്രസയിൽ കുട്ടികൾ അധികമുള്ളതിനാൽ മൗലവി സാഹിബ് കുട്ടികളെ സ്വയം തന്നെ പഠിപ്പിക്കാൻ സന്നദ്ധ പ്രകടിപ്പിക്കുകയും ഈ വിനീതനെ എല്ലായ്പ്പോഴും സഹായിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഈ അടുത്ത കാലത്ത് കരുളായി ജമാഅത്തിന്റെ കീഴിൽ നിലമ്പൂരിൽ പ്രവർത്തനമാരംഭിച്ച നമസ്ക്കാര സെന്ററിൽ മൗലവി സാഹിബ് ജില്ലാ അമീർ സാഹിബിന്റെ അനുവാദത്തോടെ കൂടി കൃത്യമായി ദർസ് നടത്തുകയും അവിടെയുള്ള കുട്ടികൾക്ക് ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നൽകുകയും ചെയ്തു പോന്നു. മലപ്പുറം ജില്ലയിലെ മൗലവിമാർക്ക് ഒത്തുകൂടി എല്ലാ മാസവും സംഘടിപ്പിച്ചിരുന്ന തബ്‌ലീഗ് പരിപാടിയിൽ മൗലവി സാഹിബ് വളരെ ആവേശത്തോടെ പങ്കെടുക്കുകയും അഹ്മദിയ്യത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുകയും ചെയ്യുമായിരുന്നു. 2018 ൽ പരിശുദ്ധ കഅബാലയത്തിൽ പോയി ഉംറ ചെയ്യുവാനുള്ള സൗഭാഗ്യവും അല്ലാഹു മൗലവി സാഹിബിനു നൽകി. സൗമ്യസ്വഭാവിയും മിതഭാഷിയുമായിരുന്ന മൗലവി സാഹിബ് ആരെയും കാണിക്കാൻ വേണ്ടിയായിരുന്നില്ല എല്ലാം ചെയ്തിരുന്നത്. ഒരു അനുഗ്രഹീത വ്യക്തിത്വത്തിന്നുടമയായിരുന്നു അദ്ദേഹം.

അല്ലാഹു അദ്ദേഹത്തിന് മർഹമത്തും മഗ്ഫിറത്തും പ്രദാനം ചെയ്യുമാറാകട്ടെ. കുടുംബാംഗങ്ങൾക്ക് അല്ലാഹു ഏറ്റവും മനോഹരമായ ക്ഷമയും സഹനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

**ഭാര്യ:** കൊടുങ്ങല്ലൂർ ജമാഅത്തിലെ ബീരാൻ സാഹിബിന്റെ മകൾ സറീന. **മക്കൾ:** റിസ്‌വാന, ഇർശാദ് അഹ്മദ്, മസ്റൂർ അഹ്മദ് **മരുമകൻ:** വാണിയമ്പലം ജമാഅത്തിലെ സി കെ ഹാസിൽ അഹ്മദ് **സഹോദരങ്ങൾ:** ജമീൽ, താഹ, താജുദ്ദീൻ, സകീന, ജുമൈലത്ത്, സീനത്ത്, അലീമ.

അനുസ്മരണം

## ഹഫ്സാ ബീവി സാഹിബ

കാക്കനാട് ജമാഅത്ത് മുൻ പ്രസിഡന്റ് മുഹമ്മദ് കരീം സാഹിബിന്റെ ഭാര്യ ഹഫ്സാ ബീവി സാഹിബ (65) മെയ് 18ന് വഫാത്തായി. ഇന്നാലില്ലാഹി....... എറണാകുളത്തെ ആദ്യത്തെ അഹ്മദിയും പ്രഗത്ഭ അറബി പണ്ഡിതനുമായിരുന്ന മർഹൂം അശ്റഫ് മൗലവിയുടെയും ആമിന സാഹിബയുടെയും മകളാണ്. ഏഴു സഹോദരന്മാരും ഒരു സഹോദരിയുമുണ്ട്. എറണാകുളം കാക്കനാട് ജമാഅത്ത് രൂപീകരിച്ചപ്പോൾ അതിന്റെ ആദ്യത്തെ സെക്രട്ടറിയായിരുന്നു. തബ്‌ലീഗിലും ദീനി പരിപാടികളിലും അതീവ തത്പരയായിരുന്നു. പരേതക്ക് അല്ലാഹു ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**മക്കൾ:** ബിശാറത്തുന്നിസ (കാക്കനാട് ലജ്ന സദർ), ഹിദായത്തുന്നിസ, വസീം അഹ്മദ് (ദുബായ്). **മരുമക്കൾ:** എ. കെ ഫൈസൽ ആലപ്പുഴ (കാക്കനാട്), യാസർ അറഫാത്ത് (മാത്തോട്ടം), ഡോ. ജസ്ന (കോഴിക്കോട്).

**പേജ് 35 ൽ നിന്ന് തുടർച്ച**

ലനം ചെയ്തു ശബ്ദങ്ങളും ചിത്രങ്ങളും ചലച്ചിത്രങ്ങളുമാക്കി മാറ്റുന്നത്. ടെലിവിഷൻ സ്ക്രീനിലെ പരന്ന പ്രതലത്തിൽ നാം കണ്ണ് കൊണ്ട് കാണുന്ന ചിത്രരൂപങ്ങൾ മാത്രമല്ല മനുഷ്യമനസ്സ് കാണുന്നത്. കണ്ണ് കാണുന്നതിനേക്കാൾ കൂടുതലായി മനസ്സ് കാണുന്നു. അദൃശ്യമായ പല അർത്ഥങ്ങളും ദൃശ്യ രൂപത്തിലേക്ക് മനസ്സ് കൂട്ടി ചേർക്കുന്നു. ആ കാഴ്ച അർത്ഥപൂർണ്ണമായ ഒരു ദൃശ്യമായി ആവിഷ്കരിക്കപ്പെടുന്നതിന് മുമ്പേ തന്നെ മനസ്സാണ് അതിനെ അർത്ഥപൂർണ്ണമാക്കി മാറ്റുന്നത്. (വെളിപാട് യുക്തി ജ്ഞാനം സത്യം)

## എല്ലാ വിഷയത്തിനും എ പ്ലസ്



ആളൂർ ജമാഅത്തിലെ ബി.എം. താജുദ്ദീൻ സാഹിബിന്റെയും സബീന സാഹിബയുടെയും മകൻ ബി.ടി. അമെൻ മെഹ്മൂദ് ഇക്കഴിഞ്ഞ SSLC പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് കരസ്ഥമാക്കി. അമെൻ വഖ്ഫെ നൗ അംഗമാണ്.

അനുസ്മരണം

## ഇ. പി. ആയിശാബി സാഹിബ

കോഴിക്കോട് ജമാഅത്ത് ഫാത്തിമാസിൽ ഇ. പി മൊയ്തീൻ കുട്ടി സാഹിബിന്റെ ഭാര്യ ആയിശാബി സാഹിബ (73) 2021 ജൂൺ 29ന് വഫാത്തായി. ഇന്നാലില്ലാഹി...... പിതാവ് അബ്ദുല്ലാ, മാതാവ് കുറ്റിച്ചിറ വയലിൽ കുഞ്ഞാമിന. 1971 ലാണ് ആയിശാബി സാഹിബ ബയ്അത്ത് ചെയ്തത്. **മക്കൾ:** ഇ. പി അബ്ദുൾ ലത്തീഫ്, ഇ. പി. മസ്ഊദ്, ഇ. പി. റിയാസ്, ഇ. പി സാജിത, ഇ. പി ബുഷ്റ. **മരുമക്കൾ:** എം. പി അബ്ദുർ റസാക്ക് ചേവായൂർ, എം. സമീർ ആലപ്പുഴ. ബരീന, സറീൻ, സഹല. അല്ലാഹു പരേതക്ക് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

Published on 07.08.2021
Pages 44
Vol: 93 Issue. 06-08
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



MTA INTERNATIONAL

*Muslim Television Ahmadiyya International*



MTA INTERNATIONAL
www.mta.tv

YouTube | MTA INTERNATIONAL
www.youtube.com/mtaonline1

www.alislam.org

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim